**JEEVA MOZHIKAL** RNI/KERBIL/-2003/21404
December 2011 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ....

രക്ഷാസൈന്യത്തിന്റെ സ്ഥാപകനായിരുന്ന വില്യംബൂത്തിനെ കാണുവാൻ ഒരു ചെറുപ്പക്കാരനെത്തി. ജോൺ എന്നു സ്വയം പരിചയപ്പെടുത്തിയ ആ ചെറുപ്പക്കാരൻ, താൻ ഒരു ക്രിസ്തീയപ്രസംഗകനാണെന്നും രക്ഷാസൈന്യത്തിൽ ഒരു പ്രസംഗകനായി പ്രവർത്തിച്ചു ദൈവത്തെ സേവിക്കുക എന്ന ഉദ്ദേശ്യത്തോടെയാണു വന്നിരിക്കുന്നതെന്നും അറിയിച്ചു.

വില്യം ബൂത്ത് പ്രാർത്ഥിച്ച് ദൈവഹിതം ആരാഞ്ഞശേഷം ജോണിനോടു പറഞ്ഞു:"പ്രസംഗകനായിട്ടല്ലാതെ മറ്റെന്തെങ്കിലും ജോലി ചെയ്തുകൊണ്ടു താങ്കൾക്കു രക്ഷാസൈന്യത്തിൽ പ്രവർത്തിക്കാം".

ജോൺ ആദ്യം നിരാശപ്പെട്ടെങ്കിലും പിന്നീട് സമ്മതിച്ചു. വില്യംബൂത്ത്, രക്ഷാസൈന്യത്തിന്റെ ഓഫീസിൽ വരുന്നവരുടെ ഷൂ പോളിഷു ചെയ്യാനുള്ള ജോലിയാണു ജോണിനെ ഏൽപ്പിച്ചത്.

ജോൺ അതു സ്വീകരിച്ചു. മുട്ടിന്മേൽ നിന്ന് രണ്ടുവർഷത്തോളം ഷൂ പോളിഷു ചെയ്യുന്ന പ്രവൃത്തി അവൻ സന്തോഷം ചെയ്തു.

രണ്ടു വർഷത്തിനുശേഷം അവിടെ നടന്നുകൊണ്ടിരുന്ന കൺവൻഷനിൽ ഒരു ദിവസം വരേണ്ട അതിഥിപ്രസംഗകൻ വന്നില്ല. വില്യംബൂത്ത് ദൈവനിയോഗം അനുസരിച്ച് ഇങ്ങനെ പറഞ്ഞു:"ഇന്നു ജോൺ കൺവൻഷനിൽ പ്രസംഗിക്കട്ടെ".

ഷൂ താഴെവച്ച് ജോൺ പുൾപിറ്റിലേക്കു നടന്നു. അനുഗൃഹീതമായ നിലയിൽ വചനം ശുശ്രൂഷിച്ചു. പ്രശസ്ത പ്രസംഗകനെന്ന നിലയിൽ ജോൺ പിന്നീടുള്ള നാളുകളിൽ അറിയപ്പെട്ടു.

....'ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ' (1 പത്രൊസ് 5:6)

## ജീവസന്ദേശങ്ങൾ 2012

**കാലപ്പഴക്കത്തിൽ ക്രൈസ്തവലോകത്തിന് കൈമോശം വന്ന ജീവസന്ദേശങ്ങൾ വീണ്ടും കേൾക്കുവാൻ സുവർണ്ണാവസരം.**

**സ്ഥലം** : ടൗൺഹാൾ (എസ്. ബി. കോളജിനു സമീപം) ചങ്ങനാശ്ശേരി
**തീയതി** : 2012 ജനുവരി 7 ശനി, 8 ഞായർ
**സമയം** : വൈകിട്ട് 6 മുതൽ 8 വരെ
**പ്രസംഗകൻ** : ബ്രദർ സാക്പുന്നൻ ബാംഗ്ലൂർ

*ഈ ആത്മീയവിരുന്നിലേക്ക് ഹൃദയംഗമായ സ്വാഗതം!*

കൂടുതൽ വിവരങ്ങൾക്ക്: 09847397369, 09249516234

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 9 – ലക്കം 12 ഡിസംബർ 2011 Rs. 7.00



**സത്യകൃപയുടെ സാധ്യതകൾ**
**ദൈവസാന്നിധ്യപരിശീലനം – ബ്രദർ ലോറൻസ്**
**ബൈബിളിലൂടെ – സാക്പുന്നൻ**
**ഫലവത്തായ ജീവിതം നയിക്കാൻ – സന്തോഷ് പുന്നൻ**

**എഡിറ്റോറിയൽ**

# സത്യകൃപയും വ്യാജകൃപയും



“**നി**ങ്ങളെ പ്രബോധിപ്പിച്ചും നിങ്ങൾ ഈ നിൽക്കുന്നത് ദൈവത്തിന്റെ സത്യകൃപയിൽ ആകുന്നു എന്നു സാക്ഷീകരിച്ചും കൊണ്ട് ഞാൻ നിങ്ങൾക്ക്.... എഴുതിയിരിക്കുന്നു” (1 പത്രോസ് 5:12).

വിലപിടിപ്പുള്ളതിനെല്ലാം വ്യാജ അനുകരണങ്ങൾ ഉണ്ടാകാറുണ്ട്. ആത്മികകാര്യങ്ങളിലും ഇതുതന്നെയാണ് സ്ഥിതി. അപ്പൊസ്തലന്മാരായ പൗലൊസും പത്രോസും ഇവയ്ക്കെതിരെ മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ ഏറ്റവും വലിയത് സ്നേഹമാണല്ലോ. അതുകൊണ്ട് അതിനു വ്യാജ അനുകരണം ഉണ്ടാകാം. ഈ അപകടസാധ്യത കണ്ടുകൊണ്ട് പത്രോസ് പറയുന്നു: ‘സ്നേഹം നിർവ്യാജം ആയിരിക്കട്ടെ’ (റോമർ 12:9).

സ്നേഹംപോലെ തന്നെ കൃപയും വിലപിടിപ്പുള്ള ഒന്നാണ്. കാരണം, അത് യേശു മുഖാന്തരമാണ് വന്നത്. (യോഹ 1:17). ‘സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചു’ എന്നതിൽ സന്തോഷിക്കുന്ന തീത്തൊസ് തുടർന്ന് അത് എത്ര പ്രാധാനമാണെന്നു വരച്ചു കാട്ടുന്നത് ശ്രദ്ധിക്കുക (തീത്തൊ. 2:11 –13).

ഈ കൃപയ്ക്ക് ഒന്നാം നൂറ്റാണ്ടിൽ തന്നെ വ്യാജ അനുകരണം ഉണ്ടായതുകൊണ്ടാണല്ലോ പത്രോസിന് യഥാർത്ഥകൃപയ്ക്ക് ‘സത്യകൃപ’ എന്ന് പ്രത്യേക പേര് നൽകേണ്ടിവന്നത് (1 പത്രോസ് 5:12). ആ കാലഘട്ടത്തിൽ വിശ്വാസഗോളത്തിൽ യഥാർത്ഥകൃപയുടെ വ്യാജഅനുകരണമായ വിലകുറഞ്ഞ കൃപ (Cheap grace) യുടെ തള്ളിക്കയറ്റം വ്യാപകമായപ്പോൾ പൊതുവിലുള്ള രക്ഷയെക്കുറിച്ച് വിശദമായ ലേഖനം എഴുതാൻ എല്ലാ കരുക്കളും ശേഖരിച്ചുകഴിഞ്ഞ ശേഷവും അതു മാറ്റിവച്ച് യൂദായ്ക്ക് ദൈവത്തിന്റെ കൃപയെ ദുഷ്കാമവൃത്തിക്ക് ഹേതുവാകുന്ന ട്രെന്റിനെതിരെ ശക്തമായ മറ്റൊരു ലേഖനം എഴുതേണ്ടിവന്നു (യൂദ.3,4). ഒന്നാം നൂറ്റാണ്ടിൽ തന്നെ വിശ്വാസലോകത്ത് വ്യാജകൃപ അരങ്ങു തകർത്തുവാണിരുന്നെങ്കിൽ ഇരുപതു നൂറ്റാണ്ടു പിന്നിട്ട് വിശ്വാസത്യാഗത്തിന്റെ കാലഘട്ടത്തിൽ എത്തിനിൽക്കുന്ന ഇന്ന് അതിന്റെ സ്വാധീനം എത്ര വലുതയാരിക്കും!

ഈ കാലഘട്ടത്തെ തിരിച്ചറിഞ്ഞ് ഇന്ന് നാം ചെയ്യേണ്ടതെന്താണ്? എബ്രായലേഖനകാരൻ പറയുന്നു: ‘കൃപയാൽത്തന്നെ ഹൃദയം ഉറപ്പിക്കുന്നത് നല്ലത്’ (13:9). യഥാർത്ഥസത്യകൃപയാൽ ഹൃദയം ഉറപ്പിക്കണമെങ്കിൽ വിലകുറഞ്ഞ വ്യാജകൃപയുടെ പ്രത്യേകതകളെപ്പറ്റി നമുക്ക് ബോധ്യമുണ്ടായിരിക്കണം.

അവ എന്തെല്ലാമാണ്? വിലകുറഞ്ഞ കൃപ, യേശുവിന്റെ രക്തത്തെ വിലയേറിയതായി കാണുന്നില്ല. ‘ക്ഷമ’ എന്നതാണ് വ്യാജകൃപയുടെ പ്രിയപ്പെട്ട വാക്ക്. ‘അനുസരണം’ തങ്ങൾക്കുള്ളതല്ലെന്ന് അതു കരുതുന്നു.പഴയ ഉടമ്പടിയിൽ ‘അനുസരണം’, പുതിയ ഉടമ്പടിയിൽ ‘ക്ഷമ’–ഇതാണ് വ്യാജകൃപയുടെ ‘മുദ്രാവാക്യം’ . വാസ്തവത്തിൽ അങ്ങനെയാണോ? അല്ല. പുതിയഉടമ്പടിയിലും ‘അനുസരണം’ അത്യന്താപേക്ഷിതമാണ്. ‘നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും’ ‘എന്റെ കൽപനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു’ (യോഹ. 14:15, 21).അവനെ അറിഞ്ഞിരിക്കുന്നുവെന്നു പറകയും അവന്റെ കൽപനകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളനാകുന്നു. (1 യോഹ. 2:4). അവന്റെ കൽപനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം (1യോഹ. 5:3) തുടങ്ങിയ വചനങ്ങളെല്ലാം ഈ സത്യത്തിന് അടിവരയിടുന്നു. എന്നാൽ പുതിയ ഉടമ്പടിയിൽ അനുസരണം പ്രധാനമല്ല; ദൈവം എല്ലാം ക്ഷമിച്ചുകൊള്ളും എന്ന് വ്യാജകൃപ പ്രഖ്യാപിക്കുമ്പോൾ യേശുവിന്റെ രക്തത്തെ വിലപ്പെട്ടതായി അതു കാണുന്നില്ലെന്നു വ്യക്തം.

എന്നാൽ യഥാർത്ഥകൃപ–പത്രൊസിന്റെ ഭാഷയിൽ സത്യകൃപ –പുതിയ ഉടമ്പടിയിൽ അനുസരണത്തിനുള്ള പ്രാധാന്യത്തെ കുറച്ചുകാണുന്നില്ല. ഈ അനുസരണമാകട്ടെ സ്വന്തശക്തിയിൽ ഊന്നിയുള്ള ഒരു അനുസരണമല്ല. ഇക്കാര്യം സത്യകൃപയെക്കുറിച്ച് പത്രൊസ് പരാമർശിക്കുന്നതിനു തൊട്ടുമുകളിൽ താഴ്മയെക്കുറിച്ചു പറയുന്ന വേദഭാഗങ്ങളിൽ നിന്നു വ്യക്തമാണ് (1 പത്രൊ.5:5–12). താഴ്മയുള്ളവർക്കാണ് ദൈവം കൃപ നൽകുന്നത് (1 പത്രൊ. 5:5). കൽപന അനുസരിക്കാനുള്ള ശ്രമത്തിലാണ് അതിനു സ്വാഭാവികമായി നാം അശക്തരാണെന്നും നമ്മിൽ അതിനെതിരെ പ്രവർത്തിക്കുന്ന ഒരു പ്രമാണമുണ്ടെന്നും കണ്ടെത്തുന്നത്. റോമർ 7–ാം അധ്യായത്തിൽ പൗലോസ് ഇത് ഇങ്ങനെയാണ് വിവരിക്കുന്നത്:‘എന്നിൽ എന്നുവച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു. നന്മ ചെയ്യുവാനുള്ള താൽപര്യം എനിക്കുണ്ട്; പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ. ഇച്ഛിക്കാത്ത തിന്മയത്രെ പ്രവർത്തിക്കുന്നത്. ...ഉള്ളംകൊണ്ട് ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോട് പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു. അത് എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കളയുന്നു’ (18–23).

സ്വാഭാവികമായി, സ്വന്തപ്രയത്നംകൊണ്ട്, കൽപന അനുസരിക്കാൻ കഴിയില്ലെന്നുള്ള കണ്ടെത്തൽ നമ്മെ വലിയ താഴ്മയിലേക്കും ‘അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും?.’ എന്ന നിലവിളിയിലേക്കും നടത്തും (7:24). ഈ താഴ്മ കാണുമ്പോൾ ദൈവം ഉടനെ അവിടെ കൃപ പകരും. ഫലം ‘നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നാം ദൈവത്തിനു സ്തോത്രം ചെയ്യും’ (7:25). ‘അയ്യോ’ എന്ന നിലവിളി, എത്ര വേഗം വിജയത്തിന്റെ സ്തോത്രഗീതത്തിനു വഴിമാറി!

ചുരുക്കത്തിൽ ‘അനുസരണം’ എന്നതാണ് പുതിയ ഉടമ്പടിയിലെ ഒരു സുപ്രധാന വാക്കെന്ന് സത്യകൃപ തിരിച്ചറിയുന്നു. അനുസരണത്തിന്റെ വഴിയിൽ അതു തന്നിലുള്ള ബലഹീനത കണ്ടെത്തുന്നു. ആ ബലഹീനതയുടെ കണ്ടെത്തൽ, ദൈവത്തിലേക്ക് നോക്കി നിലവിളിക്കുന്ന താഴ്മയിലേക്ക് നടത്തുന്നു. ‘താഴ്മ ഉള്ളിടത്ത് കൃപ പകരും’ എന്ന ദൈവിക പ്രമാണപ്രകാരം ഉടനെ ദൈവം, കൃപയുടെ കവിഞ്ഞൊഴുക്ക് അവിടേക്ക് നൽകുന്നു–ഇങ്ങനെയാണ് സത്യകൃപ ഒരുവനിൽ പ്രവർത്തിക്കുന്നത്.

ഇതേ സമയം വിലകുറഞ്ഞ വ്യാജകൃപയോ? അത് അനുസരണത്തെ ഗൗരവമായി എടുക്കുന്നില്ല. അനുസരണം പഴയഉടമ്പടിയിലാണ് പ്രസക്തമെന്നും ഇന്ന് ഏതു പാപവും ക്ഷമിക്കപ്പെടുമെന്നും അത് കരുതുന്നു. അതുകൊണ്ടുതന്നെ വ്യാജകൃപ കൽപന അനുസരിക്കാനുള്ള തന്റെ കഴിവില്ലായ്മ കണ്ടെത്തുന്നില്ല.

*ശേഷം പേജ് 38 ൽ*

സന്ദേശം

# സത്യകൃപയുടെ സാധ്യതകൾ

“**ഇ**താണ് ദൈവത്തിന്റെ സത്യകൃപ. അതിൽ ഉറച്ചുനില്പിൻ”(1പത്രോ.5:12)

പത്രോസിന്റെ ആദ്യലേഖനത്തിന്റെ അവസാനം അദ്ദേഹം ഇങ്ങനെ പറയുന്നു: “ഈ ലേഖനത്തിൽ എഴുതിയിരിക്കുന്നത് ദൈവത്തിന്റെ സത്യകൃപയെക്കുറിച്ചാണ്.” ഈ നാളുകളിൽ തെറ്റായ കൃപയെപ്പറ്റി ധാരാളം പ്രസംഗങ്ങൾ കേൾക്കുമ്പോൾ 1 പത്രോസിലേക്കു മടങ്ങിച്ചെന്ന് ദൈവത്തിന്റെ സത്യകൃപ എന്താണെന്നു കാണുകയും അതിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നതു നന്നായിരിക്കും.

’ദൈവത്തിന്റെ സത്യകൃപ’ എന്ന പ്രയോഗം പത്രോസ് ഒന്നാം നൂറ്റാണ്ടിൽത്തന്നെ ഉപയോഗിച്ചതു സൂചിപ്പിക്കുന്നത് ആ ദിവസങ്ങളിൽ പോലും ഒരു കപടകൃപയുടെ പ്രഘോഷണം ഉണ്ടായിരുന്നുവെന്നാണ്. അന്നും ദൈവത്തിന്റെ കൃപയെ ഭോഗാസക്തിക്കായി(പാപം ചെയ്യുവാനുള്ള അനുവാദം) തിരിച്ചുകളയുന്നതു (യൂദാ.4) സാത്താന്റെ പ്രതിനിധികളാൽ പ്രഘോഷിക്കപ്പെട്ടിരുന്നു.

ആരംഭത്തിൽത്തന്നെ പത്രോസ്



**മനുഷ്യരുടെ കൺമുമ്പിൽ ജീവിക്കുകയും സ്വന്തമാനം തേടുകയും ചെയ്യുന്നവർക്കു തിരുവചനത്തിന്റെ യഥാർത്ഥ അർത്ഥങ്ങളെപ്പറ്റിയുള്ള വെളിപ്പാടുകൾ ലഭിക്കുന്നില്ല. കാരണം ദൈവം സത്യത്തിനെതിരായി അവരുടെ കണ്ണുകളെ കുരുടാക്കിയിരിക്കുകയാണ്.**

സന്തോഷകരമായ ഒരു വിവാഹജീവിതത്തിനുവേണ്ടിയും കൃപ സ്വീകരിക്കുന്നതിനെപ്പറ്റി പത്രോസ് സംസാരിക്കുന്നു. ക്രിസ്തീയദമ്പതികൾ സമാധാനത്തിലും മനപ്പൊരുത്തത്തിലും ഒരുമിച്ചു ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. പോരാട്ടകലുഷിതമായ ഈ ലോകത്തിൽ അവരുടെ ഭവനം സമാധാനത്തിന്റെ ഒരു ദ്വീപ് ആയിത്തീരണം. ഇതിനു സമൃദ്ധമായ കൃപ ആവശ്യമാണ്.

നമ്മോടു പറയുന്നു:എല്ലാ വിശ്വാസികളും പിതാവായ ദൈവത്തിന്റെ മുന്നറിവിന്നൊത്തവണ്ണം തിരഞ്ഞെടുക്കപ്പെട്ടവരും ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ച് അനുസരണം കാണിപ്പാൻ യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെട്ടവരുമാണ്. അത്തരം വിശ്വാസികൾക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിക്കുന്നത് ദൈവത്തിന്റെ കൃപയും സമാധാനവും അതിന്റെ മുഴുവൻ അളവിലും അവർക്കുണ്ടാകട്ടെ എന്നാണ് (1പത്രോ.1:2).

ദൈവം നമ്മെ തിരഞ്ഞെടുത്തത് നമ്മെ ശുദ്ധീകരിക്കുന്നതിനും(നമ്മെ വിശുദ്ധർ ആക്കുവാൻ) കർത്താവായ യേശുക്രിസ്തുവിനെ അനുസരിക്കുന്നതിലേക്കു നയിക്കുവാനുമാണ്. ഇതിലേക്കാണ് ദൈവത്തിന്റെ സത്യകൃപ നമ്മെ നയിക്കുന്നത്. അതുകൊണ്ട് പത്രോസ് പ്രാർത്ഥിക്കുന്നത്, ഇതു തങ്ങളുടെ ജീവിതത്തിൽ ആഗ്രഹിക്കുന്നവർ ദൈവത്തിന്റെ കൃപ അതിന്റെ മുഴുവൻ അളവിലും അനുഭവിക്കുമാറാകട്ടെ എന്നാണ്.

പത്രോസ് പറയുന്നു: "നിങ്ങൾക്കു വരുവാനിരുന്ന കൃപയെക്കുറിച്ചു പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞ് അന്വേഷിച്ചിരുന്നു" (1 പത്രോ.1:10). പുതിയ ഉടമ്പടിയുടെ കീഴിൽ നാം അനുഭവിക്കുന്ന കൃപ, പഴയ ഉടമ്പടിയുടെ കാലത്ത് ആരും അനുഭവിച്ചിരുന്നില്ല. പ്രവാചകന്മാർക്കു പോലും ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ഒന്നായിട്ടേ ഈ കൃപയെപ്പറ്റി പ്രവചിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. അല്ലാതെ അവർക്കുതന്നെ അത് അനുഭവിക്കുവാൻ കഴിഞ്ഞിരുന്നില്ല.

പത്രോസ് എല്ലാ വിശ്വാസികളെയും ഉത്സാഹിപ്പിക്കുന്നത് "യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചുകൊൾവിൻ" എന്നാണ് (1പത്രോ.1:13).

കർത്താവു തന്റെ മഹത്വത്തിൽ മടങ്ങി വരുമ്പോൾ നാം ഒരു പ്രത്യേക കൃപ അനുഭവിക്കും. അതു നമ്മെ യേശുവിനോടു തുല്യമായി രൂപാന്തരപ്പെടുത്തും. നമ്മുടെ ക്രിസ്തീയജീവിതത്തിന്റെ ആരംഭം മുതൽ അവസാനം വരെ നമ്മിലുള്ള ദൈവത്തിന്റെ പ്രവൃത്തി പൂർണമായും കൃപയുടേതാണ്.

സന്തോഷകരമായ ഒരു വിവാഹജീവിതത്തിനുവേണ്ടിയും കൃപ സ്വീകരിക്കുന്നതിനെപ്പറ്റി പത്രോസ് സംസാരിക്കുന്നു.

"അങ്ങനെതന്നെ ഭർത്താക്കന്മാരെ, നിങ്ങളുടെ പ്രാർത്ഥനയ്ക്കു മുടക്കം വരാതിരിക്കേണ്ടതിനു വിവേകത്തോടെ ഭാര്യമാരോടുകൂടെ വസിച്ച് സ്ത്രീജനം ബലഹീനപാത്രമെന്നും ജീവന്റെ കൃപയ്ക്ക് കൂട്ടവകാശികൾ എന്നു മോർത്ത് അവർക്കു ബഹുമാനം കൊടുപ്പിൻ" (1പത്രോ.3:7).

ക്രിസ്തീയദമ്പതികൾ സമാധാനത്തിലും മനപ്പൊരുത്തത്തിലും ഒരുമിച്ചു





ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. പോരാട്ടകലുഷിതമായ ഈ ലോകത്തിൽ അവരുടെ ഭവനം സമാധാനത്തിന്റെ ഒരു ദ്വീപ് ആയിത്തീരണം. ഇതിനു സമൃദ്ധമായ കൃപ ആവശ്യമാണ്.

പത്രോസ് തുടർന്നു സംസാരിക്കുന്നത് ആത്മീയവരങ്ങളെക്കുറിച്ചാണ്: "ഓരോരുത്തനു വരം ലഭിച്ചതുപോലെ വിവിധമായ ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ (1 പത്രോ.4:10)

ഓരോ ആത്മീയവരവും മറ്റുള്ളവരെ സേവിക്കാനാണ് ഉപയോഗിക്കേണ്ടത്. ദൈവത്തിന്റെ സത്യകൃപയെ വിതരണം ചെയ്യാനുള്ള ഉപാധിയായി ഉപയോഗിക്കണം. ദൈവത്തിന്റെ കൃപ അനേകം വശങ്ങളുള്ളതാണ്. അതുകൊണ്ട് ദൈവം വ്യത്യസ്തപശ്ചാത്തലവും വ്യത്യസ്ത വ്യക്തിത്വവും ഗുണവിശേഷങ്ങളും ഉള്ള ആളുകളെ തിരഞ്ഞെടുത്തിട്ട് അവരെ ഒരുമിച്ച് ക്രിസ്തുവിന്റെ ശരീരത്തിൽ വെച്ചിരിക്കുന്നു. ഇവരിൽ ഓരോരുത്തർക്കും ദൈവകൃപയുടെ ചില അതുല്യമായ വശങ്ങൾ അവന്റെ/അവളുടെ ജീവിതത്തിൽകൂടിയും ശുശ്രൂഷയിൽ കൂടിയും പ്രദർശിപ്പിക്കുവാൻ കഴിയും.

**കൃപയും വെളിപ്പാടുകളും താഴ്മയുള്ളവർക്ക്**

"അവ്വണ്ണം ഇളയവരേ മൂപ്പന്മാർക്കു കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോട് എതിർത്തുനിൽക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നൽകുന്നു'' (1 പത്രോ.5:5).

ഇവിടെ പത്രോസ് സംസാരിക്കുന്നത് ചെറുപ്പത്തിൽത്തന്നെ ആത്മീയ അധികാരങ്ങൾക്കു കീഴടങ്ങുന്നത് പഠിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയാണ്.

ഓരോ ആത്മീയവരവും മറ്റുള്ളവരെ സേവിക്കാനാണ് ഉപയോഗിക്കേണ്ടത്. ദൈവത്തിന്റെ സത്യകൃപയെ വിതരണം ചെയ്യാനുള്ള ഉപാധിയായി ഉപയോഗിക്കണം. ദൈവത്തിന്റെ കൃപ അനേകം വശങ്ങളുള്ളതാണ്. അതുകൊണ്ട് ദൈവം വ്യത്യസ്ത പശ്ചാത്തലവും വ്യത്യസ്ത വ്യക്തിത്വവും ഗുണവിശേഷങ്ങളും ഉള്ള ആളുകളെ തിരഞ്ഞെടുത്തിട്ട് അവരെ ഒരുമിച്ച് ക്രിസ്തുവിന്റെ ശരീരത്തിൽ വെച്ചിരിക്കുന്നു.

ഒരു ചെറുപ്പക്കാരൻ ഇരുപതാമത്തെ വയസ്സിൽ രക്ഷിക്കപ്പെട്ടാൽ 35 വയസ്സാകുമ്പോഴേക്കും അവന് ഫലവത്തായ ഒരു ശുശ്രൂഷ ഉണ്ടാകണമെന്നാണ് സാധാരണഗതിയിൽ ദൈവത്തിന്റെ ഉദ്ദേശ്യം. ഇതു നിറവേറപ്പെടണമെങ്കിൽ ആ മനുഷ്യൻ ഏറ്റവും പ്രധാനപ്പെട്ട പാഠമായ നുറുക്കവും താഴ്മയും 35 വയസ്സാകുമ്പോഴേക്കു പഠിച്ചിരിക്കണം. അവൻ ആത്മീയ അധികാരങ്ങൾക്കു കീഴടങ്ങിയിരുന്നെങ്കിൽ മാത്രമേ ഈ പാഠങ്ങൾ പഠിക്കുകയുള്ളു. അങ്ങനെ മാത്രമേ പിന്നീട് ഭവനത്തിലും സഭയിലുംആത്മീയ അധികാരം പ്രയോഗിക്കാനുള്ള കൃപ ലഭിക്കുകയുള്ളു. ആത്മീയ അധികാരങ്ങൾക്കു കീഴടങ്ങാത്ത ചെറുപ്പക്കാർ, ദൈവത്തിന്റെ മനസ്സിൽ അവർക്കുവേണ്ടി ഉണ്ടായിരുന്ന ശുശ്രൂഷ അവസാനം നഷ്ടപ്പെടുത്തും.

ഇതിന്റ അർത്ഥം നാം വാർധക്യമായാൽ തന്നെത്താൻ താഴ്ത്തേണ്ട

**ഒരു ചെറുപ്പക്കാരൻ ഇരുപതാമത്തെ വയസ്സിൽ രക്ഷിക്കപ്പെട്ടാൽ 35 വയസ്സാകുമ്പോഴേക്കും അവന് ഫലവത്തായ ഒരു ശുശ്രൂഷ ഉണ്ടാകണമെന്നാണ് സാധാരണഗതിയിൽ ദൈവത്തിന്റെ ഉദ്ദേശ്യം. ഇതു നിറവേറപ്പെടണമെങ്കിൽ ആ മനുഷ്യൻ ഏറ്റവും പ്രധാനപ്പെട്ട പാഠമായ നുറുക്കവും താഴ്മയും 35 വയസ്സാകുമ്പോഴേക്കു പഠിച്ചിരിക്കണം.**

ആവശ്യം ഇല്ല എന്നല്ല. മൂപ്പന്മാർക്കു കീഴടങ്ങൽ നാം ചെറുപ്പം മുതലേ അഭ്യസിക്കേണ്ടതാണ്. എന്നാൽ യേശുവിനെ താഴ്മയുടെ പാതയിൽ അനുഗമിക്കുന്നത് നമ്മുടെ മരണദിവസം വരെ തുടർച്ചയായി ചെയ്യേണ്ട കാര്യമാണ്. നമ്മുടെ ജീവിതാവസാനം വരെ തുടർച്ചയായി കൃപ ലഭിക്കുന്നതിനുള്ള ഒരേ ഒരു വഴി ഇതുതന്നെയാണ്.

വേദപുസ്തകത്തിന്റെ അറിവിനു നമുക്ക് കൃപ തരുവാൻ കഴിയുകയില്ല. നമ്മുടെ കർത്താവ് ക്രൂശിക്കപ്പെട്ടത് വേദപുസ്തകം വിശ്വസിക്കുന്ന യഹൂദമതഭ്രാന്തന്മാരാലാണ് എന്നത് അമ്പരപ്പിക്കുന്ന ഒരു സത്യമാണ്. അതു ചെയ്തത് സത്യദൈവത്തെപ്പറ്റി ഒരറിവുമില്ലായിരുന്ന ജാതീയറോമാക്കാരോ ഗ്രീക്കുകാരോ ആയിരുന്നില്ല.

യേശുവിന്റെ കാലത്തെ ഭൂമിയിലെ ഒരേയൊരു മത (യൂദായിസം) ത്തിന്റെ നേതാക്കന്മാരും ഒരേയൊരു തിരുവചന (ഉൽപ്പത്തി മുതൽ മലാഖി വരെ) ത്തിന്റെ പണ്ഡിതന്മാരും ആണ് യേശുവിനെ വഞ്ചകൻ എന്നും ദുരുപദേഷ്ടാവ് എന്നും ഭൂതങ്ങളുടെ തലവൻ എന്നും വിളിച്ചത്. ആ ശാസ്ത്രിമാരും പരീശന്മാരും ബുദ്ധിമാന്മാരും ബൈബിൾ വിശ്വസിക്കുന്നവരും അഭ്യസ്തവിദ്യരും തിരുവചനത്തിലെ സത്യങ്ങളോടു തീക്ഷ്ണതയുള്ളവരും ആയിരുന്നു. എന്നിട്ടും അവർ ആത്മീയമായി പൂർണകുരുടന്മാർ ആയിരുന്നു. അവർക്കു കൃപ ലഭിച്ചില്ല; എന്തുകൊണ്ട്?

ആ ചോദ്യത്തിന്റെ ഉത്തരം പ്രധാനപ്പെട്ടതാണ്. എന്തുകൊണ്ടെന്നാൽ ക്രൈസ്തവലോകത്ത് ചരിത്രം വീണ്ടും വീണ്ടും ആവർത്തിക്കുകയാണ്. ഇന്നും തീക്ഷ്ണതയുള്ള ബൈബിൾ പണ്ഡിതന്മാർ തിരുവചനത്തിലെ യഥാർത്ഥത്തിലുള്ള യേശുവിനോടും സത്യകൃപയോടും മുഴുവനായും അന്ധന്മാരാണ്. പഴയകാലത്തെ പരീശന്മാരെപ്പോലെ ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന ജ്ഞാനം സ്വീകരിക്കുവാൻ അവർക്കും സാധിക്കുകയില്ല (1 കൊരി.2:7-10). രണ്ടു വിഷയത്തിന്റെയും കാരണം ഒന്നുതന്നെയാണ്: അവർ നിഗളികളും മനുഷ്യരുടെ മാനം തേടുന്നവരുമാണ്.

യേശു പരീശന്മാരോടു പറഞ്ഞു: "തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട് ഏകദൈവത്തിൽ നിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്കു എങ്ങനെ വിശ്വസിക്കുവാൻ കഴിയും?" (യോഹ.5:44).

മനുഷ്യരുടെ കൺമുമ്പിൽ ജീവിക്കുകയും സ്വന്തമാനം തേടുകയും ചെയ്യുന്നവർക്കു തിരുവചനത്തിന്റെ യഥാർത്ഥ അർത്ഥങ്ങളെപ്പറ്റിയുള്ള വെളിപ്പാടുകൾ ലഭിക്കുന്നില്ല. കാരണം ദൈവം സത്യത്തിനെതിരായി അവരുടെ കണ്ണുകളെ കുരുടാക്കിയിരിക്കുകയാണ്. (മത്താ.11:25)

ദൈവം തിരുവെഴുത്തുകളെ അത്തരം ഒരു രീതിയിൽ എഴുതിയിരി





ക്കുന്നതുകൊണ്ട് ജ്ഞാനികൾക്കും ബുദ്ധിമാന്മാർക്കും അവർ തന്നെത്താൻ താഴ്ത്തുന്നില്ലെങ്കിൽ അതു മനസ്സിലാക്കുവാൻ സാധിക്കുകയില്ല. അതു ഭൂമിയിലുള്ള മറ്റൊരു പുസ്തകത്തെപ്പറ്റിയും പറയുവാൻ കഴിയുകയില്ല. ബൈബിളല്ലാതെ ലോകത്തിലുള്ള ഒരു പുസ്തകവും മനസ്സിലാകുന്നതിനുള്ള ഒഴിച്ചുകൂടാത്ത ഗുണമായി താഴ്മയെ വെച്ചിട്ടില്ല.

പ്രാകൃതമനസ്സ് (എത്ര ബുദ്ധികൂർമ്മതയുള്ളതായാലും), താഴ്മയുള്ള ഒരു സഹോദരനിൽ നിന്നു വരുന്ന ആത്മാവിന്റെ വെളിപ്പാടിനെ ഭോഷത്തമായി മാത്രമേ കണക്കാക്കുകയുള്ളു.(1കൊരി.2:14). ദൈവവചനം മനസ്സിലാക്കുവാൻ ഒരുവന് കൃപ ആവശ്യമാണ്.

നിഗളികളായ വേദശാസ്ത്രജ്ഞന്മാർ ഇന്നു തിരുവചനത്തിന്റെ അനേക വ്യാഖ്യാനങ്ങൾ പ്രഘോഷിക്കുന്നുണ്ട്. എന്നാൽ അവരുടെ അന്ധതയെപ്പറ്റി അവർ ശ്രദ്ധയില്ലാത്തവരാണ്.

നാം ദൈവത്തിന്റെ കൺമുമ്പിൽ നമ്മെത്തന്നെ താഴ്ത്തുകയും മനുഷ്യരുടെ മാനവും അംഗീകാരവും തേടുന്നത് അവസാനിപ്പിക്കുകയും വേണം. അപ്പോൾ ദൈവം മറ്റുള്ളവർക്കു മറച്ചു വെച്ചിരിക്കുന്നത് നമുക്കു വെളിപ്പെടുത്തിത്തരും.

ദൈവം അഹങ്കാരികളോട് എതിർത്തു നില്ക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് അവിടുന്നു കൃപ നല്കുന്നു.

നാം അഹങ്കാരികൾ ആണെങ്കിൽ നമ്മുടെ എല്ലാ ഉപദേശങ്ങളും ശരിയാണെങ്കിൽത്തന്നെ നാം പരീശന്മാരെപ്പോലെ ആത്മീയയാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് വഞ്ചിക്കപ്പെട്ടവരായും അന്ധന്മാരായും അവസാനിക്കും. അപ്പോൾ പരീശന്മാർ അവരുടെ കാലത്തെ യഥാർത്ഥപ്രവാചകനായ യേശുവിനെ തിരിച്ചറിയാഞ്ഞതു

**ഇന്നും തീക്ഷ്ണതയുള്ള ബൈബിൾ പണ്ഡിതന്മാർ തിരുവചനത്തിലെ യഥാർത്ഥത്തിലുള്ള യേശുവിനോടും സത്യകൃപയോടും മുഴുവനായും അന്ധന്മാരാണ്. പഴയകാലത്തെ പരീശന്മാരെപ്പോലെ ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന ജ്ഞാനം സ്വീകരിക്കുവാൻ അവർക്കും സാധിക്കുകയില്ല. രണ്ടു വിഷയത്തിന്റെയും കാരണം ഒന്നുതന്നെയാണ്: അവർ നിഗളികളും മനുഷ്യരുടെ മാനം തേടുന്നവരുമാണ്.**

പോലെ നാമും നമ്മുടെ കാഘട്ടത്തിലെ ദൈവത്തിന്റെ യഥാർത്ഥപ്രവാചകന്മാരെ തിരിച്ചറിയാതെ പോകും.

എല്ലാ പാപത്തിന്റെയും തുടക്കം നിഗളത്തിലും സ്വാർത്ഥതയിലും ആണ്. അതുപോലെതന്നെ ക്രിസ്തുവിൽ കാണുന്ന എല്ലാ സത്ഗുണങ്ങളുടെയും ഉൽപത്തി താഴ്മയിലും നിസ്വാർത്ഥതയിലുമാണ്. നാം എത്രയധികം താഴ്ത്തുന്നുവോ അത്രയധികം ദൈവത്തിൽ നിന്നു കൃപ പ്രാപിക്കും. അപ്പോൾ നാം ജയത്തിൽ ജീവിക്കുകയും ക്രിസ്തുവിന്റെ സ്വഭാവത്തെ നമ്മുടെജീവിതത്തിൽകൂടെ കൂടുതൽ കൂടുതൽ വെളിപ്പെടുത്തുകയും ചെയ്യും. ആർക്കെങ്കിലും പാപത്തിന്മേൽ ജയം ലഭിക്കുന്നില്ലെങ്കിൽ അതു വ്യക്തമായി സൂചിപ്പിക്കുന്നത് അവൻ തന്നെത്തന്നെ താഴ്ത്തിയിട്ടില്ല എന്നാണ്. എന്തുകൊണ്ടെന്നാൽ തന്നെത്താൻ താഴ്ത്തുന്നവരെല്ലാം നിശ്ചയമായും കൃപ സ്വീകരിക്കും (1 പത്രോ.5:6). ദൈവത്തിന്റെ കൃപയിൻ

> യേശു പിതാവുമായി ഒന്നായിരുന്നു. ഈ ഏകത്വത്തിലേക്കാണ് നാമും ദൈവത്തിന്റെ സത്യകൃപയിൽകൂടി വിളിക്കപ്പെട്ടിരിക്കുന്നത്. യേശു എപ്പോഴും തിന്മയെ നന്മയിൽ കൂടി അതിജീവിച്ചു. തിന്മയ്ക്ക് അദ്ദേഹത്തിന്റെ മേൽ ഒരു ശക്തിയുമില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്ന് എപ്പോഴും നന്മയിലാണ് വേരുറച്ചിരുന്നത്. 'നന്മയാൽ തിന്മയെ ജയിക്ക' എന്ന വചനം നാം അനുസരിക്കുന്നുവെങ്കിൽ നമ്മെ സംബന്ധിച്ചും അങ്ങനെ ആയിരിക്കും

കീഴിൽ വരുന്നവർക്കെല്ലാം വിജയം ലഭിക്കുകയും ചെയ്യും. (റോമ.6:14).

ക്രൈസ്തവലോകത്ത് താഴ്മയെപ്പറ്റി അനേകം തെറ്റായ ആശയങ്ങൾ ഉണ്ട്. തെറ്റു പറ്റാതെ നമ്മെത്തന്നെ മൂല്യനിർണയം ചെയ്യാൻ കഴിയുന്ന ഒരു പരിശോധനയാണ് ഇത്. നമുക്കു പാപത്തിന്മേൽ ജയമുണ്ടോ? ക്രിസ്തുവിന്റെ സ്വഭാവം വർദ്ധമാനമായ രീതിയിൽ നമ്മിൽ വെളിപ്പെടുന്നുണ്ടോ?

**കഷ്ടതയിൽ കൂടി പൂർണത**

"എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും" (1 പത്രോ.5:10).

ഇവിടെ ദൈവത്തെ സർവ്വകൃപയുടെയും ദൈവം എന്നാണ് വിളിച്ചിരിക്കുന്നത്. അവിടുന്നു തന്റെ ജനത്തെ കഷ്ടങ്ങളിലൂടെ നയിക്കുന്നത് അവിടുത്തെ കൃപ അവരുടെ മേൽ പകർന്നു നല്കേണ്ടതിനും അവരെ ഉറപ്പിക്കുന്നതിനും പൂർണരാക്കുന്നതിനും വേണ്ടിയാണ്. പൗലൊസിന് തന്റെ ജഡത്തിൽ ഒരു മുള്ളു ലഭിച്ചതിൽകൂടി ദൈവത്തിന്റെ 'സകലത്തിനും മതിയായ കൃപ' അനുഭവിക്കുവാൻ ഇടയായി ( 2 കൊരി.12 :7-10).

പത്രോസിന്റെ ഒന്നാം ലേഖനത്തിൽ ദൈവത്തിനു തന്റെ കൃപ നമുക്കു പകർന്നു തരുവാനുള്ള ഉപാധിയായിട്ടാണ് കഷ്ടതയെപ്പറ്റി പറയുന്നത്.

നാം വായിക്കുന്നത്: "ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ പാപം ചെയ്തിട്ടില്ലാത്ത അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു... ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചിരിക്കുന്നതുകൊണ്ട് നിങ്ങളും ആ ഭാവം ആയുധമായി ധരിപ്പിൻ... ജഡത്തിൽ കഷ്ടമനുഭവിച്ചവൻ.... പാപം വിട്ടൊഴിഞ്ഞിരിക്കുന്നു" (1 പത്രോ.2:21,22; 4:1,2).

ഇവിടെ നമ്മോടു വ്യക്തമായി പറഞ്ഞിരിക്കുന്നത് ക്രിസ്തുവിന്റെ മാതൃക പിൻപറ്റുവാനാണ്. അതിനാൽ നാം ഒരു സമയത്തും പാപം ചെയ്യാതിരിക്കേണ്ടതിനായി അവിടുന്നു കഷ്ടം സഹിച്ചു. നമ്മെ വിളിച്ചവൻ വിശുദ്ധനായിരിക്കുന്നതുപോലെ, കൃപ നമ്മെ വിശുദ്ധരാക്കുവാൻ വേണ്ടിയാണ്. (1 പത്രോ.1:16).

പത്രോസ് നമ്മെ ഓർമ്മിപ്പിക്കുന്നത്, നാം ജഡത്തിൽ കഷ്ടം സഹിച്ചാൽ പാപം വിട്ടൊഴിഞ്ഞിരിക്കുകയും ശേഷിച്ച ജീവിതകാലം ദൈവത്തിന്റെ ഹിതം ചെയ്യുകയും ചെയ്യും (1 പത്രോ.4:1,2) എന്നാണ്.

ജഡത്തിൽ കഷ്ടം സഹിക്കുക എന്നാൽ ശരീരത്തിൽ രോഗി ആയിരിക്കുക എന്നല്ല. ആ രീതിയിൽ ആരും പാപം ചെയ്യുന്നതു നിർത്തിവെച്ചിട്ടില്ല.

*ശേഷം പേജ് 18 ൽ*





## ദൈവസാന്നിധ്യ പരിശീലനം-7
## ബ്രദർ ലോറൻസിന്റെ കത്തുകൾ

# മറഞ്ഞിരിക്കുന്ന നിക്ഷേപം

**പതിനഞ്ചാമത്തെ കത്ത്**
**അതേ വ്യക്തിയുടെ പേർക്ക്**
പ്രിയ മാതാവേ,

അങ്ങ് ആഗ്രഹിച്ചതുപോലെ കുറച്ചൊരാശ്വാസം ദൈവം തന്നതിനാൽ ഞാൻ അവിടുത്തേക്ക് നന്ദി പറയുന്നു. ഒട്ടനേകം അവസരങ്ങളിൽ മരണത്തോടു സമീപിക്കുന്ന അവസ്ഥയിൽ ഞാൻ എത്തിച്ചേർന്നിട്ടുണ്ട്. എങ്കിലും എപ്പോഴും ഞാൻ സന്തുഷ്ടനായിരുന്നു. അതിനാൽ ഒരിക്കലും ഞാൻ ആശ്വാസം ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടില്ല. നേരേമറിച്ച് ദുരിതങ്ങൾ സഹിക്കുന്നതിനുള്ള ശക്തിക്കും വിനയം, സ്നേഹം എന്നിവയ്ക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ വളരെ പ്രിയപ്പെട്ട മാതാവേ, ധൈര്യമാർജ്ജിച്ചാലും. ദൈവത്തിനുവേണ്ടി കഷ്ടത സഹിക്കുന്നത് മധുരമായ ഒരനുഭവമാണ്. ആ കഷ്ടതകൾ വലുതായിരുന്നാലും മാധുര്യപൂർണ്ണം തന്നെ. സ്നേഹത്തോടുകൂടെ അവയെ സ്വാഗതം ചെയ്യുക. കർത്താവിനോടൊപ്പം കഷ്ടപ്പെടുന്നതും ഒപ്പം ജീവിക്കുന്നതും ഒരു വലിയ സ്വർഗ്ഗീയാനുഭവം തന്നെ. സ്നേഹത്തോടുകൂടി അവയെ സ്വാഗതം ചെയ്യുക. മാത്രമല്ല, ഈ ജീവിതത്തിൽ തന്നെ സ്വർഗ്ഗീയ സമാധാനം അനുഭവിപ്പാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ നാം കർത്താവിനോട് ചിരപരിചിതനായ ഒരു വ്യക്തിയോടെന്നപോലെ സംവാദത്തിലേർപ്പെടണം. വിനയത്തോടും സ്നേഹത്തോടും കൂടെ അതു ചെയ്യണം. നമ്മുടെ മനസ്സ് അതിൽനിന്നകന്നുപോകാതെ അതിനുള്ള തടസ്സങ്ങൾ വരുമ്പോഴെല്ലാം നാം ആ തടസ്സങ്ങൾ നീക്കിക്കളയും. നമ്മുടെ ഹൃദയത്തെ പരിശുദ്ധാത്മാവു വസിക്കുന്ന ഒരു മന്ദിരമായി സൂക്ഷിക്കയും അവിടെ നാം നിരന്തരം അവിടത്തെ ആരാധിക്കയും ചെയ്യണം. നമ്മെത്തന്നെ നിരന്തരം കാവൽ ചെയ്തു സൂക്ഷിക്കണം. അവിടത്തേക്ക് അനിഷ്ടം വരുന്ന യാതൊന്നും നമ്മിലുണ്ടാകാതെ കരുതലോടെയിരിക്കണം. ഈ വിധത്തിൽ നാം ദൈവവുമായി ഏകാഗ്രബന്ധത്തിലായിരിക്കുമ്പോൾ കഷ്ടതകൾ സന്തോഷാവസരങ്ങളായും ആശ്വാസമാർഗ്ഗങ്ങളായും തീരും.

ഇപ്രകാരമൊരവസ്ഥയിൽ ചെന്നെത്തുവാനുള്ള ശ്രമം ആരംഭത്തിൽ പ്രയാസമുള്ളതാണ്. അതിനുവേണ്ടി നാം വിശ്വാസത്തിൽ വളരണം. ദൈവകൃപയുണ്ടെങ്കിൽ എല്ലാം നമുക്ക് സാധ്യം തന്നെ. തന്നോടു മുട്ടിപ്പായി അപേക്ഷിക്കുന്നവർക്ക് അവിടുന്ന് ആ വിശ്വാസജീവിതം ഒരിക്കലും നിരസിക്കുകയില്ല. അതിനായി വാതിലിൽ മുട്ടി വിളിക്കുക. മുടങ്ങാതെ മുട്ടിക്കൊണ്ടേയിരിക്കുക. ദൈവം തക്കസമയത്ത് നിങ്ങൾക്കു വാതിൽ തുറന്നുതരും. അനേകവർഷങ്ങളായി ദൈവം നീട്ടിക്കൊണ്ടുപോയകാര്യം ദൈവം പെട്ടെന്നുതന്നെ സാധിച്ചുതരും. ഇപ്പോൾ ഞാൻ വിടപറയുന്നു. അങ്ങേയ്ക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നതുപോലെ അങ്ങ് എനിക്കുവേണ്ടിയും പ്രാർത്ഥിക്കുക. കർത്താവിനെ വേഗം തന്നെ കാണുവാൻ ഞാൻ ആശിക്കുന്നു. നമ്മുടെ രക്ഷകനിൽ ഞാൻ മുഴുവനും താങ്കളുടെ സ്വന്തമായിത്തീർന്നിരിക്കുന്നു.

1691 ജനുവരി 22

കർത്താവിൽ വിശ്വസ്തൻ

**പതിനാറാമത്തെ കത്ത്**
അതേ വ്യക്തിയുടെ പേർക്കു തന്നെ.
നല്ലവളായ പ്രിയമാതാവേ,

നമ്മുടെ ആവശ്യമെന്തെന്ന് ദൈവം

നല്ലവണ്ണം അറിയുന്നു. അവിടുന്നു ചെയ്യുന്നതെല്ലാം നമ്മുടെ നന്മയ്ക്കു വേണ്ടിയാണ്. അവിടുന്നു നമ്മെ എത്രയധികം സ്നേഹിക്കുന്നുവെന്നു നാം അറിഞ്ഞിരുന്നെങ്കിൽ അവിടുത്തെ കരത്തിൽ നിന്നു മധുരവും കയ്പുമായ കാര്യങ്ങൾ തുല്യമനസ്സോടെ സ്വീകരിക്കുവാൻ നമുക്കു കഴിയുമായിരുന്നു. ഏറ്റവും വേദനാജനകവും കഠിനവുമായ കാര്യങ്ങൾപോലും നമുക്കു മധുരവും സന്തോഷകരവുമായിത്തീരും. ഏറ്റവും വലിയ ദുരിതങ്ങളും നാം അവയെ എങ്ങനെ വീക്ഷിക്കുന്നുവെന്നതിനെ ആശ്രയിച്ചേ നമുക്ക് അസഹനീയമായിത്തീരുന്നുള്ളു. ദൈവത്തിന്റെ കരമാണ് നമ്മോട് ഇടപെടുന്നതെന്നും നമ്മെ താഴ്ത്തിക്കളയുന്ന കാര്യങ്ങൾപോലും തരുന്നത് സ്നേഹപൂർണ്ണനായ ഒരു പിതാവാണെന്നും ബോധ്യമാകുമ്പോൾ വേദനയും ദുരിതവും സകലകൈയ്പും നീങ്ങിപ്പോകുന്നു; മാധുര്യം മാത്രം ശേഷിക്കുന്നു.

ദൈവത്തെ അറിയുന്നതിനുവേണ്ടി നമുക്ക് നമ്മുടെ ചിന്തകളെ പൂർണ്ണമായി വിട്ടുകൊടുക്കാം. ഒരാൾ എത്ര കൂടുതൽ ദൈവത്തെ അറിയുന്നുവോ അത്രയും കൂടുതൽ അവിടത്തെ അറിയാനാഗ്രഹിക്കയും ചെയ്യും. സ്നേഹത്തെ സാധാരണമായി വ്യക്തിഗതമായ അറിവുകൊണ്ട് അളക്കാമെന്നുള്ളതിനാൽ നമ്മുടെ അറിവ് എത്രത്തോളം ആഴത്തിലും വ്യാപ്തിയിലും വളരുന്നുവോ അത്രത്തോളം സ്നേഹം മഹത്തരമായിത്തീരുന്നു. സ്നേഹം മഹത്തരമാകുമ്പോൾ കഷ്ടതയിലെന്നപോലെ ആശ്വസത്തിലും നാം തുല്യതയോടെ സ്നേഹിക്കുന്നു.

ദൈവം നമ്മുടെ മേൽ ചൊരിയുന്ന നന്മകളെ ഉദ്ദേശിച്ച് ദൈവത്തെ അന്വേഷിക്കയും സ്നേഹിക്കയും ചെയ്യുന്നവരായി നാം തീരരുത്. അപ്രകാരം ചെയ്താൽ നാം നമ്മെത്തന്നെ ദൈവത്തിൽ നിന്നകറ്റുന്നവരായിത്തീരും. ദൈവം നൽകുന്ന നന്മകൾ എത്ര ഉന്നതമായിരുന്നാലും ഈ നിയമത്തിന് മാറ്റമില്ല. വിശ്വാസം നമ്മെ ഒറ്റയടിക്കു തന്നെ എത്രമാത്രം ഉയർത്തുന്നുവോ അത്രമാത്രം നമ്മെ ആത്മീയമായി ഉയർത്തുവാൻ ദൈവം നൽകുന്ന ഈ നന്മകൾക്കു സാധ്യമല്ല. വിശ്വാസമെന്ന ഈ നല്ല മാർഗ്ഗത്തിലൂടെ നമുക്കു ദൈവത്തെ അന്വേഷിക്കാം. അവിടുന്നു നമ്മുടെ മധ്യത്തിലുണ്ട് ആ വഴിയിലൂടെയല്ലാതെ മറ്റെങ്ങും നമുക്ക് അവിടുത്തെ അന്വേഷിക്കാതെയിരിക്കാം. ദൈവത്തെ പ്രസാദിപ്പിക്കാത്ത, അഥവാ ദൈവത്തെ ദുഃഖിപ്പിക്കുന്ന ആയിരമായിരം നിസ്സാരകാര്യങ്ങളിൽ മുഴുകിയവരായി നാം തീരുമ്പോൾ ദൈവത്തെ അവഗണിക്കുന്ന അയോഗ്യതയ്ക്കും കുറ്റത്തിനും നാം അടിപ്പെട്ടുപോകയല്ലേ ചെയ്യുന്നത്? അത്തരം കുറ്റങ്ങളൊന്നും ദൈവം ഗണ്യമാക്കുന്നില്ല. എങ്കിലും ഒരു ദിവസം നാം അവയ്ക്ക് വലിയ വില കൊടുക്കേണ്ടിവരും.

ഒരു കലവറയും കൂടാതെ ദൈവത്തിന്റെ വകയായിത്തീർന്നുകൊണ്ട് നമുക്കീ യാത്ര ആരംഭിക്കാം, ദൈവമല്ലാത്ത എല്ലാറ്റിനെയും ഹൃദയത്തിൽനിന്നും മനസ്സിൽനിന്നും നാം അകറ്റിക്കളയാം. താൻ മാത്രം നമ്മുടെ ഏകലക്ഷ്യമായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. ഈ കൃപയ്ക്കായി നാം അവിടത്തോടു യാചിക്കുക. നമ്മാൽ സാധ്യമായതെല്ലാം നാം ചെയ്യുന്ന പക്ഷം നാം പ്രത്യാശിക്കുന്ന വലിയ മാറ്റം നമ്മിൽ സംഭവിക്കുന്നതായി നാം കാണും. അങ്ങേയ്ക്കു ദൈവംതന്ന അല്പമായ ആശ്വാസത്തിനായി ദൈവത്തിനു വേണ്ടുവോളം നന്ദി പറയുവാൻ എനിക്കു കഴിയുന്നില്ല. അവിടത്തെ കരുണയാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ ദൈവത്തെ കാണുക എന്ന വലിയ നന്മയിൽ എത്തിച്ചേരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. നമുക്ക് അന്യോന്യം ഓർത്ത് പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവിൽ അവിടത്തെ വിശ്വസ്തൻ

1691 ഫെബ്രുവരി 6

(അവസാനിച്ചു)

മൊഴിമാറ്റം: **വിഐ**





വിശുദ്ധരുടെ കാലൊച്ച

# വില്യം ടെമ്പിൾ:

## ദൈവത്തോടുള്ള നിരന്തരകൂട്ടായ്മ

ഡബ്ലിയു. ഈ. സാംഗ്സ്റ്റർ സാധാരണയായി പറഞ്ഞിരുന്ന ഒരു കാര്യമുണ്ട്: ക്രൂശിലേക്ക് ഈ 'എന്നെ' ഒന്ന് കൊണ്ടെത്തിക്കുക എന്നത് പരമപ്രധാനമാണ്. മറ്റ് ദൈവദാസന്മാരെക്കൂടാതെ മാർട്ടിൻ ലൂഥറിന്റെ വാക്കുകളും സാംഗ്സ്റ്റുടെ മനസ്സിൽ ഉണ്ടായിരുന്നു. ഗലാത്യലേഖനവ്യാഖ്യാനത്തിൽ ഒരിടത്ത് ലൂഥർ ഇപ്രകാരം പറഞ്ഞു "ഗലാതൃലേഖനം വായിക്കുമ്പോൾ 'ഞാൻ' 'എനിക്ക്' എന്നീ പദങ്ങൾ വളരെ ശ്രദ്ധയോടെ വായിക്കുകയും, ഉറച്ച വിശ്വാസത്തോടും ആന്തരികഅഭ്യാസത്തോടും കൂടെ ഈ വാക്കുകൾ നിങ്ങൾക്കു വേണ്ടി വ്യക്തിപരമായി എടുക്കുകയും വേണം. ദൈവവചനത്തിൽ 'ഞാൻ' 'എന്നിൽ' എന്ന് എപ്പോൾ കണ്ടാലും ആ 'ഞാൻ' മറ്റാരുമല്ല, നിങ്ങൾത്തന്നെയാണെന്ന് അറിയുകയും വേണം.



ലൂഥറിന്റെ കാലം മുതൽ സുവിശേഷവിഹിതപ്രസ്ഥാനങ്ങളെല്ലാം യഥാർത്ഥ ആത്മീയതയെ സ്വയത്തെ ക്രൂശിൽ തറയ്ക്കുന്നു എന്ന വിധത്തിലുള്ള ബൈബിൾ പഠനവുമായി ബന്ധിപ്പിച്ചാണ് പറയാറുള്ളത്. തിരുവെഴുത്തുകളിലൂടെ നിസ്തുലമായ വിധത്തിൽ ദൈവം മനുഷ്യനോട് സംസാരിച്ചിരിക്കുന്നു എന്ന ബോധ്യത്തിൽ നിന്നാണ് മേൽപ്പറഞ്ഞ ചിന്താഗതി ഉടലെടുത്തത്. ദൈവവുമായുള്ള കൂട്ടായ്മ കൂടുതൽ ആഴമുള്ളതും സുദൃഢവുമാക്കാൻ താഴ്മയോടെ ദൈവവനത്തിന് ചെവി കൊടുക്കുകയും ആ സത്യങ്ങളനുസരിച്ച് ജീവിക്കുകയുമാണ് വേണ്ടത് എന്ന് നാം തിരിച്ചറിഞ്ഞേ തീരൂ.

സുവിശേഷസന്ദേശത്തിന്റെ ഹൃദയഭാഗത്ത് ഈ ബോധ്യമാണുണ്ടാകേണ്ടത്. ഈ ബോധ്യമുള്ള പല ആത്മീയനേതാക്കളും ദൈവവചനത്തിന്റെ വിശദമായ പഠനത്തിനും വചനത്തിന്റെ അർത്ഥം ഗ്രഹിക്കുവാൻ ഉതകുന്ന വ്യാഖ്യാനഗ്രന്ഥങ്ങൾ രചിക്കുന്നതിനും വളരെ അധികം അധ്വാനിക്കാൻ തയ്യാറായി. ഇത്തരം പഠനങ്ങൾ ദൈവവചനത്തിലെ ഗ്രന്ഥകർത്താക്കളെപ്പറ്റിയും കാലഘട്ടത്തെപ്പറ്റിയും ഉള്ള കേവല അറിവിൽ ഒതുങ്ങാതെ തിരുവെഴുത്തുകളിലെ നിത്യനൂതനങ്ങളായ സത്യങ്ങളെ തിരിച്ചറിയാനും ഇന്നത്തെ നമ്മുടെ ജീവിതത്തിന് ആ സന്ദേശങ്ങളുടെ പ്രസക്തി ഗ്രഹിക്കാനും ഉതകുന്നവയായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ദ്രുതഗതി

യിലുള്ള മാറ്റങ്ങളുടെ നടുവിൽ പരസ്പരവിരുദ്ധങ്ങളായ നിരവധി ചിന്താഗതികളുടെ ചുഴികളിൽ വിശ്വസിക്കാൻ കൊള്ളാവുന്ന ഒരു ആത്മീയഗുരുവായി അനേകം ക്രിസ്ത്യാനികൾ വില്യം ടെമ്പിളിനെ ശ്രദ്ധിച്ചിരുന്നു. ബഹുമുഖപ്രതിഭയായിരുന്ന വില്യം ടെമ്പിൾ (1881–1944) ദൈവവചനപാണ്ഡിത്യത്തിൽ ആരുടെയും പിന്നിലായിരുന്നില്ല. ടെമ്പിളിന്റെ വിദ്യാഭ്യാസം ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ റഗ്ബി, ബെല്ലിയോൾ എന്നീ കോളേജുകളിലായിരുന്നു. 1904 മുതൽ 1910 വരെ ഓക്സ്ഫോർഡിലെ ക്വീൻസ് കോളജിൽ അധ്യാപകവൃത്തിക്കു ശേഷം ഒരു ദശകം കാന്റർബറി ആർച്ച് ബിഷപ്പിന്റെയും ബ്രിട്ടീഷ് രാജാവിന്റെയും ചാപ്ലെയിനായി സേവനം അനുഷ്ഠിച്ചു. 1921 ൽ മാഞ്ചസ്റ്ററിൽ ബിഷപ്പായി നിയമിതനായ വില്യം ടെമ്പിൾ 1928 ൽ യോർക്കിലെ ആർച്ചുബിഷപ്പായി ഉയർത്തപ്പെട്ടു. 1942 മുതൽ കാന്റർബറി ആർച്ച്ബിഷപ്പ് എന്ന നിലയിൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ അദ്ധ്യക്ഷസ്ഥാനത്ത് പ്രശോഭിച്ചു.

ആത്മീയനേതൃത്വത്തിന്റെ ഈ നീണ്ടവർഷങ്ങളെല്ലാംതന്നെ സാമൂഹ്യനീതിയെപ്പറ്റി ആഴമായ ഒരു അവബോധം ടെമ്പിളിന്റെ ജീവിതത്തിൽ പ്രതിഫലിച്ചിരുന്നു. ആധുനികസമൂഹങ്ങളിൽ ക്രിസ്തീയതയുടെ സ്ഥാനത്തെപ്പറ്റിയുള്ള തന്റെ സുചിന്തിതമായ വീക്ഷണങ്ങൾ തന്റെ രണ്ടു ഗ്രന്ഥങ്ങളിലൂടെ വില്യം ടെമ്പിൾ കാഴ്ചവച്ചു. "പ്രകൃതി, മനുഷ്യൻ, ദൈവം", "ക്രിസ്തീയതയും സാമൂഹ്യവ്യവസ്ഥിതിയും" എന്നിവയാണ് പ്രസ്തുത ഗ്രന്ഥങ്ങൾ. സാമൂഹ്യപ്രതിബന്ധതയെ ആത്മീയമൂല്യങ്ങൾകൊണ്ട് സന്തുലിതമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആത്മീയജീവിതത്തിന് അദ്ദേഹം നൽകി വന്ന പ്രാധാന്യവും ആത്മീയജീവിതത്തിന് തിരുവചന പഠനത്തിന്റെ പ്രസക്തിയും വില്യം ടെമ്പിളിന്റെ 'യോഹന്നാന്റെ സുവിശേഷവ്യാഖ്യാനത്തിലൂടെ' നമുക്ക് വ്യക്തമായി ഗ്രഹിക്കാം. വളരെ പരിചിതമായ വേദഭാഗങ്ങളെപ്പോലും തികച്ചും പുതിയൊരു സമീപനത്തിലൂടെ നമുക്കു വ്യക്തമാക്കി തരാനുള്ള അദ്ദേഹത്തിന്റെ കഴിവ് ഒന്നുവേറെയായിരുന്നു. അതിനുദാഹരണമായി യോഹന്നാന്റെ സുവിശേഷം 14–ാം അധ്യായത്തിന്റെ ആദിവചനങ്ങളെപ്പറ്റിയുള്ള ടെമ്പിളിന്റെ വിശദീകരണം ശ്രദ്ധിക്കുക:

# വിശ്രമസ്ഥലങ്ങൾ

"**നി**ങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ. എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ (വിശ്രമസ്ഥലങ്ങൾ) ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും." (യോഹന്നാൻ 14:1–3)

തന്റെ തോൽവികളെ കണ്ടുമുട്ടുന്നവൻ മോക്ഷയാത്രയിൽ നിരന്തരം മുന്നേറിക്കൊണ്ടിരിക്കുകയാണെന്നു വ്യക്തം. തന്റെ യജമാനനെപ്പോലെ അവനും പിതാവിന്റെ അടുക്കലേക്കു പോവുകയാണ്.

യാത്രക്കാരൻ മുന്നോട്ടുപോകുമ്പോൾ അവനു വിശ്രമിക്കാൻ വഴിയോരത്ത് ഇടയ്ക്കിടെ വിശ്രമസ്ഥലങ്ങൾ (ഇടത്താവളങ്ങൾ) ഉണ്ട്. പൗരസ്ത്യനാടു

*ശേഷം പേജ് 28 ൽ*





# ഫലവത്തായ ജീവിതം നയിക്കാൻ

സന്തോഷ് പുന്നൻ

ആത്മീയ രംഗത്തു ഫലവത്തായ ജീവിതം നയിക്കുന്ന യൗവനക്കാരുടെ ഏഴുശീലങ്ങൾ താഴെ ചേർക്കുന്നു:

1. അവർ പഠിപ്പിക്കാവുന്നവരാണ്–ശ്രദ്ധയും വിധേയത്വവും (സദൃശ 3:12, 4:20–23)

• പറവാൻ താമസവും കേൾപ്പാൻ വേഗതയും ഉള്ളവരായിരിപ്പിൻ (യാക്കോബ് 1:19), കേൾക്കുമ്പോൾ ശ്രദ്ധയോടിരിപ്പിൻ.

• നിങ്ങൾക്ക് മുകളിൽ ദൈവം ആക്കിവച്ചിരിക്കുന്ന അധികാരികൾക്ക് കീഴടങ്ങുവാൻ പഠിക്കുക– വീട്ടിലും സഭയിലും കൂടാതെ വിദ്യാലയം, ജോലിസ്ഥലം, ഭരണകൂടം എന്നിവയോടുള്ള ബന്ധത്തിലും (1 പത്രോസ് 2:13). ഒരു ദൈവികമായ നേതൃത്വം വഹിക്കുന്നയാൾ ഒന്നാമതായി യേശുവിന്റെ മാതൃക അനുസരിച്ച് വിധേയപ്പെടുവാൻ പഠിച്ചിരിക്കണം. (എബ്രായർ 5:8–9)

2. അവർ തങ്ങളുടെ ആത്മാവിനെ സംരക്ഷിക്കുന്നു– താഴ്മയും സത്യസന്ധതയും

താഴ്മ (1 പത്രോസ് 3:8–9)

• തന്റെ എല്ലാ സൃഷ്ടികളിലും ഉപരിയായി, ദൈവം ശ്രദ്ധയർപ്പിക്കുന്ന വിധത്തിലുള്ള ഒരു വ്യക്തി. (യെശയ്യ 66:2)

• സ്വയം താഴ്മ ധരിക്കുക (1 പത്രോസ് 5:5, കൊലോസ്യർ 3:12). താഴ്മയിൽ നടക്കുക (എഫേ. 4:1–2)

• പ്രായോഗികമായി എങ്ങനെ വേണം? മറ്റുള്ളവർക്ക് മുൻഗണന (ഫിലി. 2:3–4)

സത്യസന്ധത.

• തന്നോടുകൂടെ ആയിരിക്കേണ്ടതിന് ദൈവം ക്ഷണിക്കുന്ന തരത്തിലുള്ള വ്യക്തി. (സങ്കി. 15:1–2).

• ദൈവത്തിന്റെ വചനമാകുന്ന വിത്തിനെ സ്വീകരിക്കുവാൻ തയ്യാറാക്കപ്പെട്ട തരത്തിലുള്ള നിലം (ലൂക്കോസ് 8:15)

• പ്രായോഗികമായി എങ്ങനെ വേണം? നിങ്ങൾ നിങ്ങളായിരിക്കുവാൻ ശ്രമിക്കുക. മനുഷ്യരുടെ അഭിപ്രായങ്ങളിൽ നിന്നും സ്വതന്ത്രരായിരിക്കുക. ദൈവത്തിന്റെ അംഗീകാരം മാത്രം അന്വേഷിക്കുക.

3. അവർ തങ്ങളുടെ ഹൃദയങ്ങളെ സംരക്ഷിക്കുന്നു– മനസ്സും വികാരങ്ങളും (സദൃശ. 4:23)

• ദൈവത്തിനുള്ള സ്തുതി പുറപ്പെടുന്ന ഉറവും (സങ്കീ. 30:12) ദൈവത്തിനായുള്ള വാഞ്ഛയും (സങ്കി. 42:1–2)

• സാത്താൻ നമ്മുടെ മനസ്സിലൂടെ നമ്മെ സ്വാധീനിക്കുവാൻ ശ്രമിക്കുന്നു. അതിനാലാണ് നാം കേട്ടതൊക്കെ മറക്കുന്നത് (ആവർത്തനം 4:9, 1 പത്രോ 2:11)

• എന്നാൽ നമ്മുടെ ആത്മാവിന് ഒരു നങ്കൂരമുണ്ട്. നമ്മുടെ പ്രത്യാശ ദൈവം പ്രതിജ്ഞ ചെയ്ത് ഉറപ്പിച്ചു നൽകിയ വാഗ്ദാനങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു (എബ്രാ. 6:13-19).

• ആദാം തന്റെ മനസ്സിന്റെ നിയന്ത്രണത്തിൽ ജീവിച്ചു. പക്ഷേ ക്രിസ്തു തന്റെ ആത്മാവിന്റെ നിയന്ത്രണത്തിലാണ് ജീവിച്ചത്. (1 കൊരി 15:45)

• ആത്മാവും ദേഹിയും തമ്മിൽ വിവേചിച്ചറിയുവാൻ ദൈവവചനം കഴിവ് നൽകുന്നു (എബ്രാ. 4:12).

പ്രാണനെ യഥാസ്ഥാനപ്പെടുത്തുവാൻ ദൈവത്തെ അനുവദിക്കുക (സങ്കീ. 23:3). അവിടുന്നാണ് നമ്മുടെ പ്രാണന്റെ ഓഹരി (വിലാപങ്ങൾ 3:24)

4. അവർ തങ്ങളുടെ മനസ്സിന് പോഷണം നൽകുന്നു-നിറയ്ക്കുക, ധ്യാനിക്കുക, എഴുതുക.

• നിങ്ങളുടെ മനസ്സിനെ നിറയ്ക്കുക, ഒരിക്കലും അതിനെ ഒഴിച്ചിടരുത് (ഫിലി. 4:8, TLB)

• ദൈവവചനം ധ്യാനിക്കുക; ദൈവത്തിന്റെ അംഗീകാരം നേടുക- (2 തിമൊ 2:15) പാപത്തിൽ നിന്ന് രക്ഷ നേടുക (സങ്കീ. 19:11)

• ദൈവത്തിൽനിന്നു ലഭിച്ച കാര്യങ്ങൾ എഴുതി വയ്ക്കുക.

5. അവർ തങ്ങളുടെ ശരീരങ്ങളെ അച്ചടക്കത്തിൽ സൂക്ഷിക്കുന്നു- കണ്ണുകൾ, നാവ്, കാതുകൾ, ഉദരം (1 കൊരി. 9:27)

• കണ്ണ്: ശുദ്ധിയുള്ളതെങ്കിൽ നിങ്ങളുടെ ശരീരം മുഴുവനും ശുദ്ധിയുള്ളതായിരിക്കും. (മത്തായി 6:22-24)......... യൗവനമോഹങ്ങളെ വിട്ടോടുക (2 തിമൊ. 2:22)

• നാവ്: കപ്പലിന്റെ ചുക്കാൻപോലെ ഒന്നുകിൽ പരിശുദ്ധാത്മാവിന്റെ അഗ്നി (അ. പ്രവൃത്തികൾ 2:3-4) അല്ലെങ്കിൽ നരകത്തിന്റെ അഗ്നി (യാക്കോ. 3:6) പ്രാണന്റെ സംരക്ഷകൻ (സദൃ. 18:7, 21:6) പറയുന്നതിന് മുമ്പ് നിങ്ങൾ പറയുവാൻ ആഗ്രഹിക്കുന്നതിനെ സ്ഫുടം ചെയ്തെടുക്കുക. (സങ്കീ. 12:6) നാവ് ഹൃദയത്തിന്റെ അവസ്ഥയെ ചൂണ്ടിക്കാണിക്കുന്നു (മത്തായി 15:17-18) അശ്രദ്ധമായ ഏതൊരു വാക്കിനും കണക്ക് ബോധിപ്പിക്കേണ്ടി വരും (മത്തായി 12:36-37).

• ചെവി: എന്താണ് നിങ്ങൾ ശ്രവിക്കുന്നത്? "ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ" (വെളി. 2:29)

• വയറ്: അമിതമായി ഭക്ഷിക്കുന്നതിനെക്കുറിച്ച് ശ്രദ്ധയുള്ളവരായിരിക്കുക (ഫിലി. 3:18-19). ഉപവാസം പ്രയോജനപ്രദം (മത്തായി. 6:16-18)

6. അവർ സമയത്തിന്റെ ദാനങ്ങളെ വിലമതിക്കുന്നു-സമയവും പണവും

സമയം

സമയത്തെ വീണ്ടെടുക്കുക- മറ്റെന്തിനെക്കാളും അധികം വിലപിടിച്ചത്.

എല്ലാറ്റിലും ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുവാൻ പഠിക്കുക- വിവാഹം, നേതൃസ്ഥാനം ആദിയായവ( 1പത്രോ 5:6)

പണം

ഈ ഭൂമിയിൽ ഒരു പരദേശിയായി ജീവിക്കുക (എബ്രാ.11:13)

വിശ്വസ്തരായിരിപ്പിൻ - പണസംബന്ധമായി-നീതിയോടും ശ്രദ്ധയോടും ചെലവിടുക (ലൂക്കോസ് 16:10-13)

7. അവർ ധീരന്മാരായ സാക്ഷികൾ- പിശാചിനോടും മനുഷ്യരോടും

പിശാചിനോട്

തങ്ങളുടെ സാക്ഷ്യവചനത്താൽ അവനെ കീഴടക്കിയിരിക്കുന്നു. (വെളി. 12:11)





മനുഷ്യരോട്

• സൗമ്യതയോടും ഭക്തിയോടും പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ (1 പത്രോ. 3:15) കുറിപ്പുകൾ എഴുതുവാൻ ഒരു ബുക്ക് നിങ്ങൾ കൊണ്ടുനടക്കുക.

• എല്ലായ്പ്പോഴും മറ്റുള്ളവരെ ഉത്സാഹിപ്പിക്കുവാൻ തയ്യാറാവുക. നിങ്ങൾക്ക് അപ്രകാരം തോന്നിയാലും ഇല്ലെങ്കിലും (2 തിമൊ. 4:2 TLB)

• ഇതെല്ലാം അസാധ്യമെന്ന് തോന്നുന്നുവോ?

അതെ! അതുകൊണ്ടാണ് നമുക്ക്:

1. മാതൃകയായി യേശു ഉള്ളത് (എബ്രാ. 12:1-3). നിങ്ങളുടെ ദൃഷ്ടി അവങ്കൽ പതിപ്പിക്കുക; എന്തെന്നാൽ അവൻ ഈ ജീവിതം പൂർണ്ണതയിൽ നയിച്ചിരിക്കുന്നു.

2. പരിശുദ്ധാത്മാവ് സഹായകനായി ഉള്ളത് (യോഹ. 14:16)

പരിശുദ്ധാത്മാവിന്റെ നിരന്തരമായ നിറവിനായി കാംക്ഷിക്കുക

**മൊഴിമാറ്റം:**

**ബോബി സണ്ണി കുര്യൻ**

# സ്നേഹത്തിന്റെ വില

പ്രശസ്തനായ ക്രോംവെൽ ഇംഗ്ലണ്ടിൽ ഭരണാധികാരിയായിരിക്കുന്ന കാലം. ചെറുപ്പക്കാരനായ ഒരു പട്ടാളക്കാരൻ കൃത്യവിലോപം കാണിച്ചതിനാൽ അവനെ വെടിവെച്ചു കൊല്ലാൻ കർശനക്കാരനായ ക്രോംവെൽ ഉത്തരവിട്ടു. പിറ്റേന്ന് ആറു മണിക്ക് വലിയ ഗോപുരമണി മുഴങ്ങുമ്പോൾ വധശിക്ഷ നടപ്പാക്കണമെന്നായിരുന്നു ഉത്തരവ്. പിറ്റേന്ന് യുവപട്ടാളക്കാരനെ വധസ്ഥലത്ത് എത്തിച്ച് പട്ടാളക്കാർ മണിയുടെ ഒച്ചയ്ക്കു കാതോർത്തു നിന്നു. പക്ഷേ എന്തത്ഭുതം! ആറുമണിക്ക് മണി മുഴങ്ങിയില്ല.

മണി മുഴങ്ങാഞ്ഞത് എന്തുകൊണ്ടാണെന്ന് ക്രോംവെല്ലിന്റെ നിർദ്ദേശപ്രകാരം അന്വേഷണമായി. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട പട്ടാളക്കാരനെ സ്നേഹിക്കുന്ന ഒരു പെൺകുട്ടി ഗോപുരത്തിനു മുകളിൽ കയറി വലിയ മണിയുടെ നാക്കിൽ ചുറ്റിപ്പിടിച്ചു കിടന്നതിനാലാണ് മണി മുഴങ്ങാഞ്ഞതെന്ന് മനസ്സിലായി. ആ പെൺകുട്ടിയെ മറ്റു പട്ടാളക്കാർ ക്രോംവെല്ലിന്റെ മുമ്പിൽ ഹാജരാക്കി. മണിയടിക്കുന്നയാൾ തന്റെ മുഴുവൻ ശക്തി ഉപയോഗിച്ചും കയറ് അങ്ങോട്ടും ഇങ്ങോട്ടും വലിച്ചടിച്ചതിനാൽ പെൺകുട്ടിയുടെ ശരീരം മുഴുവൻ മുറിവേറ്റിരുന്നു. എങ്കിലും മണിയൊച്ച മുഴങ്ങാൻ അനുവദിക്കാതെ തന്റെ പ്രിയപ്പെട്ടവനെ രക്ഷിക്കാൻ അവൾ സഹിച്ച ത്യാഗം ക്രോംവെല്ലിൽ മതിപ്പുളവാക്കി. അദ്ദേഹം അവളോടു പറഞ്ഞു: 'ആറു മണിക്ക് മണിയൊച്ച കേൾക്കാഞ്ഞതിനാൽ നിയമപ്രകാരം ഇനി അവനെ വധിക്കാനാവില്ല. നിന്റെ ത്യാഗപരമായ സ്നേഹം അവനെ രക്ഷിച്ചു'.

യേശുകർത്താവ് സ്വന്തജീവൻ നമുക്കുവേണ്ടി തന്നതിനാൽ നാം മരണത്തിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു. *( അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്ന് അറിഞ്ഞിരിക്കുന്നു. 1 യോഹ. 3:16)*

# സത്യകൃപയുടെ സാധ്യതകൾ

*10-ാം പേജിൽ നിന്നു തുടർച്ച*

അതു ക്രിസ്തുവിനു വേണ്ടി അടി കൊള്ളുകയോ ദണ്ഡനങ്ങൾ സഹിക്കുകയോ പോലും അല്ല. ആ രീതിയിലും ആരും പാപം ചെയ്യുന്നതു നിർത്തിവെച്ചിട്ടില്ല.

ഇവിടെ പരാമർശിക്കുന്നത് ദൈവഹിതത്തിനെതിരായിട്ടുള്ള സ്വയത്തിന്റെ മോഹങ്ങളെ ഉപേക്ഷിക്കുന്നതിനെപ്പറ്റിയാണ്. പാപം കുറെ ആനന്ദം കൊണ്ടുവരും. കഷ്ടം സഹിക്കുക എന്നത് ആ ആനന്ദം അനുഭവിക്കുന്നതിന്റെ വിപരീതമായ കാര്യമാണ്. ഓരോ സാഹചര്യത്തിലും കഷ്ടം സഹിക്കാൻ നാം മനസ്സുള്ളവരാണെങ്കിൽ അപ്പോൾ നമുക്കു പാപം ചെയ്യുന്നതിൽനിന്നു മാറിയിരിക്കാം. നമുക്കതിനു മനസ്സുണ്ടെങ്കിൽ ദൈവം നമ്മെ സഹായിക്കും. വാസ്തവത്തിൽ നാം മനസ്സുള്ളവരായാൽ പോലും അവിടുന്നു പ്രവർത്തിക്കുന്നു (ഫിലി.2:12,13). എന്നാൽ മിക്കവാറും സമയത്ത് അവിടുത്തെ പ്രവൃത്തിക്കു നാം തടസ്സം നില്ക്കുകയാണ്. അതിനാലാണ് നാം പരാജയപ്പെട്ടവരായിരിക്കുന്നത്.

ക്രിസ്തു ജഡത്തിൽ കഷ്ടം അനുഭവിച്ചു. നാമും അതേ ഭാവമാണ് ധരിക്കേണ്ടത്. യേശു തന്റെ മുഴുവൻ ജീവിതവും സ്വയത്യാഗത്തിന്റെ വഴിയിലാണ് നടന്നത്. അവിടുന്നു ജഡത്തിൽ ഈ ഭൂമിയിൽ വന്ന് ഒരിക്കലും തന്റെ സ്വന്ത ഇഷ്ടം ചെയ്യാതെ എല്ലായ്പ്പോഴും പിതാവിന്റെ ഹിതം (അതിൽ എന്തു മാത്രം കഷ്ടം ഉൾപ്പെട്ടിരിക്കുന്നു എന്നത് കാര്യമാക്കാതെ) ചെയ്തു (യോഹ.6:38). അങ്ങനെ അവിടുന്ന് ഒരിക്കലും പാപം ചെയ്തില്ല. ഇപ്പോൾ നമുക്കും 'ഒരിക്കലും പാപം ചെയ്തിട്ടില്ലാത്ത' അവിടുത്തെ കാൽചുവടുകളെ പിൻപറ്റുവാനുള്ള അവസരം ലഭിച്ചിരിക്കുകയാണ് (1 പത്രോ.2: 21,22).

**ഇതാണ് ദൈവത്തിന്റെ കൃപയുടെ സുവിശേഷം (സുവാർത്ത)**

ഈ രണ്ടാമത്തെ ലേഖനത്തിൽ പത്രോസ് നമ്മെ ഓർമ്മിപ്പിക്കുന്നത് ദൈവം തന്റെ ദിവ്യശക്തിയാൽ ദൈവഭക്തിയുള്ള ജീവിതത്തിനു അത്യാവശ്യമായ സകലവും ഈ ഭൂമിയിൽ നല്കിയിരിക്കുന്നു (2 പത്രോ.1:3,4) എന്നതാണ്. ഇതാണ് സുവാർത്ത. പത്രോസിന്റേതുപോലെ അതേ മൂല്യമുള്ള ഒരു വിശ്വാസം നാം സ്വീകരിക്കുന്നെങ്കിൽ പത്രോസിനു ലഭിച്ച അതേ കൃപ നാം പ്രാപിക്കുകയും അദ്ദേഹം ചെയ്തതു പോലെ ദൈവസ്വഭാവത്തിനു പങ്കാളികൾ ആകുകയും ചെയ്യും.

അപ്പോൾ ക്രിസ്തുവിന്റെ സ്വഭാവങ്ങളായ ധാർമ്മികവൈശിഷ്ട്യം, അറിവ്, ആത്മനിയന്ത്രണം, സഹിഷ്ണുത, ദൈവഭക്തി, സഹോദരതുല്യമായ കരുണ, സ്നേഹം എന്നിവ വർധിച്ച അളവിൽ നമുക്കുണ്ടാകും (2 പത്രോ.1: 5-11). നമ്മെ അതു ഫലവത്താക്കുകയും എല്ലാ അന്ധതയിൽനിന്നും ഹ്രസ്വദൃഷ്ടിയിൽനിന്നും സ്വതന്ത്രരാക്കുകയും ചെയ്യും (വാക്യം 8,9).

യേശുവിൽ വിശ്വസിക്കുന്ന ഓരോരുത്തരും ഫലം പുറപ്പെടുവിക്കും (യോഹ.15:5). അതുകൊണ്ട് ക്രിസ്തുവിന്റെ ഈ സദ്ഗുണങ്ങൾ നമ്മിൽ വർദ്ധിച്ച രീതിയിൽ വെളിപ്പെടുന്നില്ലെങ്കിൽ അതു സൂചിപ്പിക്കുന്നതു നാം ക്രിസ്തുവിൽ വസിക്കുന്നില്ല എന്നും നാം ദൈവത്തിന്റെ സത്യകൃപയുടെ കീഴിലല്ല ജീവിക്കുന്നത് എന്നുമാണ്.

**കൃപ നമ്മെ ഒന്നാക്കുന്നു**

അവരവരെത്തന്നെ താഴ്ത്തുന്നവർ വിജയത്തിനുള്ള കൃപ മാത്രമല്ല, ഓരോരുത്തരോടും ഒന്നായിത്തീരാനുമുള്ള കൃപയും പ്രാപിക്കുന്നു. നാം നേരത്തേ കണ്ടതുപോലെ ഭർത്താവിനും ഭാര്യക്കും ഒരുമിച്ച് 'ജീവന്റെ കൃപയ്ക്ക് കൂട്ടവകാശികൾ' ആകുവാനുള്ള കൃപ ലഭിക്കുന്നതുപോലെ വിശ്വാസികൾക്കും കൃപ ലഭിച്ചിട്ട് അവർ ക്രിസ്തുവിന്റെ ശരീരത്തിലുള്ള മറ്റു സഹോദരന്മാരുമായി കൂട്ടവകാശികൾ ആയിത്തീരുന്നു.

യേശു തന്റെ ഭൗതികജീവിതത്തിന്റെ അവസാനരാത്രിയിൽ പ്രാർത്ഥിച്ചു, അവിടുന്നു പിതാവുമായി ഒന്നായിരിക്കുന്നതുപോലെ നാമും ഒന്നായിരിക്കണം (യോഹ.17:21). അവിടുന്നു പ്രാർത്ഥിച്ചത് ഈ ലോകത്തിൽ വച്ചു തന്നെ നാം ഈ ഐക്യം അനുഭവിക്കണം എന്നാണ് (യോഹ.17:21-23).

ഇത് അറിവിലുള്ള ഐക്യമല്ല, എന്നാൽ ആത്മാവിന്റെ ഐക്യമാണ്. നമ്മുടെ പ്രകൃതത്തിലെ പാപസ്വഭാവവും പാപത്താൽ സങ്കുചിതമാക്കപ്പെട്ട മനസ്സിന്റെ പരിമിതികളും മൂലം ഈ ഭൂമിയിലെ എല്ലാ കാര്യങ്ങൾക്കും അന്യോന്യം നോക്കുവാൻ നമുക്കു കഴിയുന്നില്ല. എന്നാൽ അതു നമ്മുടെ ആത്മീയഐക്യത്തിനു തടസ്സമാകുന്നില്ല. നമ്മുടെ ഹൃദയങ്ങളിൽ നമുക്കിപ്പോഴും ഒന്നായിരിക്കുവാൻ കഴിയും.

നമ്മുടെ തലയായ ക്രിസ്തുവിന്റെ ഹിതമല്ല, മറിച്ച് സ്വന്തഹിതം ചെയ്യുവാൻ നാം ആഗ്രഹിക്കുന്നതാണ് ഐക്യത്തിന്റെ കുറവിനു കാരണം.. ഇതിന് ഉപദേശം മനസ്സിലായാൽ പോരാ, നമ്മുടെ സ്വന്തഹിതം ത്യജിക്കുകയും പിതാവിന്റെ ഹിതം മാത്രം ചെയ്യുകയും വേണം.

യേശു എപ്പോഴും തന്റെ പിതാവിൽ നിന്നു കേട്ടത് അനുസരിച്ചു. പിതാവിന്റെ ഹിതം അനുസരിക്കുന്നതായിരുന്നു അവിടുത്തെ ആഹാരം (യോഹ.4:34).

യേശു പിതാവുമായി ഒന്നായിരുന്നു. ഈ ഏകത്വത്തിലേക്കാണ് നാമും ദൈവത്തിന്റെ സത്യകൃപയിൽകൂടി വിളിക്കപ്പെട്ടിരിക്കുന്നത്.

യേശു എപ്പോഴും തിന്മയെ നന്മയിൽ കൂടി അതിജീവിച്ചു. തിന്മയ്ക്ക് അദ്ദേഹത്തിന്റെ മേൽ ഒരു ശക്തിയുമില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്ന് എപ്പോഴും നന്മയിലാണ് വേരുറച്ചിരുന്നത്. 'നന്മയാൽ തിന്മയെ ജയിക്ക' എന്ന വചനം നാം അനുസരിക്കുന്നുവെങ്കിൽ നമ്മെ സംബന്ധിച്ചും അങ്ങനെ ആയിരിക്കും (റോമ.12:21). മറ്റുള്ളവർ നമ്മെ വെറുക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുമ്പോൾ അവരുടെ തിന്മയെ നന്മ ചെയ്യുന്നതിൽകൂടി നമുക്ക് അതിജീവിക്കുവാൻ കഴിയും. ദൈവത്തിന്റെ സത്യകൃപ നാം സ്വീകരിക്കുമ്പോൾ മാത്രമേ ഇതു സാധ്യമാകയുള്ളു.

അപ്പോൾ യേശു പ്രാർത്ഥിച്ചതു പോലെ ലോകത്തിലുള്ള ദോഷങ്ങളിൽ നിന്നു നാം സൂക്ഷിക്കപ്പെടുകയും (യോഹ.17:15) ഇതേ വഴിയിൽ നടക്കുന്നവരുമായി ഒന്നായിത്തീരുകയും ചെയ്യും.

യേശു പണിയുന്ന സഭ ദൈവത്തിന്റെ സത്യകൃപ ലഭിച്ചതും ഒരുമിച്ച് ഐക്യതയിൽ സഭയായി ക്രിസ്തുവിനു കീഴിൽ പണിയപ്പെടുന്നതും ആയിരിക്കും. അത്തരം ഒരു സഭ മാത്രമേ പാതാളഗോപുരങ്ങളെ ജയിക്കുകയുള്ളു (മത്താ.16:18).

**മൊഴിമാറ്റം: വി.എം. വർഗീസ്**

# ഒരേയൊരു താലന്ത്

ആച്ചിയമ്മ കുരുവിള

ഇന്നു നമ്മുടെ വിദ്യാഭ്യാസ, ഔദ്യോഗികമേഖലകളിൽ താലന്ത് കണ്ടെത്തൽ, താലന്ത് പുഷ്ടിപ്പെടുത്തൽ എന്നീ പരിപാടികൾ അരങ്ങേറിക്കൊണ്ടിരിക്കുന്നു. ലോകത്തിന്റെ നേട്ടങ്ങൾക്കും വിജയങ്ങൾക്കുമായി തങ്ങളുടെ മക്കളെ ഇതുപോലെയുള്ള കേന്ദ്രങ്ങളിലേക്ക് ഒരു ‘മിസ്രയീമ്യവിദ്യകൾ’ അഭ്യസിക്കുവാനായി മാതാപിതാക്കൾ വ്യഗ്രതയോടെ പറഞ്ഞയക്കുന്നു. എന്നാൽ ദൈവമക്കളായ നാം കർത്താവു നമുക്കു നൽകിക്കഴിഞ്ഞിരിക്കുന്നതായ താലന്തുകളുടെ വ്യാപാരത്തിൽ വിശ്വസ്തരോ? അവിടുത്തെ നാമത്തിന്റെ മഹത്വത്തിനും ദൈവരാജ്യത്തിന്റെ വ്യാപനത്തിനുമായി നാം അവ വ്യാപാരം ചെയ്യുന്നുവോ?

സത്യദൈവമായ നമ്മുടെ കർത്താവ് മാനവജാതിയുടെ രക്ഷയ്ക്കായി കേവലം മനുഷ്യനായി ഈ ഭൂമിയിൽ അവതരിച്ചപ്പോൾ അന്ത്യകാലവിഷയവുമായി ബന്ധപ്പെടുത്തി അവിടുന്ന് താലന്തുകളുടെ ഉപമ പറയുകയുണ്ടായി. (മത്തായി 25:14-30). തന്റെ ദാസന്മാരുടെ പ്രാപ്തി നല്ലവണ്ണം വിവേചിച്ചറിഞ്ഞ യജമാനൻ താലന്തുകൾ വിഭാഗിച്ചു നൽകുന്നു. ഒരു താലന്ത് പോലും ലഭിക്കാത്തവരായി അവരിൽ ആരും ഉണ്ടായിരുന്നില്ല എന്നത് എത്ര ആശ്വാസകരം. അതെ, നമ്മുടെ യജമാനൻ ഭൂമിയിൽ ദയയും ന്യായവും, നീതിയും പ്രവർത്തിക്കുന്ന ദൈവം തന്നെ. പ്രശംസിക്കുന്നവൻ ഇങ്ങനെ അവിടുത്തെ അറിയുന്നതിൽ തന്നെ പ്രശംസിക്കട്ടെ (യിരെ. 9:24). പരിശുദ്ധാത്മാവിലൂടെ വീണ്ടും ജനനം പ്രാപിച്ച ദൈവമക്കളായ എല്ലാവർക്കും പൊതുവേ നൽകപ്പെട്ട അടിസ്ഥാനപരവും വളരെ സാധ്യതയുള്ളതുമായ ഒരു താലന്തുണ്ട്. അത് തന്റെ സാക്ഷി ആകാനുള്ള കൃപയാണ് (പ്രവൃ.1:8). പത്രോസ് അപ്പോസ്തോലൻ ഇതേപ്പറ്റി തന്റെ ലേഖനത്തിൽ പറയുന്നത് ‘നിങ്ങളോ അന്ധകാരത്തിൽ നിന്ന്....വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിക്കുവാൻ....ആകുന്നു’ എന്നത്രെ. (1 പത്രോ. 2:9).

ഈ ഉപമയിൽ ഒരു താലന്ത് ലഭിച്ച ദാസനോട് സഹോദരിമായ നാം താദാത്മ്യപ്പെട്ടു പോകുന്നതായി തോന്നിപ്പോകുന്നു. ദൈവത്തിനു മുഖപക്ഷമില്ല എന്നും അവന്റെ ദൃഷ്ടിയിൽ പുരുഷാത്മാവ്, സ്ത്രീയാത്മാവ് എന്ന വേർതിരിവ് ഇല്ലായെന്നും ഉള്ള സത്യം എത്ര മഹത്തരമായ സ്വാതന്ത്ര്യം നമുക്ക് പ്രദാനം ചെയ്യേണ്ടിയിരിക്കുന്നു (ലൂക്കോ. 20:36). മനുഷ്യസൃഷ്ടി കർമ്മം അവിടുന്ന് സമ്പൂർണ്ണമാക്കിയത് ആണുംപെണ്ണുമായി അവരെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചതിലൂടെയാണല്ലോ? (ഉൽപ്പ.1:27). അതുകൊണ്ട് ക്രിസ്തു നമ്മെയും രാജ്യവും പുരോഹിതന്മാരും ആക്കിവച്ചു. അവന്റെ രാജ്യത്തിൽ പങ്കും ഓഹരിയും നമുക്കും ലഭിച്ചു. സ്തോത്രം. ദൈവം നമുക്കും താലന്ത് നൽകിയത് അവിടുത്തെ രാജ്യത്തിന്റെ വ്യാപനത്തിനായി വ്യയം ചെയ്യാനാണ്.

ദൈവരാജ്യത്തിന്റെ വ്യാപനം എന്ന





ലക്ഷ്യം പരിശുദ്ധാത്മാവ് നിറവേറ്റുന്നത് ആത്മപ്രേരിതരായ വ്യക്തികൾ, കുടുംബങ്ങൾ , സഭ, സമൂഹം ഇവയിലൂടെ ക്രിസ്തുവിനെതന്നെ വിസ്തൃതമാക്കിക്കൊണ്ടാണല്ലോ. നമ്മെ അവിടുന്നു വിളിച്ചതിന്റെ ദിവ്യഉദ്ദേശം തന്നെ അവിടുത്തെ സദ്ഗുണങ്ങളെ ഘോഷിക്കുവാൻ വേണ്ടിയാണ് (1 പത്രോ. 2:9). ‘ഘോഷിക്കുക’ എന്നാൽ വിളിച്ചു പറയുക ഉറച്ചു പ്രസ്താവിക്കുക എന്നാണല്ലോ അർത്ഥം. നിസംഗതയോടെ മൗനമായിരിക്കുക എന്ന് അതിന് ഒരിക്കലും അർത്ഥമില്ല. സംസാരശേഷിയുള്ള ഒരു നാവ് കർത്താവ് നമുക്ക് നൽകിയിരിക്കുന്നു. നാവ് ഏറ്റവും ചെറിയ അവയവമെങ്കിലും നമ്മുടെ വിചാരങ്ങളും വികാരങ്ങളും ലക്ഷ്യങ്ങളും എന്തിന് നമ്മെത്തന്നെയും വെളിപ്പെടുത്തുവാൻ പ്രാപ്തമായതാണ്. ഒരുവന് രക്ഷിക്കപ്പെടുവാനായി ഹൃദയംകൊണ്ട് വിശ്വസിക്കുകയും വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്യേണ്ടതുണ്ടല്ലോ? (റോമ. 10:9, 10). ഞാൻ അധരങ്ങളുടെ ഫലം സൃഷ്ടിക്കും എന്ന് മഹാദൈവം തന്നെ അരുളിച്ചെയ്തിരിക്കുന്നു (യെശ.57:19). പരിശുദ്ധാത്മാവിനാൽ നിരന്തരം ശുദ്ധിചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു നാവിന്റെ ഫലസിദ്ധി അപാരം തന്നെ.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് ഈ ഭൂമിയിൽ ആയിരുന്നപ്പോൾ അവിടുന്ന് എപ്രകാരം വർത്തിച്ചു? ദൈവം എന്ന നിലയിൽ അവിടുത്തേയ്ക്കുണ്ടായിരുന്ന സകല താലന്തുകളും ഉരിഞ്ഞുകളഞ്ഞു. അവിടുന്ന് ഒരേയൊരു താലന്ത് മാത്രം ഉള്ളവനായി ഈ ഭൂമിയിൽ ജീവിച്ചു. പിതാവിൽ സമ്പൂർണ്ണ ആശ്രയമുള്ള ഒരു ജീവിതത്തിനുടമയായി. പിതാവിന് സമ്പൂർണ്ണമായി സമർപ്പിച്ച ഒരു ശരീരം അവിടുത്തേയ്ക്കുണ്ടായിരുന്നു. വാദ്യോപകരണങ്ങൾ, അത്യാധുനികവും സങ്കീർണ്ണവുമായ പരസ്യോപാധികൾ, തന്ത്രപരമായ നീക്കങ്ങൾ, കൗശലങ്ങൾ ഒന്നും തന്നെ തന്റെ പിതാവിന്റെ രാജ്യത്തിന്റെ വ്യാപനത്തിനായി അവിടുന്ന് ഉപയോഗിച്ചില്ല. ഒരേയൊരു താലന്ത്! തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന് ദൈവം അവിടുത്തേക്ക് ശിഷ്യന്റെ നാവു നൽകി. ശിഷ്യനെപ്പോലെ കേൾക്കേണ്ടതിന് ഉണർത്തപ്പെട്ട ചെവിയും! സ്തോത്രം സ്തോത്രം (യെശ. 50:4,5). അവിടുന്ന് സ്വയമായി ഒന്നും ചെയ്യാതെ പിതാവു നൽകിയ വെളിപ്പാടിന്മേൽ ജീവിച്ചു. പ്രവർത്തിച്ചു, സംസാരിച്ചു. പിതാവു ചെയ്തു കാണിച്ചത് അതേപോലെ ചെയ്തു. പിതാവു പറയാൻ പറഞ്ഞത് അപ്രകാരം ധൈര്യത്തോടെ പറഞ്ഞു (യോഹ. 12:49.50). പാതാളഗോപുരങ്ങൾ അവയെ ഒരിക്കലും ചോദ്യം ചെയ്തില്ല; ജയിച്ചതുമില്ല. (പക്ഷേ മനുഷ്യർ അവിടുത്തെ

ശേഷം പേജ് 36 ൽ

> ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നാം എല്ലാം ഒരുനാൾ നിൽക്കേണ്ടി വരും. അന്ന് യജമാനൻ വന്ന് ഏവരുമായി കണക്ക് തീർക്കും: ‘ഞാൻ നിന്നെ ഭരമേൽപ്പിച്ച താലന്തുകൊണ്ട് നീ എന്തു നേടി?’ ഉത്തരം നാം തന്നെ പറയേണ്ടി വരും. നമ്മെ പിന്താങ്ങുവാനോ, നീതീകരിപ്പാനോ ആരും തന്നെ ഉണ്ടാവുകയില്ല. അവിടുത്തെ മഹാപ്രഭാവത്തിനു മുമ്പിൽ ആരു ന്യായം പറയും?

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

## യോഹന്നാന്റെ സുവിശേഷം

സാക്പുന്നൻ

### യോഹന്നാന്റെ സുവിശേഷം അധ്യായം നാല്

നാലാമദ്ധ്യായത്തിൽ ശമര്യ സന്ദർശിക്കുന്ന യേശുവിനെ നാം കണ്ടെത്തുന്നു. യേശുവും ശിഷ്യന്മാരും നടന്നു ക്ഷീണിച്ചു വിശന്നു ശമര്യയിലെത്തുന്നു. ഇപ്രകാരം സുവിശേഷദൗത്യവുമായി നാമും ഒരു പട്ടണത്തിൽ വിശന്നു ക്ഷീണിച്ചെത്തിയാൽ എന്തായിരിക്കും ചെയ്യുക? നാമെല്ലാവരും കൂടി ഒരു ഭക്ഷണശാലയിലേക്കു ചെന്ന് ഭക്ഷണം കഴിക്കും. എന്നാൽ യേശു പരിശുദ്ധാത്മപ്രേരിതനായി ശിഷ്യന്മാരെ ഭക്ഷണത്തിനു വേണ്ടി പറഞ്ഞയച്ചിട്ട് വഴിയോരത്ത് കാത്തിരുന്നു. ആ സമയം കടന്നു വന്ന ഒരു സ്ത്രീ മുഖാന്തരം ആ പട്ടണവാസികളൊക്കെ വന്ന് യേശുവിനെ ശ്രദ്ധിക്കാനിടയായി. യേശു എപ്പോഴും പരിശുദ്ധാത്മാവിനെ ശ്രദ്ധിച്ചിരുന്നു. അപ്രകാരം തന്നെയായിരുന്നു അപ്പൊസ്തൊലന്മാരും. ശമര്യയിലൊരു ഉണർവ്വുണ്ടാക്കിയിട്ട് മരുഭൂമിയിലേക്കു പോകുവാനായിരുന്നു ഫിലിപ്പോസിന്റെ നിയോഗം. അവൻ അതനുസരിച്ചപ്പോൾ എത്യോപ്യക്കാരനായ ഒരു ഷണ്ഡനെ കണ്ടെത്തുകയും അവൻ സുവിശേഷം സ്വീകരിച്ച് അനേകം



ഇവിടെ മത്സരമൊന്നുമാവശ്യമില്ല. ചില ഇടയന്മാർ പറയുന്നു: "നിങ്ങൾ എന്റെ ആടുകളെ അപഹരിച്ചിരിക്കുന്നു." എന്നാൽ അവർ ദൈവത്തിന്റെ ആടുകളാണ്. എന്റേതോ നിങ്ങളുടേതോ അല്ല.





എത്യോപ്യക്കാർക്ക് രക്ഷാമാർഗ്ഗം തുറക്കുന്നതിനു മുഖാന്തരമായിത്തിരുകയും ചെയ്തു. അന്ന് ഫിലിപ്പോസ് പരിശുദ്ധാത്മാവിനെ ശ്രദ്ധിച്ചതുകാരണം കഴിഞ്ഞ 2000 വർഷമായി എത്യോപ്യയിൽ ക്രിസ്തീയ സാക്ഷ്യം നിലനില്ക്കുന്നു. അന്ന് മരുഭൂമിയിലൂടെ മണിക്കുറുകളോളം നടക്കുവാൻ ഫിലിപ്പോസ് മനസ്സുകാണിച്ചതുകൊണ്ട് തിരികെ വീട്ടിലേക്ക് ഒരു സൗജന്യ യാത്ര ലഭിച്ചു. ആത്മാവ് അവനെ എടുത്തുകൊണ്ടുപോയി (അ:പ്ര:8) പത്രോസ് പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ കൊർന്നെല്യാസിന്റെ വീട്ടിലേക്കു പോകുവാൻ ആജ്ഞ ലഭിച്ചു. (അത്തരമൊരു ചിന്ത പത്രോസിന് ഒരിക്കലുമുണ്ടായിരുന്നില്ല.) (അ:പ്ര:10).

തന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടു വരുവാൻ യേശു ശമര്യക്കാരത്തി സ്ത്രീയോടു പറഞ്ഞു (4:16) തനിക്കു ഭർത്താവില്ല എന്നു സ്ത്രീ പറഞ്ഞു. "നീ പറഞ്ഞതു ശരി തന്നെ." യേശു ഉത്തരം പറഞ്ഞു. "അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു. ഇപ്പോൾ കൂടെയുള്ളവനോ ഭർത്താവല്ല". (4:18) യേശുവിന്റെ ആ പ്രസ്താവം അവളെ പരുങ്ങലിലാക്കുകയും അവൾ ആരാധന എന്ന വിഷയത്തിലേക്കു സംഭാഷണം മാറ്റുകയും ചെയ്തു. ഇവിടെ യേശുവിന്റെ മഹാമനസ്കത നാം കാണുന്നു. അവളുടെ പരിഭ്രമം മനസ്സിലാക്കിയ മാത്രയിൽത്തന്നെ യേശുവും സംഭാഷണവിഷയം മാറ്റുന്നു. അവിടുന്നു കൃപയും സത്യവും നിറഞ്ഞവനായിരുന്നു. യേശുവിന്റെ മഹത്വം കാണിച്ചു തരുവാൻ പരിശുദ്ധാത്മാവിനെ നിങ്ങൾ ഇവിടെ അനുവദിക്കുന്നു എങ്കിൽ അവിടുന്നു നിങ്ങളെയും തന്റെ സാദൃശത്തിലേക്കു രൂപാന്തരപ്പെടുത്തും.

യോഹന്നാൻ മൂന്നാമദ്ധ്യായത്തിൽ യേശു ഒരു ബിഷപ്പിനോടു രക്ഷയുടെ പ്രാഥമിക സത്യങ്ങൾ സംസാരിക്കുന്ന അത്ഭുതം നമുക്കു കാണാം. അഞ്ചു ഭർത്താക്കന്മാരെ ഉപേക്ഷിച്ച പാപിനിയായ ഒരു സ്ത്രീയോട് ആരാധനയുടെ ആഴമേറിയ സത്യങ്ങൾ വെളിപ്പെടുത്തുന്നതു നാലാം അദ്ധ്യായത്തിലും നമുക്കു കാണാം. ബിഷപ്പിനുള്ളതിനേക്കാൾ സത്യത്തിനായുള്ള ദാഹം സ്ത്രീയിലായിരിക്കാം കർത്താവു കണ്ടത്. സ്വർഗ്ഗീയ പിതാവ് സത്യാരാധനക്കാരെ-ആത്മാവിലും സത്യത്തിലും (യാഥാർത്ഥ്യത്തിലും) ആരാധിക്കുന്നവരെ-ലോകം മുഴുവനും അന്വേഷിക്കുന്നു. പഴയ ഉടമ്പടിയിൽ ശരീരത്തിലും പ്രാണനിലും മാത്രമായിരുന്നു ആരാധിക്കുവാൻ മനുഷ്യനു കഴിഞ്ഞിരുന്നത്. കയ്യടിയും വികാര പ്രകടനങ്ങൾ നടത്തിയും ഒക്കെ ഇന്നും വളരെയധികം ആളുകൾ ആ നിലയിൽ മാത്രം ആരാധിക്കുന്നവരാണ്. എന്നാൽ യേശു പറഞ്ഞു: യഥാർത്ഥ ആരാധകർ ആത്മാവിൽ ആരാധിക്കുന്ന സമയം വരുന്നു. വന്നിരിക്കുന്നു.യേശുവിന്റെ മര

യേശു എപ്പോഴും പരിശുദ്ധാത്മാവിനെ ശ്രദ്ധിച്ചിരുന്നു. അപ്രകാരം തന്നെയായിരുന്നു അപ്പൊസ്തലന്മാരും. ശമര്യയിലൊരു ഉണർവ്വുണ്ടാക്കിയിട്ട് മരുഭൂമിയിലേക്കു പോകുവാനായിരുന്നു ഫിലിപ്പോസിന്റെ നിയോഗം. അന്ന് ഫിലിപ്പോസ് പരിശുദ്ധാത്മാവിനെ ശ്രദ്ധിച്ചതുകാരണം കഴിഞ്ഞ 2000 വർഷമായി എത്യോപ്യയിൽ ക്രിസ്തീയ സാക്ഷ്യം നിലനില്ക്കുന്നു.

യോഹന്നാൻ മൂന്നാമദ്ധ്യായത്തിൽ യേശു ഒരു ബിഷപ്പിനോടു രക്ഷയുടെ പ്രാഥമിക സത്യങ്ങൾ സംസാരിക്കുന്ന അത്ഭുതം നമുക്കു കാണാം. അഞ്ചു ഭർത്താക്കന്മാരെ ഉപേക്ഷിച്ച പാപിനിയായ ഒരു സ്ത്രീയോടു ആരാധനയുടെ ആഴമേറിയ സത്യങ്ങൾ വെളിപ്പെടുത്തുന്നതു നാലാം അദ്ധ്യായത്തിലും നമുക്കു കാണാം. ബിഷപ്പിനുള്ളതിനേക്കാൾ സത്യത്തിനായുള്ള ദാഹം സ്ത്രീയിലായിരിക്കാം കർത്താവു കണ്ടത്.

ണത്തിലൂടെ അതിവിശുദ്ധ സ്ഥലത്തിനു മുമ്പിലുള്ള തിരശ്ശീല ചീന്തപ്പെടാനും മനുഷ്യനു ദൈവസന്നിധിയിലേക്ക് കടന്ന് ചെന്ന് തന്റെ ശരീരത്തെ ജീവനും വിശുദ്ധിയുമുള്ള യാഗമായി അർപ്പിച്ചുകൊണ്ട് ആത്മാവിൽ ആരാധിപ്പാനും സാദ്ധ്യമായിത്തീർന്നിരിക്കുന്നു. (റോമ. 12:1 എൻ.എ.എസ്.ബി).

യേശു തന്റെ ശിഷ്യന്മാരോട് രണ്ടു കാര്യങ്ങൾ പറയുകയുണ്ടായി. ഒന്നാമതായി : എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവിടുത്തെ വേല തികയ്ക്കുകതന്നെ എന്റെ ആഹാരം(4:34). ഓടി നടന്നു ദൈവത്തിനുവേണ്ടി എന്തെങ്കിലുമൊക്കെ ചെയ്തു കൂട്ടുക എന്നതായിരുന്നില്ല തന്റെ ഭക്ഷണം. പിതാവു തന്നെക്കുറിച്ച് എന്താഗ്രഹിക്കുന്നുവോ അതുതന്നെ ചെയ്യുക എന്നതായിരുന്നു. രണ്ടാമതായി തന്റെ ശിഷ്യന്മാരോടു പറഞ്ഞത്. തലയുയർത്തി ചുറ്റിലും കൊയ്ത്തിനു വിളഞ്ഞു നില്ക്കുന്ന നിലങ്ങൾ കാണുക എന്നതാണ്. (വാ.35)

ചിലർ വിതയ്ക്കുവാനായും ചിലർ കൊയ്യുവാനായും വിളിക്കപ്പെട്ടിരുന്നു. (4:36). കൊയ്യുവാനുള്ള വിളിയാണ് അടിസ്ഥാനപരമായി എനിക്കു ലഭിച്ചിട്ടുള്ളത്. യേശു പറഞ്ഞു: ഞാൻ നിങ്ങളെ കൊയ്യുവാനായി മറ്റുള്ളവരുടെ അദ്ധ്വാനത്തിലേക്ക് അയച്ചിരിക്കുന്നു. (4:38) 200 വർഷങ്ങൾക്ക് മുമ്പ് വില്യം കേരി ഇൻഡ്യയിലേക്കു വരുകയും വളരെ ക്ലേശം സഹിച്ച് വിതയ്ക്കുകയും ചെയ്തു. തുടർന്ന് ഭക്തന്മാരായ നിരവധി മിഷനറിമാർ വരികയും വിതയ്ക്കുകയും അധികം ഫലമൊന്നും കാണാതെ പോകുകയും ചെയ്തു. എന്നാൽ ഇന്ന് ഞാൻ തമിഴ്നാടിന്റെ ഉൾഗ്രാമത്തിലേക്കു പോകുമ്പോൾ ഈ മിഷിണറിമാർ വിതച്ചതിന്റെ ഫലം കൊയ്യുവാൻ എനിക്കിടയാകുന്നതു ഞാൻ കാണുന്നു. ലഭിക്കുന്നതിനേക്കാൾ എത്രയോ വലുതായിരിക്കും അവരുടെ പ്രതിഫലം. കാരണം അവർ ദീർഘവർഷങ്ങൾ കഠിനപ്രയത്നം ചെയ്യുകയും അല്പം ഫലം കാണുകയോ ഒന്നും കാണാതിരിക്കുകയോ ചെയ്തവരാണ്. ഒരു സുവിശേഷകൻ കടന്നു പോവുകയും ആളുകളെ കർത്താവിങ്കലേക്കു കൊണ്ടു വരികയും ചെയ്യുന്നു. ആ വ്യക്തികളെ തുടർന്ന് ഒരു ഉപദേഷ്ടാവിനെയോ ഇടയനെയോ ഏല്പ്പിക്കേണ്ടതായിട്ടുണ്ട്- ക്രിസ്തുവിന്റെ ശരീരമാക്കി രൂപാന്തരപ്പെടുത്തുവാൻ. അക്കാര്യത്തിൽ ഇവിടെ മത്സരമൊന്നുമാവശ്യമില്ല. ചില ഇടയന്മാർ പറയുന്നു: "നിങ്ങൾ എന്റെ ആടുകളെ അപഹരിച്ചിരിക്കുന്നു." അവർ ദൈവത്തിന്റെ ആടുകളാണ്. എന്റേതോ നിങ്ങളുടേതോ അല്ല. അവർ നിങ്ങളുടെ ആടുകളെങ്കിൽ അവർ നരകത്തിൽത്തന്നെ അവസാനിക്കും. കർത്താവിന്റെ ആടുകൾ മാത്രമാണു സ്വർഗത്തിൽ പോവുക. മദ്യപനായ ഒരുവനെ തെരുവിൽ വച്ചു കണ്ടു മുട്ടിയ ഒരു സുവിശേഷകന്റെ കഥ





ഞാൻ കേട്ടിട്ടുണ്ട്.

"താങ്കൾക്കെന്നെ മനസ്സിലായോ? എന്നെ വിശ്വാസത്തിലേക്കു കൈ പിടിച്ചു കൊണ്ടുവന്നത് താങ്കളാണ്." മദ്യപൻ പറഞ്ഞു "ഓ! നിങ്ങൾ ഈ നിലയിലാണെങ്കിൽ നിങ്ങൾ ഒരിക്കലും കർത്താവിന്റെ അനുയായി അല്ല. എന്റെ അനുയായിതന്നെ ആയിരുന്നിരിക്കണം." സുവിശേഷകൻ പറഞ്ഞു. എന്റെ ആടുകളെ ആരും അപഹരിച്ചിട്ടില്ല. കാരണം എനിക്ക് സ്വന്തമായി ആടുകളില്ല. അവരെല്ലാം കർത്താവിന്റെ ആടുകളാണ്. അവർക്കു മറ്റൊരു സഭയിൽ മെച്ചപ്പെട്ട മേച്ചിൽപ്പുറം കണ്ടെത്താൻ കഴിയുന്നെങ്കിൽ അവിടെ പോകുന്നതിൽ നിന്നും ഞാനൊരിക്കലും അവരെ തടയില്ല. അങ്ങനെ ചെയ്യുവാൻ നിങ്ങൾക്കും കഴിയില്ല. നിങ്ങളുടെ സ്വകാര്യ സമ്പത്തെന്ന വണ്ണം ദൈവത്തിന്റെ ആടുകളെ കാണുവാൻ പാടില്ല.

4: 46-54- ൽ കഫർന്നഹൂമിലെ രോഗിയായ മകനുള്ള രാജഭൃത്യനെ നാം കാണുന്നു. അവൻ യേശുവിനെ കാണുവാൻ കാനാവിലേക്കു വന്നു. യേശു പറഞ്ഞു: " പോകുക നിന്റെ മകൻ ജീവിച്ചിരിക്കുന്നു" അവൻ വീട്ടിലെത്തിയപ്പോൾ തന്റെ മകനു സുഖം പ്രാപിച്ച സമയം ദാസന്മാരോടു ചോദിച്ചറിഞ്ഞു: ഇന്നലെ ഉച്ചയ്ക്ക് ഒരു മണിക്ക് എന്ന് ഉത്തരം ലഭിച്ചു. അതിന്റെ അർത്ഥം പിറ്റേന്നു മാത്രമാണ് അദ്ദേഹത്തിന് വീട്ടിലെത്താൻ കഴിഞ്ഞതെന്നാണ്. രാജകീയ ഉദ്യോഗസ്ഥനായ അദ്ദേഹം തീർച്ചയായും ഒരു രഥത്തിലായിരിക്കണം കാനായിലേക്കു പോയത്. കഫർന്നഹൂമിലേക്ക് 25 കി.മീറ്ററിലധികം ദൂരമില്ലാത്തിനാൽ രണ്ടോ മൂന്നോ മണിക്കൂറുകൊണ്ട് വീട്ടിൽ എത്തിച്ചേരാൻ കഴിയുമായിരുന്നു. എന്നാൽ അദ്ദേഹം അന്നു തന്നെ തിരക്ക് പിടിച്ച് വീട്ടിലേക്കു പോന്നില്ല.

സ്വർഗ്ഗീയ പിതാവ് സത്യാരാധനക്കാരെ-ആത്മാവിലും സത്യത്തിലും (യാഥാർത്ഥ്യത്തിലും) ആരാധിക്കുന്നവരെ-ലോകം മുഴുവനും അന്വേഷിക്കുന്നു. പഴയ ഉടമ്പടിയിൽ ശരീരത്തിലും പ്രാണനിലും മാത്രമായിരുന്നു ആരാധിക്കുവാൻ മനുഷ്യനു കഴിഞ്ഞിരുന്നത്. കയ്യടിയും വികാരപ്രകടനങ്ങൾ നടത്തിയും ഒക്കെ ഇന്നും വളരെയധികം ആളുകൾ ആ നിലയിൽ മാത്രം ആരാധിക്കുന്നവരാണ്.

ആ രാത്രി കാനാവിൽ താമസിച്ച് പിറ്റേന്നാണ് അദ്ദേഹം മടങ്ങി പോന്നത്. രോഗം മൂർച്ഛിച്ചു കിടക്കുന്ന ഒരു പൈതലിനെ വീട്ടിലാക്കിയിട്ട് ആരാണ് അങ്ങനെ ചെയ്യുക? തന്റെ മകൻ സൗഖ്യം പ്രാപിച്ചിരിക്കുന്നു എന്ന യേശുവിന്റെ വാക്കിലുള്ള അവന്റെ വിശ്വാസമാണ് നാം അവിടെ കാണുന്നത്. അതുകൊണ്ടുതന്നെ തിരക്കു പിടിച്ചു വീട്ടിലേക്ക് അവൻ മടങ്ങിയില്ല. അങ്ങനെയുള്ള ഒരു വിശ്വാസം നമുക്ക് യേശുവിലുണ്ടോ? നിന്റെ മകൻ സുഖം പ്രാപിച്ചിരിക്കുന്നു എന്നു കേൾക്കുന്ന മാത്രയിൽത്തന്നെ അതുസംഭവിച്ചോ എന്ന് അറിയുവാനുള്ള ജിജ്ഞാസയോടെ വീട്ടിലേക്കു നാം മടങ്ങുമോ?

**അധ്യായം അഞ്ച്**

5-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു: വ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ ഇങ്ങനെ വലിയ ഒരു കൂട്ടം ആളുകൾ അവിടെ ബെഥേസ്ദാ കുളക്കരയിൽ കിടന്നിരുന്നു. (5:3)

**വ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ ഇങ്ങനെ വലിയ ഒരു കൂട്ടം ആളുകൾ അവിടെ ബെഥേസ്ദാ കുളക്കരയിൽ കിടന്നിരുന്നു. ഇത് ഇന്നു നാം കാണുന്ന അനേകം സഭകളുടെ ഒരു ചിത്രമാണ്. അവയിൽ ആത്മീയമായി അന്ധരും മുടന്തരും രോഗികളും ഒക്കെയായി വലിയ ഒരു കൂട്ടം വിശ്വാസികളുണ്ട്. യേശു വന്ന് അവരെ സൗഖ്യമാക്കേണ്ടതുണ്ട്.**

ഇത് ഇന്നു നാം കാണുന്ന അനേകം സഭകളുടെ ഒരു ചിത്രമാണ്. അവയിൽ ആത്മീയമായി അന്ധരും മുടന്തരും രോഗികളും ഒക്കെയായി വലിയ ഒരു കൂട്ടം വിശ്വാസികളുണ്ട്. യേശു വന്ന് അവരെ സൗഖ്യമാക്കേണ്ടതുണ്ട്. 38 വർഷമായി രോഗം പിടിച്ചു കിടന്നൊരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. 38 വർഷമെന്നത് കനാനിലേക്ക് പ്രവേശിക്കായ്ക കൊണ്ട് യിസ്രായേൽമക്കളെ മരുഭൂമിയിൽ ദൈവം അലയുവാൻവിട്ട കാലയളവാണ്. കനാന്റെ അതിരിലെ കാദേശ് ബർന്നയിലെത്തിയതുമുതൽ അടുത്ത തലമുറ കനാനിലേക്ക് കടന്നതുവരെയുള്ള കാലഘട്ടം- ദൈവം സത്യം ചെയ്തതുപോലെ ആ തലമുറ മുഴുവൻ ആ കാലത്തു പട്ടു പോയി (ആവ. 2:14). ഈ പക്ഷവാതക്കാരനായ മനുഷ്യനും പാപത്തെ ജയിക്കുവാൻ കഴിയാതെ പരാജിതരായി കിടക്കുന്ന വിശ്വാസികളെ പ്രതിനിധീകരിക്കുന്നു. ദൂതൻ വെള്ളം കലക്കുമ്പോൾ കുളത്തിലിറങ്ങുവാൻ വേണ്ടി ഒന്നെഴുന്നേൽക്കുവാൻ 38 വർഷമായി അയാൾ ശ്രമിക്കുന്നു.

ഓരോ വർഷവും അയാൾ പരാജയപ്പെടുകയും ഒടുവിൽ ആശ കൈവെടിയുകയും ചെയ്തു. ഇതു ന്യായപ്രമാണത്തിൽ കീഴിലെ ജീവിതത്തിന്റെ പ്രതീകമാണ്. നിങ്ങൾ വീണ്ടും വീണ്ടും ശ്രമിക്കുകയും തുടർച്ചയായി പരാജയപ്പെട്ട് ഒടുവിൽ നിരാശനായിത്തീരുകയും ചെയ്യുന്നു. അപ്പോൾ യേശു കടന്നു വരികയും ഞൊടിയിടയിൽത്തന്നെ വിജയത്തിലേക്ക് നിങ്ങൾ പ്രവേശിക്കുകയും ചെയ്യുന്നു. ഈ അത്ഭുതം ഒരു അടയാളവും ഒരു ഉപമയും കൂടിയാണ്. മരുഭൂമിയിലെ ആ 38 വർഷക്കാലത്ത് യുദ്ധാഭ്യാസം ചെയ്ത സകല പുരുഷന്മാരും മരിച്ചു കഴിഞ്ഞു. മനുഷ്യന്റെ എല്ലാ പ്രയത്നവും ഊർജ്ജവും അവസാനിച്ചേ തീരൂ. നാം ഒരു ശൂന്യാവസ്ഥയിലെത്തുവാൻ കർത്താവു കാത്തു നില്ക്കുന്നു. 5:14- ൽ അധികം തിന്മയായതൊന്നും വന്നു ഭവിക്കാതിരിക്കുവാൻ ഇനി പാപം ചെയ്യരുതെന്ന മുന്നറിയിപ്പും യേശു അയാൾക്കു നൽകുന്നതായി നാം കാണുന്നു. ആ മനുഷ്യന്റെ രോഗം പാപം കാരണമായുണ്ടായിരുന്നതായിരുന്നു എന്നു നാം മനസ്സിലാക്കുന്നു. ചില രോഗങ്ങൾ പാപം മൂലം ഉണ്ടാകുന്നതും ആ പാപം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാതെ അതിൽ നിന്ന് മോചനം പ്രാപിച്ചുകൂടാത്തതുമാണ്.

എന്തുകൊണ്ടാണ് ശബ്ബത്തിലും സൗഖ്യമാക്കുന്നതെന്നു ചോദിച്ചവരോടു യേശു മറുപടി പറഞ്ഞു: എന്റെ പിതാവ് ശബ്ബത്തിലും പ്രവർത്തിക്കുന്നു. (5:17) പിതാവായ ദൈവത്തിന് ഇന്നു ശബ്ബത്ത് അവധിയില്ല. ഉല്പത്തി 2:1-ൽ മാത്രമാണ് ദൈവം വിശ്രമിച്ച ശബ്ബത്ത് ആയി രേഖപ്പെടുത്തിയിട്ടുള്ളത്. അന്നു മനുഷ്യൻ പാപത്തിൽ വീണിരുന്നില്ല. മനുഷ്യന്റെ പതനം മുതൽ ദൈവം





വിശ്രമം കൂടാതെ പ്രവർത്തിച്ചു വരുന്നു. അതുകൊണ്ടു യേശു പറഞ്ഞു: എനിക്കും ശബത്തും വിശ്രമവും ഇല്ല. എന്റെ പിതാവു പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തിക്കുന്നു. യേശു ഒരു മുഴുവൻ സമയപ്രവർത്തകനായിരുന്നു. ആഴ്ചയിൽ ഏഴുദിവസവും 24 മണിക്കൂറും അവിടുന്നു പ്രവർത്തിച്ചു. സാത്താനും രാവും പകലും നിരന്തരം പ്രവർത്തിക്കുന്നു-വിശുദ്ധന്മാർക്കെതിരെ അപവാദം പറയുവാൻ (വെളി.12:11). ദൈവം തന്റെ എല്ലാ മക്കളും മുഴു ഹൃദയത്തോടെ തനിക്കു സമർപ്പിതരായിരിക്കണമെന്നു ദൈവം അഗ്രഹിക്കുന്നു. അവൻ മറ്റ് ലൗകികമായ ഉദ്യോഗങ്ങൾ വഹിക്കുന്നവരായിരുന്നാൽപ്പോലും.

5:30-ൽ യേശു പറഞ്ഞു:"ഞാൻ സ്വയമായി ഒന്നും ചെയ്യുന്നില്ല." അതിനർത്ഥം അവിടുന്ന് എപ്പോഴും പിതാവിന്റെ ഹിതം അറിയുവാൻ വേണ്ടി കാത്തിരിക്കുമായിരുന്നു എന്നാണ്. പിതാവു കല്പിക്കുന്ന കാര്യങ്ങൾ മാത്രമേ അവിടുന്നു ചെയ്തിരുന്നുള്ളൂ. അതുകൊണ്ടാണു തനിക്കു വിശന്നപ്പോൾ കല്ലുകൾ അപ്പമാക്കുവാൻ താൻ ശ്രമിക്കാതിരുന്നത്. പിതാവ് അതു കല്പ്പിച്ചില്ല. നാമും അങ്ങനെ തന്നെ ജീവിക്കേണ്ടവരാണ്. ഇതിനർത്ഥം സ്വർഗ്ഗത്തിൽ നിന്നും വലിയ ശബ്ദത്തിൽ അരുളപ്പാടുകൾ ലഭിക്കാൻ വേണ്ടി നാം കാത്തിരിക്കണമെന്നല്ല. പരിശുദ്ധാത്മാവു നമ്മുടെ ഉള്ളിൽ ചിലകാര്യങ്ങൾ ചെയ്യുവാനുള്ള പ്രേരണയോ മറ്റു ചിലകാര്യങ്ങളിൽ നിന്നും മാറി നിൽക്കുവാനുള്ള പ്രേരണയോ നൽകും.

5:34, 41-ൽ യേശു പറഞ്ഞു: "ഞാൻ മനുഷ്യരുടെ സാക്ഷ്യം സ്വീകരിക്കുന്നില്ല..... ഞാൻ മനുഷ്യരുടെ മാനം തേടുന്നില്ല." പിതാവു നൽകുന്ന സാക്ഷ്യത്തിൽ യേശു തൃപ്തനായിരുന്നു. തനിക്ക് ആരുടെയും സാക്ഷ്യം ആവശ്യമായിരുന്നില്ല. 5.44-ൽ യേശു പറഞ്ഞു മനുഷ്യമാനം അന്വേഷിക്കുന്നതാണ് ജീവനുള്ള വിശ്വാസം ഉണ്ടായിരിക്കുന്നതിന് നമുക്കു തടസ്സമാകുന്നത്. വിശ്വാസമുള്ള ഒരു വ്യക്തിയായിത്തീരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? എങ്കിൽ മനുഷ്യരുടെ മാനം അന്വേഷിക്കില്ല എന്ന തീരുമാനം എന്നേക്കുമായി നിങ്ങൾ എടുക്കേണ്ടിയിരിക്കുന്നു.ആളുകളിൽ മതിപ്പുളവാക്കുവാൻ വേദശാസ്ത്രബിരുദങ്ങൾ നേടാതിരിക്കുക. വേദശാസ്ത്രബിരുദങ്ങളിൽ സാത്താന് അല്പവും ഭയമില്ലെന്ന് അറിഞ്ഞിരിക്കുക. ഭൗതികലോകത്തിൽ ഒരു ജോലി കിട്ടാൻ അത്തരം ബിരുദങ്ങൾ ആവശ്യമായിരിക്കാം. എന്നാൽ കർത്താവിന്റെ വേലയിൽ അത്തരം ബിരുദങ്ങൾ കൊണ്ടൊരു കാര്യവുമില്ല. വിശ്വാസമാണ് കർത്താവിന്റെ വേലയിൽ ആവശ്യമായിരിക്കുന്ന കാര്യം.(തുടരും)

**മനുഷ്യന്റെ പതനം മുതൽ ദൈവം വിശ്രമം കൂടാതെ പ്രവർത്തിച്ചു വരുന്നു. അതുകൊണ്ടു യേശു പറഞ്ഞു: എനിക്കും ശബത്തും വിശ്രമവും ഇല്ല. എന്റെ പിതാവു പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തിക്കുന്നു. യേശു ഒരു മുഴുവൻ സമയപ്രവർത്തകനായിരുന്നു. സാത്താനും രാവും പകലും നിരന്തരം പ്രവർത്തിക്കുന്നു-വിശുദ്ധന്മാർക്കെതിരെ അപവാദം പറയുവാൻ!**

**മൊഴിമാറ്റം: സുജാ എബ്രഹാം.**

# വിശ്രമസ്ഥലങ്ങൾ

*14-ാം പേജിൽ നിന്നു തുടർച്ച*

കളിൽ ഒരു പതിവുണ്ട്. ഒരു യാത്രക്കാരൻ ഇത്തരം ഒരു താവളത്തിൽ വിശ്രമിക്കുമ്പോൾ തനിക്കു മുമ്പായി ഒരു വഴികാട്ടിയെ അടുത്ത വിശ്രമസങ്കേതത്തിലേക്ക് അയയ്ക്കും. ഈ വഴികാട്ടിയുടെ ജോലി നേരത്തെ അവിടെയെത്തി സ്ഥലം ഒരുക്കുകയാണ്. വിശ്വാസത്തിന്റെ വഴിയിൽ മുമ്പേ പോയി നമ്മെ സ്വീകരിപ്പാൻ അവിടെ കാത്തു നിൽക്കുന്ന ആത്മീയവഴികാട്ടിയായി കർത്താവ് ഇവിടെ സ്വയം ചിത്രീകരിക്കുന്നു. ഒരു പക്ഷേ നാം പിതാവിനോടുള്ള സമ്പൂർണമായ കൂട്ടായ്മയിൽ നിന്നു ബഹുകാതം അകലെയായിരിക്കാം. നമ്മുടെ മോക്ഷയാത്ര പൂർത്തിയാക്കാൻ നിരവധി നാളുകളിലെ നീണ്ടയാത്ര വേണ്ടിവന്നേക്കാം. എന്നാൽ, ദൈവകൃപയാൽ, വഴിയിൽ നമുക്കുവേണ്ടി അനേകം വിശ്രമസ്ഥലങ്ങൾ ഒരുക്കിയിരിക്കുന്നു......

ദൈവം നമ്മെ പൂർണതയിലേക്കാണു വിളിച്ചിരിക്കുന്നത്. പക്ഷേ അങ്ങോട്ടുള്ള പ്രയാണത്തിൽ തൊട്ടടുത്ത വഴിയോര വിശ്രമസങ്കേതമാണ് അവിടുന്നു നമുക്കു കാണച്ചു തരുന്നത്. അവിടേക്കാണു നമ്മെ ആനയിക്കുന്നത്. നാം ആ താവളത്തിലെത്തുമ്പോൾ കർത്താവു നമ്മെ സ്വീകരിക്കാനായി അവിടെ കാത്തു നില്ക്കുന്നതു കാണാം. നമ്മുടെ ആത്മീയവഴികാട്ടി സ്ഥലം ഒരുക്കിയശേഷം പിന്നേയും വന്ന് നമ്മെ അങ്ങോട്ടു കൂട്ടിക്കൊണ്ടു പോകുന്നവൻ കൂടിയാണ്. ഓരോ വിശ്രമസങ്കേതവും കർത്താവിനോടുള്ള വർദ്ധിച്ചുവരുന്ന കൂട്ടായ്മയെയാണ് ('ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്' എന്ന ഭാഗം ശ്രദ്ധിക്കുക) കാണിക്കുന്നത്. അങ്ങനെ അവസാന താവളത്തിലെത്തുന്നതുവരെയും നാം ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ആയുന്നു. (ഫിലി. 3:14).

എല്ലാ യഥാർത്ഥക്രിസ്ത്യാനികളും മുകളിൽ വിവരിച്ച കാര്യങ്ങൾ ഒരു പരിധിവരെ അറിഞ്ഞിട്ടുള്ളവരായിരിക്കും. ആത്മീയാവബോധംകൊണ്ട് നാം ക്രിസ്തുവിനോടുള്ള കൂട്ടായ്മ ഒരു ഘട്ടത്തിൽ ഒരളവുവരെ പ്രാപിക്കുകയും അതിൽ വലിയ സന്തോഷം കണ്ടെത്തുകയും ചെയ്യുന്നു. എന്നാൽ കുറെ നാൾ കഴിയുമ്പോൾ ഇതു മങ്ങിപ്പോവുകയും കുറേക്കൂടി ഉപരിയായ കാര്യങ്ങൾക്കായാണു നമ്മെ വിളിച്ചിരിക്കുന്നതെന്ന ബോധ്യം ഉളവാകുകയും ചെയ്യും. കർത്താവു നമ്മെ വിട്ട് അടുത്ത വിശ്രമസങ്കേതം ഒരുക്കുവാൻ മുന്നോട്ടുപോയിരിക്കുകയാണെന്നർത്ഥം. ഇനിയുള്ളതെല്ലാം നമ്മുടെ പ്രതികരണത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. ഒന്നുകിൽ നമുക്കു ഈ ഘട്ടത്തിൽ തൃപ്തരായി ആത്മികമായി മരവിച്ച നിലയിൽ അവിടെ തുടരാം. അല്ലെങ്കിൽ അപ്പൊസ്തലനായ പൗലോസിന്റെ പ്രയോഗം കടമെടുത്തു പറഞ്ഞാൽ 'മുന്നോട്ട് ആയാം'. നാം ഇതു ചെയ്താൽ കർത്താവിനെ വീണ്ടും കണ്ടുമുട്ടുകയും അവിടുന്നു നമ്മെ അടുത്ത താവളത്തിലേക്കു ആനയിക്കുകയും ചെയ്യും. കർത്താവിനോടുള്ള കൂട്ടായ്മ പുതുക്കപ്പെടുകയും സന്തോഷം വർദ്ധിക്കുകയുമാണു ഫലം. തുടർന്ന് ഇതേ പ്രക്രിയ ആവർത്തിക്കപ്പെടുന്നു. അങ്ങനെ നാം അതേ പ്രതിമായി രൂപാന്തരപ്പെടുന്നതുവരെ തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു മുന്നേറുന്നു (2 കൊരി. 3:18).

സമ്പാദകൻ - **മാത്യുജോർജ്ജ്**

കടപ്പാട് (All the Saints Adore Thee -Bruce Shelly)





**അനുഭവം**

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-5

**കഥ ഇതുവരെ..** *വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പണസമ്പാദനത്തിനായി അമേരിക്കയിൽ എത്തി. അവിടെ മൗറീസ് രൂബേന്റെ സാക്ഷ്യത്തിലൂടെ റീസിനെ ദൈവം സന്ദർശിച്ചു. അവൻ ദൈവത്തിനായി സമർപ്പിച്ചു. വെയിൽസിലേക്കു മടങ്ങി. വെയിൽസിലെ ഉണർവിനുശേഷം റീസ് ലാൻഡ്രിൻ ഡോഡിൽ ഒരു കൺവൻഷനുവേണ്ടി പോയി. അവിടെ അവൻ തന്നെത്തന്നെ പരിശുദ്ധാത്മാവിനായി സമ്പൂർണ്ണമായി നൽകി...* **തുടർന്നു വായിക്കുക**

## നിന്ദിതരോടും പീഡിതരോടുമൊപ്പം

ഒരു കൃഷിക്കാരൻ പുതിയൊരു കൃഷിഭൂമി വാങ്ങിയാൽ എന്തുചെയ്യും? തീർച്ചയായും അത് കൃഷി ചെയ്ത് എത്രയും വേഗം അതിൽ നിന്ന് ആദായം ഉണ്ടാക്കാൻ ശ്രമിക്കും. പക്ഷേ അതു വെട്ടും കിളയും ചെന്നിട്ടില്ലാത്ത ഭൂമിയാണെങ്കിൽ ഓരോ ഏക്കറായി തെളിച്ച് മാത്രമേ കൃഷി ഇറക്കാൻ കഴിയൂ.

പരിശുദ്ധാത്മാവ്, ലാൻഡ്രിൻഡോഡിൽ വിലയ്ക്കു വാങ്ങിയ ഭൂമിയായിരുന്നു റീസ്ഹൊവൽസ്. അതിൽ പരിശുദ്ധാത്മാവിനു കൃഷിയിറക്കണം. വിളവുവേണം. ആദായം എടുക്കണം.

റീസിന്റെ ജീവിതഭൂമികയിൽ പരിശുദ്ധാത്മാവ് ആദ്യം വെട്ടിതെളിച്ച ഏക്കർ പ്രാർത്ഥനാജീവിതത്തിന്റെതാണ്. റീസ്, പലകാര്യങ്ങൾക്കുവേണ്ടിയും പൊതുവായി പ്രാർത്ഥിക്കുമായിരുന്നു. എന്നാൽ ആരെങ്കിലും ചോദിക്കുകയാണെന്നിരിക്കട്ടെ:" റീസ് ഹൊവൽസ്, താങ്കൾ പ്രാർത്ഥിച്ചതിന് ഉത്തരം കിട്ടുമെന്നുറപ്പുണ്ടോ?"

റീസ് അപ്പോൾ അക്കാര്യത്തിൽ ഒരു നിശ്ചയമില്ലാത്തതുകൊണ്ട് എന്താണു മറുപടി പറയേണ്ടതെന്നറിയാതെ നിശ്ശബ്ദനായി നിൽക്കും.

എന്നാൽ അപ്പോൾ പരിശുദ്ധാത്മാവ് അവനോടു പറഞ്ഞു:" പ്രാർത്ഥനയ്ക്ക് അർത്ഥം ഉണ്ടാകുന്നത് അതിനു മറുപടി ലഭിക്കുമ്പോഴാണ്."

ഫലപ്രദമായ പ്രാർത്ഥനയെന്നു പറയുന്നത് ലക്ഷ്യബോധത്തോടെയുള്ള പ്രാർത്ഥനയാണെന്നും പരിശുദ്ധാത്മാവ് ഓർമ്മിപ്പിച്ചു. മേലാൽ ഭാവനയ്ക്കനുസരിച്ച് എന്തെങ്കിലും കാര്യങ്ങൾക്കു വേണ്ടിയെല്ലാം ജല്പനം ചെയ്യേണ്ട. പരിശുദ്ധാത്മാവ് ഉദ്യമിപ്പിക്കുന്ന കാര്യങ്ങൾക്കു വേണ്ടി മാത്രം വ്യക്തതയോടെ പ്രാർത്ഥിച്ചാൽ മതിയാകും.

ഇതുപോലെ മറ്റൊരുകാര്യം: റീസിനു ചെയ്യാൻ കഴിവുള്ള കാര്യം ചെയ്യണം.; അല്ലാതെ മറ്റോരാളിലൂടെ ആ പ്രാർത്ഥനയ്ക്കു മറുപടി ദൈവം തരട്ടെ എന്നുകരുതി ആ വിഷയത്തിനുവേണ്ടി പ്രാർത്ഥിക്കാൻ റീസിനു അനുവാദം ഉണ്ടായിരിക്കുന്നതല്ല.ഉദാ

ഹരണത്തിന് അല്പം പണത്തിന്റെ ആവശ്യത്തിനായി പ്രാർത്ഥിക്കാൻ തുനിയുകയാണെന്നിരിക്കട്ടെ. റീസിന്റെ കൈവശം ആ പണം ഉണ്ടെങ്കിൽ അത് അതിനുവേണ്ടി ആദ്യം ചെലവഴിക്കണം.!

പരിശുദ്ധാത്മാവ് പ്രാർത്ഥനയുടെ കാര്യം റീസിന് ഇങ്ങനെ വിശദമാക്കിക്കൊടുത്തു: പൂർണ സമർപ്പണം ഇല്ലാതിരുന്ന കാലത്ത് വിദേശ മിഷൻ ഫീൽഡുകൾക്കുവേണ്ടിയോ മറ്റു നൂറായിരം കാര്യങ്ങൾക്കു വേണ്ടിയോ റീസ് പ്രാർത്ഥിച്ചിരുന്നു. പക്ഷേ അപ്പോഴൊന്നും തന്നിലൂടെ ആ പ്രാർത്ഥനയ്ക്കു ദൈവം മറുപടി നല്കുവാൻ അവൻ സന്നദ്ധരായിരുന്നില്ല. അത്തരം 'വെറും വാക്കുകൾ' കൊണ്ടു ദൈവം മടുത്തു! ഇത്തരം അയാഥാർത്ഥ്യങ്ങളെല്ലാം ഒരു വശത്തു വെച്ചശേഷം വചനം പ്രയോഗികമായ നിലയിൽ പ്രവർത്തിക്കാൻ അനുവദിക്കുക.

ഇങ്ങനെ റീസിലൂടെ പരിശുദ്ധാത്മാവ് ആദ്യം പ്രാർത്ഥിച്ചത് വിൽ ബാറ്ററി എന്ന ചെറുപ്പക്കാരനുവേണ്ടിയായിരുന്നു.

വിൽ ബാറ്ററി – അവനെക്കുറിച്ച് പറയാതിരിക്കുയാണ് ഭേദം. ഈ വിദ്വാനെക്കുറിച്ച് ആ നാട്ടുകാർക്ക് സത്യത്തിൽ വലുതായൊന്നും അറിഞ്ഞുകൂടായിരുന്നു. അവന്റെ അമ്മാവന്റെ കൂടെ താമസിച്ച് എന്തെങ്കിലും പണി ചെയ്യാനാണ് വിൽ ബാറ്ററി ആദ്യം ആ നാട്ടിൽ കാൽകുത്തുന്നത്.

പക്ഷേ വൈകാതെ മെന്നഞ്ചൈറ്റിസ് ബാധിതനായി. അതിൽ നിന്ന് ഏറെക്കുറെ കരകയറിയപ്പോഴേക്കും മദ്യപാനമെന്ന ദുശ്ശീലത്തിന്റെ ചതിക്കുഴിയിൽ വിൽ ബാറ്ററി മൂക്കും കുത്തി വീണു. സത്യത്തിൽ അതിൽ നിന്ന് അവൻ ഒരിക്കലും കരകയറിയിട്ടില്ലന്നു വേണം പറയാൻ.

ഒരു തരം സ്ഥിരബുദ്ധിയില്ലാത്തവനെപ്പോലെ അലഞ്ഞുനടക്കും. ഒരു കിടക്കയിൽ മര്യാദയ്ക്കു കിടന്നുറങ്ങിയിട്ടു വർഷങ്ങളായിക്കാണും. രാത്രിയിൽ ടിൻമില്ലിൽ എവിടെയെങ്കിലും ചുരുണ്ടു കൂടിയെങ്കിലായി. കുളിയും നനയും പതിവില്ല. ഷേവു ചെയ്യുന്ന കാര്യം പറയുകയേ വേണ്ട. കാലിൽ സോക്സ് ധരിക്കുകയില്ല. ഷൂവിന്റെ ലേസു കെട്ടാൻ പുള്ളി 'മറന്നുപോകും'. ഒരു ടൈ കെട്ടി വിൽ ബാറ്ററിയെ ആരും ഇന്നുവരെ കണ്ടിട്ടില്ല!.

വെയിൽസിൽ ഉണർവുണ്ടായപ്പോൾ നൂറു കണക്കിനുപേർ മനം തിരിഞ്ഞു. പക്ഷേ അപ്പോഴും വിൽബാറ്ററിയെ ആരും ശ്രദ്ധിച്ചില്ല.

എന്നാൽ അത്ഭുതമെന്നു പറയട്ടെ, ഇപ്പോൾ ഈ ആളിനുവേണ്ടിയാണു പരിശുദ്ധാത്മാവ് റീസ് ഹൊവൻസിലൂടെ വ്യഥ അനുഭവിക്കുന്നത്! വിൽ ബാറ്ററിയെ റീസ് ഹൊവൽസ് വൃത്തിയുള്ളവനാക്കണം. രക്ഷിച്ചെടുക്കണം. അവനെ സ്നേഹിക്കുകയും വേണം– ഒന്നും "വാക്കിനാലും ഭാഷയാലുമല്ല; മറിച്ച് സത്യത്താലും പ്രവൃത്തിയാലും" തന്നെ.

"അവനെ സ്നേഹിക്കുകയോ?" – സ്വഭാവികമായി തന്നെക്കൊണ്ട് അതു കഴിയുകയില്ലെന്നു റീസ് കണ്ടെത്തി. പക്ഷേ "പരിശുദ്ധാത്മാവ് വന്നപ്പോൾ അവനോടുള്ള രക്ഷകന്റെ സ്നേഹം കൂടി ഒപ്പം എന്നിലേക്കു കൊണ്ടുവന്നു. എനിക്കുപോലും അതുവരെ അജ്ഞാതമായിരുന്ന ഒരു സ്നേഹം എന്റെ ഉള്ളിൽ നിന്ന് ഒഴുകി വരാൻ തുടങ്ങി. വിൽ ബാറ്ററിക്കുവേണ്ടി ജീവൻ പോലും വച്ചുകൊടുക്കുമെന്ന അവസ്ഥയിലായി. സ്വഭാവികമായി പറഞ്ഞാൽ എന്റെ ഒഴിവുസമയം ആരോടെങ്കിലും ഒത്തു ചെലവഴിക്കാൻ ആഗ്രഹിച്ചാൽ അങ്ങനെയുള്ളവരിൽ ഏറ്റവും ഒടുവിലത്തെ ആളായിരുന്നേനേം അവൻ.





ടിൻമിൽ അത്തരം ഒടുവിലത്തെ സ്ഥലവും. പക്ഷേ ഇപ്പോൾ കാര്യങ്ങളാകെ മാറിമറിഞ്ഞു."

റീസ് തന്റെ ഒഴിവുസമയം മുഴുവൻ വിൽബാറ്ററിയുമായി പങ്കിടാൻ തുടങ്ങി. അങ്ങനെ അവനെ സ്നേഹിതനാക്കി. തന്റെ ഞായറാഴ്ചത്തെ ഒഴിവു ദിവസം മുഴുവനായിത്തന്നെ റീസ് അവനുവേണ്ടി മാറ്റിവച്ചു. ഞായറാഴ്ച സഭാവിശ്വാസികളോടൊപ്പം ചാപ്പലിൽ പോകുന്നതിനേക്കാൾ സന്തോഷത്തോടെ റീസ്, വിൽബാറ്ററിയെ നേടാനായി ആ ദിവസം അവനെ അന്വേഷിച്ചു പോകാൻ തുടങ്ങി. ഗ്രാമത്തിൽ സഞ്ചരിക്കുമ്പോഴും റീസ് വിൽബാറ്ററിയെ ഒപ്പം കൂട്ടി. തെരുവുതെണ്ടിയെപ്പോലെ ആളുകൾ കണക്കാക്കിയിരുന്ന വിൽബാറ്ററിയോടൊപ്പം റീസിനെ കണ്ട് ജനം അത്ഭുതപ്പെട്ടു നോക്കുന്നതു റീസ് കണ്ടില്ലെന്ന് നടിച്ചു–" ആദ്യമൊക്കെ ഒരു വല്ലായ്മ തോന്നിയിരുന്നു. എന്നാൽ ദൈവം എന്നെ അതു മറികടക്കാൻ സഹായിച്ചു."

ഇതിനിടെ ക്രിസ്മസ് വരാൻ പോകുന്നു. വിൽബാറ്ററിയെ തനിക്കു ക്രിസ്മസ് സമ്മാനമായി തരണമെന്നു റീസ് പരിശുദ്ധാത്മാവിനോട് അപേക്ഷിച്ചു. വിൽബാറ്ററി ഒരു അനുഗ്രഹമായി മാറണം– അതാണു റീസ് ചോദിച്ചത്.

പക്ഷേ എന്ന് റീസ് അങ്ങനെ പ്രാർത്ഥിച്ചോ അന്നു മുതൽ വിൽ ബാറ്ററിയെ കാണാതായി! ഒരമ്മ കുഞ്ഞിനെ തേടി നടക്കുന്നതുപോലെ റീസ് വിൽ ബാറ്ററിയെ തിരഞ്ഞു നടക്കാൻ ആരംഭിച്ചു. ഒന്നും രണ്ടും ദിവസമല്ല പത്തു ദിവസം. "തന്നെ വിശ്വസിക്കണമെന്നു പരിശുദ്ധാത്മാവ് എന്നെ പഠിപ്പിക്കുകയായിരുന്നു": റീസ് ആ ദിവസങ്ങളെ ഓർക്കുന്നു :"ഒടുവിൽ ക്രിസ്മസിന്റെ തലേന്ന് വിൽ ബാറ്ററി വന്നു. അവൻ എന്നെ തേടി വരികയായിരുന്നു. ആ കാലടി ശബ്ദം കേട്ടപ്പോൾ തന്നെ എനിക്ക് ആളെ മനസ്സിലായി. ഓ! അത് എനിക്കു നൽകിയ ആനന്ദം! പരിശുദ്ധാത്മവ് എന്നിലൂടെ ഒരു വ്യക്തിയെ സ്നേഹിച്ചു തുടങ്ങിയപ്പോഴാണു നഷ്ടപ്പെട്ട ഒരാത്മാവിനു വേണ്ടിയുള്ള പരിശുദ്ധാത്മാവിന്റെ വാഞ്ഛയെക്കുറിച്ചുള്ള ഒരു നേരിയ ബോധ്യമെങ്കിലും എനിക്കു ലഭിച്ചത്. അടുത്ത ദിവസം, ക്രിസ്മസ് ദിവസം, മുഴുവൻ ഞങ്ങൾ ഇരുവരും ഒന്നിച്ചു ടിൻ മില്ലിന്റെ പരിസരത്തിരുന്നു വർത്തമാനം പറഞ്ഞു. ഞങ്ങൾക്കിരുവർക്കുമുള്ള ക്രിസ്മസ് ഭക്ഷണം അമ്മ തയ്യാറാക്കി എന്റെ കയ്യിൽ രാവിലെ തന്നെ തന്നുവിട്ടിരുന്നു. പക്ഷേ ഭക്ഷണം കഴിക്കാൻപോലും മറന്ന് ഞങ്ങൾ അവിടെയിരുന്നു. ഒടുവിൽ നാലുമണിയായപ്പോൾ അന്നത്തെ ഭവന പ്രാർത്ഥനയ്ക്കു താൻ കൂടി വരട്ടെ എന്ന് അവൻ തന്നെ എന്നോടു ചോദിച്ചു!. അങ്ങോട്ടു ഞങ്ങൾ ഒന്നിച്ചു നടന്നുപോയത് എത്ര ആനന്ദകരമായ അനുഭവമായിരുന്നു! അവനു പ്രയാസമാകുമെന്നു കരുതി അതുവരെ ഞാനായിട്ട് അവനെ പ്രാർത്ഥനകൾക്കു വരുവാൻ നിർബന്ധിച്ചിരുന്നില്ല."

പക്ഷേ അതൊരു തുടക്കം മാത്രമായിരുന്നു. പിന്നേയും ആഴ്ചകളും മാസങ്ങളും റീസ്, വിൽബാറ്ററിക്കുവേണ്ടി കഷ്ടപ്പെടേണ്ടി വന്നു. അവന്റെ പുരോഗതി ക്രമേണയായിരുന്നു. ആദ്യം അവന് റീസ് ഒരു താമസസ്ഥലം സംഘടിപ്പിച്ചുകൊടുത്തു. പക്ഷേ വൈകിയില്ല, രണ്ടു ദിവസം കഴിഞ്ഞ്, വീട്ടുടമയായ സ്ത്രീ റീസിനെ ആളെ വിട്ടു വിളിപ്പിച്ചു. അവർ റീസിനോട് ചൂടായി: കാരണം പുതിയ താമസക്കാരൻ പണികഴിഞ്ഞു വരുന്നപാടെ കരിപുരണ്ട അതേവേഷത്തിൽ വിരിച്ചിട്ടിരിക്കുന്ന കിടക്കയിലേക്കു മറിയുകയാണ്. കാലിലെ ബൂട്ടുപോലും അഴിക്കാതെയാണു 'പള്ളിയുറക്കം'! ഷീറ്റുകൾ അലക്കുകാരനു തന്റെ ചെലവിൽ തന്നെ അലക്കാൻ കൊടുത്തയയ്ക്കാൻ

ഏർപ്പാടാക്കി റീസ് ഒരുവിധത്തിൽ അവിടെനിന്നു തടിയൂരി.

ഒടുവിൽ ആ ദിവസം വന്നു! പള്ളിയിലുള്ളവർ നോക്കിയപ്പോൾ അതാ വിൽബാറ്ററി മാന്യമായ വസ്ത്രം ധരിച്ച് റീസ് ഹൊവൽസിനൊപ്പം യോഗത്തിന് ഇരിക്കുന്നു!- അത്ഭുതങ്ങളുടെ കാലം അവസാനിച്ചിട്ടില്ലെന്നു പള്ളിയിലുള്ളവർ അടക്കം പറഞ്ഞ് ചിരിച്ചു.

അവസാനം മൂന്നു വർഷം കഴിഞ്ഞപ്പോൾ റീസിന് യഥാർത്ഥ വിജയം ലഭ്യമായി. വിൽബാറ്ററിയെ സ്വന്തം അമ്മയുടെ അടുത്തേക്കു മടങ്ങാൻ പ്രേരിപ്പിക്കാൻ റീസിന് കഴിഞ്ഞു. വിൽ ബാറ്ററിയുടെ അമ്മ മാനസാന്തരപ്പെട്ട ഒരു സ്ത്രീയായിരുന്നു. അവർ വർഷങ്ങളായി മകന്റെ മടങ്ങി വരവിനും മാനസാന്തരത്തിനും വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു.

ഈ സംഭവത്തെ റീസ് മൊത്തത്തിൽ വിലയിരുത്തിയത് ഇങ്ങനെ: “ഈ നിലയിൽ ഞാൻ ഏറ്റവും താഴത്തെ തട്ടിൽ തുടങ്ങി ഒരാളെ സ്നേഹിച്ചു. നിങ്ങൾക്ക് ഒരാളെ സ്നേഹിക്കാൻ കഴിയുമെങ്കിൽ നിങ്ങൾക്ക് അനേകരെ സ്നേഹിക്കാൻ കഴിയും. അനേകരെ സ്നേഹിക്കാൻ കഴിയുമെങ്കിൽ നിങ്ങൾക്ക് എല്ലാവരെയും സ്നേഹിക്കാൻ കഴിയും.”

റീസിലൂടെ പരിശുദ്ധാത്മാവ് അടുത്തതായി വേദനപ്പെട്ടതു ജിം സ്റ്റേക്കിനു വേണ്ടിയാണ്.

ഇയാളുടെ ശരിയായ പേര് ജയിംസ് തോമസ് എന്നായിരുന്നു. ‘രാജാവിനെപ്പോലെ കൊടുക്കാൻ’ റീസിനെ പരിശുദ്ധാത്മാവ് പഠിപ്പിച്ചത് ഇയാളോടുള്ള ബന്ധത്തിലാണ്. റീസ് ഇതും മനോഹരമായി ഇങ്ങനെ വിവരിച്ചു: “എന്നിലെ പുതിയ താമസക്കാരൻ കൂടുതൽ ഔദാര്യവാനാണ്. പഴയ താമസക്കാരൻ മിസ്രയേമിലും മരുഭൂമിയിലും ഒക്കെ ന്യായപ്രമാണത്തിന് കീഴ്പ്പെട്ട് ഉഴന്നു നടന്നവനായിരുന്നതിനാൽ ഏറിവന്നാൽ അവന് കൊടുക്കാൻ കഴിയുന്നത് ദശാംശമാണ്. പുതിയതാമസക്കാരനാകട്ടെ പ്രഭുവിനെപ്പോലെ, രാജാവിനെപ്പോലെ കൊടുക്കാൻ തയ്യാറാണ്. പക്ഷേ അതിനു മുൻപ് പുതിയ താമസക്കാരന് എന്റെ സമർപ്പണത്തിന്റെ ആഴം പരിശോധിക്കണം. സമർപ്പണം യഥാർത്ഥമാണെങ്കിൽ പിന്നെ വലിയ തുകകൾ കൊടുക്കുമ്പോൾ ഞാനും പുതിയ താമസക്കാരനും തമ്മിൽ സംഘർഷമില്ലല്ലോ”

‘പുതിയ താമസക്കാരൻ’ റീസിനെ പരിശോധിച്ചത് ജിം സ്റ്റേക്സിലൂടെയാണ്.

ജിം സ്റ്റേക്സ് ഒരിക്കൽ ഒരു മുഴുക്കുടിയനായിരുന്നു. ആളുകൾ പറഞ്ഞിരുന്നത് പിശാചിന് ഒരു കാര്യം ചെയ്യാൻ കഴിയുമെങ്കിൽ അത് ജിം സ്റ്റേക്സിനും ചെയ്യാൻ കഴിയും എന്നായിരുന്നു.!

അങ്ങനെയിരിക്കെ വെയിത്സിലെ ഉണർവ്വു വന്നു. ഒരു യോഗത്തിൽ ജിം സ്റ്റേക്സ് മാനസാന്തരപ്പെട്ടപ്പോൾ ആളുകൾ അത്ഭുതസ്തബ്ധരായി- സാത്താൻ മാനസാന്തരപ്പെട്ടതുപോലെ!

ജിമ്മിനു വീട് നിറയെ കുഞ്ഞുങ്ങളുണ്ടായിരുന്നു. പഴയ മദ്യപാനശീലം മൂലം വലിയ ദാരിദ്ര്യത്തിലുമായിരുന്നു. റീസ് ജിമ്മിനെ ഒരിക്കൽ മാത്രമേ കണ്ടിരുന്നുള്ളൂ. പക്ഷേ ഇദ്ദേഹത്തിന്റെ പഴയ ചരിത്രം മൂലം റീസിന് ആളെ നന്നായി അറിയാമായിരുന്നു.

ഒരു ദിവസം രാവിലെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ജിം മുൻപിൽ വന്നു നിൽക്കുന്നതായി റീസ് കാണുകയാണ്!. തുടർന്ന് ഒരു മണിക്കൂറോളം പരിശുദ്ധാത്മാവ് റീസിലൂടെ ജിമ്മിനുവേണ്ടി വേദനപ്പെട്ടു. “ആത്മാവിന്റെ തലത്തിൽ ഈ നിലയിൽ ഒരു പോരാട്ടത്തിൽ ഞാൻ ഇതിനു മുൻപ് ഏർപ്പെട്ടിട്ടില്ല. ഞാൻ കണ്ടതു പിശാച് ജിമ്മിനെ ആക്രമിക്കുന്നതായിട്ടാണ്. ജിമ്മിനെ പഴയ രീതിയിലേക്ക് മടക്കിക്കൊണ്ടുപോകാൻ പിശാചിനു കഴിഞ്ഞാൽ ഉണർവ്വിനെ പിന്നോട്ടടിക്കാൻ അവനു കഴിയും. ഒരാത്മാവിനു വേണ്ടിയുള്ള ദൈവവും പിശാചും തമ്മിലുള്ള ഒരു പോരാട്ടം പോലെയാണു ഞാനതു കണ്ടത്. അവനെ നിലനിർത്താൻ വേണ്ടി എന്തും ചെയ്യാൻ ഞാൻ തയ്യാറാണെന്നു ഞാൻ കർത്താവിനോടു പറഞ്ഞു.





അതേ ദിവസം വൈകുന്നേരം റീസിന്റെ വാതില്ക്കൽ ഒരാൾ പ്രത്യക്ഷപ്പെട്ടു. റീസ് അത്ഭുതപ്പെട്ടുപോയി. അത് മറ്റാരുമായിരുന്നില്ല-ജിം സ്റ്റേക്സ്!

രണ്ടു നാഴിക അകലെ നിന്നു ജിം നടന്നു വരികയായിരുന്നു. കാരണം അന്ന് ഖനിയിൽ പണിയെടുക്കുമ്പോൾ പകൽ പത്തുമണി സമയത്ത് റീസ് മുൻപിൽ നിൽക്കുന്നതുപോലെ ജിമ്മിനുതോന്നി- ജിം മുൻപിൽ നിൽക്കുന്നതായി റീസു കണ്ട സമയമായിരുന്നു അത്!.

എല്ലാം കേട്ടുകഴിഞ്ഞ് റീസ് ചോദിച്ചു: “താങ്കൾ എന്തെങ്കിലും കുഴപ്പത്തിൽപ്പെട്ടിരിക്കുകയാണോ?”

അതെ. ശരിക്കും ജിം പ്രശ്നത്തിലായിരുന്നു. വീട്ടുവാടക കൊടുത്തിട്ട് രണ്ടു വർഷമായി. വീട്ടുടമ അന്നു രാവിലെ ജിമ്മിന്റെ വീട്ടുപകരണങ്ങളെല്ലാം അടയാളപ്പെടുത്തി വച്ചു- വൈകിട്ടു വന്നു പെറുക്കികൊണ്ടുപോകാൻ!.

രണ്ടു വർഷത്തെ വാടക. അതൊരു വലിയ തുകയായിരുന്നു.

ഒരു നിമിഷം സംശയിച്ചു നിന്നിട്ടു റീസ് പറഞ്ഞു.“ഞാനേതായാലും ഒരു വർഷത്തെ വാടക തരാം. എന്റെ ഒരു സ്നേഹിതനുണ്ട്. അദ്ദേഹവും ബാക്കി ഒരു വർഷത്തെ വാടക തന്നേക്കും.”

തുടർന്നു പണം എടുക്കാനായി റീസ് മുകളിലത്തെ നിലയിലേക്കു പടികൾ കയറുകയാണ്. പക്ഷേ മുകളിലത്തെ പടിയിൽ എത്തും മുൻപേ പരിശുദ്ധാത്മാവ് അവനോടു ചോദിച്ചു:“ഇന്നു രാവിലെയല്ലേ നീ എന്നോടു പറഞ്ഞത് അവനെ രക്ഷിക്കാനായി നിനക്കുള്ളതെല്ലാം നൽകുമെന്ന്? എന്നിട്ട് നീ അവനു പകുതി മാത്രം കൊടുക്കുന്നതെന്താണ്? രക്ഷകൻ നിന്റെ എല്ലാ കടങ്ങളും വീട്ടി നിന്നെ സ്വതന്ത്രനാക്കിയില്ലേ?”

റീസ് ഉടനെതന്നെ കയറിയ പടികളെല്ലാം ഓടിയിറങ്ങി ജിമ്മിന്റെ മുൻപിൽ വന്നു നിന്ന് അണച്ചു: ‘എന്നോട് ക്ഷമിക്കണം. ഞാൻ പറഞ്ഞത് ഒരു വർഷത്തെ വാടക തരാമെന്നാണ്. എന്നാൽ ഞാൻ രണ്ടു വർഷത്തെ വാടകയും നിങ്ങൾക്കു വേണ്ട മറ്റു കാര്യങ്ങളും തരാം. നിങ്ങളുടെ സാഹചര്യത്തെ പിശാച് മേലിൽ ഉപയോഗപ്പെടുത്താൻ ഇടയാകാത്ത രീതിയിൽ ഞാൻ വേണ്ടതെല്ലാം തന്നുകൊള്ളാം”.

“അതു പറഞ്ഞ നിമിഷത്തിൽ തന്നെ എന്റെ ഉള്ളിൽ സ്വർഗ്ഗീയ സന്തോഷം ഇറങ്ങി വന്നു. എന്റെ സ്വഭാവത്തിൽ തന്നെ എന്തോ മാറ്റം വന്നതുപോലെ. വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ലാഭം എന്ന ബോധ്യം എനിക്കു ലഭിച്ചു”: റീസ് ആ സംഭവം അയവിറക്കുന്നത് അങ്ങനെയാണ്.

മൊത്തം 70 പൗണ്ട് വാടകയായും മറ്റും ജിമ്മിനെ റീസ് ഏൽപ്പിച്ചു.

വൈകുന്നേരം റീസ് ജിമ്മിനെ പ്രാർത്ഥനയ്ക്കായും ഒരു സുഹൃത്തിനെ സന്ദർശിക്കാനായും ഒപ്പം കൂട്ടി. പോകുന്ന വഴിയിൽ റീസ് ജിമ്മിന്റെ ഭാര്യ രക്ഷിക്കപ്പെട്ടതാണോ എന്നു ചോദിച്ചു. ജിമ്മിനുണ്ടായ മാനസാന്തരത്തിൽ അവൾ സന്തുഷ്ടയല്ലേ?.

“അതേ, പക്ഷേ അവൾ ഇതുവരെ രക്ഷിക്കപ്പെട്ടിട്ടില്ല. മീറ്റിംഗിനു പോകാ

"നുള്ള ഡ്രസ്സും അവൾക്കില്ല" ജിം മറുപടി നൽകി.

അതുകേട്ടപ്പോൾ തന്നെ അവളും രക്ഷയുടെ അനുഭവത്തിലേക്കു വരുമെന്ന ഉറപ്പ്പരിശുദ്ധാത്മാവ് റീസിനു നൽകി. അടുത്ത ഞായറാഴ്ച അവൻ ആ വീട്ടിലേക്കു ചെന്നപ്പോഴേക്കും പരിശുദ്ധാത്മാവ് അവളോട് ഇടപെട്ടിരുന്നു. അവൾ ആത്മീയ ബോധ്യത്തിലേക്കു വന്നിരുന്നു. റീസു നൽകിയ 'രാജകീയസമ്മാന'മാണ് അവളെ അലിയിച്ചത്. സ്നേഹം അവളെ കീഴടക്കി. പരിശുദ്ധാത്മാവ് ക്രൂശിന്റെ ചുവട്ടിലേക്ക് അവളെ നടത്തി. അവിടെ തന്റെ മറ്റൊരു വലിയ കടത്തിനു പകരമായി വലിയയൊരി വില തന്നെ- ക്രിസ്തുവിന്റെ വിലയേറിയ രക്തം- നൽകപ്പെട്ടുവെന്നും അവൾ കണ്ടു.

ആ കുടുംബം പൂർണമായി രക്ഷയിലേക്കു വന്നത് നാട്ടിലെ ആത്മീയ പ്രവർത്തനങ്ങൾക്കു മുതൽക്കൂട്ടായി. റീസും സുഹൃത്തുക്കളും എല്ലാ ശനിയാഴ്ചയും ഞായറാഴ്ചയും വൈകുന്നേരങ്ങളിൽ ആ വീട്ടിൽ യോഗങ്ങൾ നടത്താൻ തുടങ്ങി. ഫലം: നാട്ടിലെ ഏറ്റവും കുഴപ്പക്കാരായ ചില കഥാപാത്രങ്ങൾ അവിടെ വരുവാനും കർത്താവിനു വേണ്ടി ഹൃദയം അർപ്പിക്കുവാനും ഇടയായി.

ഹൃദയത്തിലെ പരിശുദ്ധാത്മാവിലുള്ള പുതിയ ജീവിതത്തിന്റെ പരീക്ഷണത്തിൽ റീസ് ഏറ്റവും കൂടുതൽ വിലമതിച്ച ഒരു കൂട്ടായ്മ തന്റെ അമ്മാവൻ ഡിക്കിനോടുള്ളതാണ്. റീസ്, ലാൻഡ്രിൻഡോഡിൽ നിന്നു തിരിച്ചു വന്നപ്പോൾ പരിശുദ്ധാത്മാവിനോടുള്ള പൂർണ സമർപ്പണം സംബന്ധിച്ച കാഴ്പ്പാടിനോട് എല്ലാ വിശ്വാസികളും യോജിച്ചില്ല. ചിലർ അതിനെ എതിർക്കുകപോലും ചെയ്തു. എന്നാൽ ഇതു സംബന്ധിച്ച റീസിന്റെ അനുഭവവും കാഴ്ചപ്പാടും പൂർണ്ണമായി ശരിവച്ച ഒരാളുണ്ടായിരുന്നു- അമ്മാവൻ ഡിക്ക്.

ആ ജില്ലയിലുള്ള മുഴുവൻ വിശ്വാസികളിലും വച്ച്, പരിശുദ്ധാത്മാവിനോടുള്ള സമ്പൂർണ്ണ സമർപ്പണം ആവശ്യമില്ലാത്ത ഒരാളുണ്ടെങ്കിൽ അത് ഡിക്കാണെന്നാണ് എല്ലാവരും ചിന്തിച്ചിരുന്നത്. കാരണം അദ്ദേഹത്തെ 'ജീവിച്ചിരിക്കുന്ന ഒരു വിശുദ്ധ'നായി പൊതുവേ ആളുകൾ കരുതിയിരുന്നു.

ശാരീരിക വൈകല്യം ഉള്ള ആളായിരുന്നു ഡിക്ക്. 26 വർഷമായി അദ്ദേഹം സ്വയം നടന്നിട്ടുള്ളത് ചില അടികൾ മാത്രമാണ്. ഒരു സമയത്ത് ചില മിനിട്ടുകളിൽ കൂടുതൽ തനിയെ വായിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. ഈ പരിമിതിയെ പരാതിയില്ലാതെ ദൈവഹിതമായി അദ്ദേഹം സ്വീകരിച്ചിരുന്നു. ദിനം തോറും മണിക്കുറുകൾ തന്നെ ഡിക്ക് പ്രാർത്ഥിച്ചു കൊണ്ടിരിക്കും. ബാക്കി സമയം കുടുംബാംഗങ്ങളിൽ ആരെങ്കിലും അദ്ദേഹത്തെ ബൈബിൾ വായിച്ചു കേൾപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഉൺർവ്വിനു മുൻപ് വെയിൽസിൽ ആളുകളുടെ ആത്മീയ നിലവാരം തന്നെ താണതായിരുന്ന കാലത്തു ഡിക്ക് മറ്റു പലരോടും ഒപ്പം നാടിന്റെ ഉണർവ്വിനു വേണ്ടി നിരന്തരം പ്രാർത്ഥിക്കുമായിരുന്നു. പ്രാർത്ഥനയ്ക്കു മറുപടി ലഭിച്ചപ്പോൾ അദ്ദേഹം ഏറെ ആഹ്ളാദിക്കുകയും ചെയ്തു.

എന്നാൽ ഡിക്കിനു സ്വന്താവശ്യത്തെക്കുറിച്ചും നല്ല ബോധ്യമുണ്ടായിരുന്നു. ദാനമായി ലഭിക്കുന്ന നിത്യജീവൻ, പാപക്ഷമയുടെ ഉറപ്പ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഉണർവ്വിനു മുൻപ് സഭയിലെ ഏറ്റവും നല്ല വിശ്വാസികൾക്കുപോലും വേണ്ടതുപോലെ അറിയാമായിരുന്നില്ല. ഉണർവ്വിനുശേഷവും പരിശുദ്ധാത്മാവ് വ്യക്തിയെന്ന





നിലയിൽ വിശ്വാസിയിൽ വസിക്കുന്നു എന്ന സത്യം പലർക്കും മറവായിരുന്നു. ഡിക്കിനും അങ്ങനെതന്നെയായിരുന്നു. പ്രാർത്ഥനയിൽ കൂടുതൽ ശക്തിക്കായി അദ്ദേഹം ആഗ്രഹിച്ചു. പക്ഷേ അത് എങ്ങനെ ലഭ്യമാകുമെന്നു മാത്രം അദ്ദേഹത്തിന് അറിയുമായിരുന്നില്ല.

റീസിന്റെ മാനസാന്തരത്തിൽ ഏറ്റവും സന്തോഷിച്ചവരിൽ ഒരാൾ ഡിക്കായിരുന്നു. റീസും തന്റെ ആത്മീയ വഴികാട്ടി എന്നനിലയിൽ ഡിക്കിനെ വളരെ വിലമതിച്ചിരുന്നു. അതുകൊണ്ടു തന്നെ ലാൻഡ്രിൻഡോഡിൽ നിന്നു മടങ്ങി വന്നപ്പോൾ തന്റെ പുതിയ ആത്മീയാനുഭവത്തെക്കുറിച്ച് റീസ് ആദ്യം പങ്കുവെയ്ക്കാനാഗ്രിച്ചതു അമ്മാവനോടാണ്. പക്ഷേ അത് എളുപ്പമായിരുന്നില്ല. കാരണം തനിക്കു ലഭ്യമായ നിലയിൽ പരിശുദ്ധാത്മാവിന്റെ ഒരധിവാസം റീസ് ഡിക്കിന് വാഗ്ദാനം ചെയ്യണമെന്ന് കർത്താവ് അവനോട് ആവശ്യപ്പെട്ടു. സാധാരണ ഇളയ ആളാണു മുതിർന്ന ആളാൽ അനുഗ്രഹിക്കപ്പെടേണ്ടത്. എന്നാൽ മറിച്ചാണ് ഇവിടെ സംഭവിക്കേണ്ടത്!.

എന്നാൽ ഡിക്ക് അത്തരം ഒരനുഗ്രഹം ഇളയ ആളിൽ നിന്നു പോലും സ്വീകരിക്കാൻ തയ്യാറുള്ളവനായിരുന്നു. റീസ് പരിശുദ്ധാത്മാവിന്റെ പൂർണമായ കർത്തൃത്വം നൽകുന്ന അനുഗ്രഹത്തെക്കുറിച്ചും പക്ഷേ അതിനു നൽകേണ്ട വിലയെക്കുറിച്ചും തുറന്നു പറഞ്ഞപ്പോൾ അത് ദൈവത്തിന്റെ തന്നെ നിർദ്ദേശവും വചനത്തിലെ സത്യവുമാണെന്ന് ഡിക്കിന് ഉടനെ മനസ്സിലായി. എന്നാൽ ആ വില കൊടുത്തു പരിശുദ്ധാത്മാവിന്റെ പൂർണ്ണ നിയന്ത്രണത്തിലേക്കു വരുന്നതിനു ഡിക്കിനു മൂന്നാഴ്ച വേണ്ടി വന്നു. ഇടയ്ക്ക് ഓരോ തവണ റീസ് അമ്മാവനെ സന്ദർശിച്ച് എന്തായി എന്നന്വേഷിച്ചപ്പോൾ 'ചില ദിവസങ്ങൾക്കുള്ളിൽ ആ പൂർണ അനുഭവത്തിലേക്കു ഞാൻ വരും എന്നെനിക്കുറപ്പുണ്ട്' എന്നു ഡിക്ക് മറുപടി പറഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ മൂന്നാഴ്ച കഴിഞ്ഞപ്പോൾ അതു സംഭവിച്ചു. അത് മഹത്വപൂർണമായ ഒരു വിജയമായിരുന്നു. എത്ര നല്ലവനും ദൈവബോധമുള്ളവനുമായാലും അവനും പരിശുദ്ധാത്മാധിവാസം ആവശ്യമാണെന്നുള്ള സത്യത്തിന് അടിവരയിടുന്നതായിരുന്നു ഡിക്കിന്റെ അനുഭവം.

ഇതേ തുടർന്നു വർഷങ്ങളോളം അമ്മാവനും അനന്തിരവനും തമ്മിൽ ആത്മാവിൽ ആഴമേറിയ കൂട്ടായ്മാബന്ധം പുലർത്തിയിരുന്നു. അമ്മാവൻ ഡിക്ക്, റീസിന്റെ ഏറ്റവും അടുത്ത പ്രാർത്ഥനാസഹകാരിയായി മാറി. കുടുംബപരമായ ബന്ധത്തിനപ്പുറം അവർ തമ്മിൽ ഉണ്ടായിരുന്നത് ഒരാത്മീയ ബന്ധമായിരുന്നു.

പരിശുദ്ധാത്മാവ് കർത്തൃത്വം ഏറ്റെടുത്തു കഴിഞ്ഞശേഷം ഡിക്കിന്റെ പ്രാർത്ഥനാ ജീവിതത്തിൽ ഒരു മാറ്റം ഉണ്ടായി. ദിവസവും എട്ടുമണിക്കൂറോളം അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു. പരിശുദ്ധാത്മാവ് പൂർണനിയന്ത്രണം ഏറ്റെടുക്കുന്നതിനു മുൻപ് ഏതാവശ്യവും പ്രാർത്ഥനയ്ക്കു വിഷയമാക്കുമായിരുന്നു.ഇപ്പോൾ റീസുമൊത്തുള്ള പ്രാർത്ഥന തികച്ചും പരിശുദ്ധാത്മാവിനാൽ മാർഗ്ഗനിർദ്ദേശം ചെയ്യപ്പെട്ട പ്രാർത്ഥനകളായിരുന്നു. വ്യക്തമായ ലക്ഷ്യത്തോടെയുള്ള പ്രാർത്ഥന. പ്രാർത്ഥനയിൽ അതിനുവേണ്ടിയുള്ള വിജയകരമായ പോരാട്ടം. ഒടുവിൽ കൃത്യമായ മറുപടി.

അത്തരം ഒരു പ്രാർത്ഥനയ്ക്കു ലഭിച്ച മറുപടിയായിരുന്നു ഒരൊറ്റക്രിസ്ത്യാനിയോ ആരാധനാലയമോ ഇല്ലാത്ത അയൽ ഗ്രാമത്തിനുവേണ്ടിയുള്ള പ്രാർത്ഥന.

അതേക്കുറിച്ച് അടുത്ത ലക്കത്തിൽ **(തുടരും)**

# ഒരേയൊരു താലന്ത്

*21-ാം പേജിൽ നിന്നു തുടർച്ച*

ചോദ്യം ചെയ്യുകയും അവിശ്വസിക്കുകയും ചെയ്തു). അവിടുത്തെ ഇഷ്ടപ്രകാരം സ്വർഗ്ഗീയവെളിപാടിന് നാം വാഞ്ഛിച്ചാൽ നിശ്ചയമായും അവിടുന്ന് അത് നമുക്കും നൽകും (സദൃ.2:1-10). അവിടുത്തെ തിരുവചനം നമ്മുടെ പ്രമോദവും അത് നമ്മുടെ രാപ്പകലത്തെ ധ്യാനവും ആയിരിക്കട്ടെ. അപ്പോൾ നമ്മുടെ ഭവനം പണിയാൻ മാത്രമല്ല സഭയിലും സമൂഹത്തിലും ഫലപ്രദമായ ശുശ്രൂഷ ചെയ്യാനും കർത്താവ് നമുക്ക് കൃപ നൽകും. സ്വർഗ്ഗരാജ്യത്തിന്റെ മറഞ്ഞിരിക്കുന്ന നിഗൂഢനിക്ഷേപങ്ങളായ നിധികളെ, ദൈവികമർമ്മങ്ങളെത്തന്നെ (യെശ.45:3) കടന്നു ചെന്ന് കൈവശമാക്കുവാൻ തക്കവണ്ണം സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ അവൻ നമുക്കും നൽകും (മത്തായി. 16:19). അവിടുന്നു നൽകുന്ന ദിവ്യ വെളിപാടിന്മേൽ നാം പ്രവർത്തിക്കുമ്പോൾ സ്വർഗീയഭരണകൂടത്തിന്റെ പിന്തുണ നമുക്ക് ലഭിക്കും. അപ്പോൾ നാം ഭൂമിയിൽ കെട്ടുന്നത് സ്വർഗ്ഗത്തിലും കെട്ടപ്പെടുകയും നാം ഭൂമിയിൽ അഴിക്കുന്നത് സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കുകയും ചെയ്യും. ഇതിനു ഉദാഹരണമായൊരു സംഭവം അപ്പോ.9:10-12 വരെ നാം കാണുന്നു.

ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ തന്റെ വിശുദ്ധന്മാർക്ക് നൽകുന്ന വെളിപ്പാടിലൂടെയാണല്ലോ തന്റെ സഭയെ പണിയുന്നത്. നസ്രയനായ യേശുവിനെ ശൈശവം, ബാല്യം, കൗമാരം, യൗവ്വനം എന്നീ ദശകളിലൂടെ തുടർമാനമായി അറിഞ്ഞ ഗലീലക്കാർക്ക് അവനെ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവെന്നോ മശിഹ എന്നോ അറിയാനും അംഗീകരിച്ച് പിന്തുടരാനും ദൈവത്തിന്റെ വെളിപ്പാട് കൂടാതെ കഴിയുമായിരുന്നില്ല (മർക്കോ. 6:21). സാമാന്യബുദ്ധിയിലൂടെ അറിയാൻ കഴിയുമായിരുന്ന ഒരു കാര്യമായിരുന്നില്ല അത്. കർത്താവിന്റെ അമ്മ മറിയയാകട്ടെ സകലവും ഹൃദയത്തിൽ സംഗ്രഹിച്ചതല്ലാതെ ആരോടും അവന്റെ ദിവ്യജനനം, ദൂതന്റെ മൊഴികൾ, വിദ്വാന്മാരുടെ സന്ദർശനം, ശിമ്യോൻ ഹന്ന എന്നിവരുടെ സാക്ഷ്യങ്ങൾ എന്നിവയെപ്പറ്റി ഒന്നും തന്നെ ആരോടുംതന്നെ പറഞ്ഞിരുന്നില്ല. ദൈവം അനുവദിച്ച സമയംവരെ അവൾ അവ ഹൃദയത്തിൽ സംഗ്രഹിച്ചു. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം പരിശുദ്ധാത്മാവിന്റെ നിറവോടും ശക്തിയോടും കൂടി മാത്രമായിരിക്കും മറിയ സാക്ഷീകരിച്ചത്. എന്നാൽ പത്രോസിന് ദൈവം വെളിപ്പാട് നൽകുന്നു. അവരുടെ ഗുരു ഏലിയാവോ, യോഹന്നാൻ സ്നാപകനോ മറ്റൊരു പ്രവാചകനോ അല്ല, സാക്ഷാൽ ദൈവപുത്രനായ ക്രിസ്തു തന്നെ. സ്വർഗ്ഗീയ വെളിപ്പാടിലൂടെ പത്രോസ് കർത്താവിന്റെ സഭയുടെ (രാജ്യത്തിന്റെ) പണിയിൽ പങ്കുചേർന്നു. 'മൂലക്കല്ലായ ക്രിസ്തുവിനോടുകൂടെ ഒരു 'ജീവകല്ലായി' പത്രോസിനെയും ചേർത്തുവച്ചു. (മത്തായി 16:16-19) തുടർന്നും സഭ പണിയപ്പെടുന്നത് പത്രോസിനെപ്പോലെയുള്ള ജീവകല്ലുകളെക്കൊണ്ടാണ് എന്ന് നാം തിരുവചനത്തിൽ കാണുന്നു. (1 പത്രോസ് 2:4-5). യേശു, ദൈവപുത്രനായ ക്രിസ്തു എന്ന് വിശ്വസിക്കുവാൻ നമുക്ക് ഇന്ന് കഴിയുന്നു. കാരണം തിരുവചനം വളരെ ആധികാരികമായി അവിടുത്തെ ദിവ്യജനനം, ജീവിതം, പ്രവൃത്തികൾ, മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം എന്നിവ പ്രസ്താവിക്കുന്നു. മാത്രമല്ല





ദൈവത്തിന്റെ ആത്മാവു താനും നമ്മോട് അത് സാക്ഷീകരിക്കുന്നു. എന്നാൽ അവനെ ക്രിസ്തുവായി നമ്മുടെ ദൈനംദിനജീവിതത്തിൽ നമുക്കു വിശദീകരിപ്പാനും അനുസരിച്ച് അനുഗമിപ്പാനും അധികം വെളിപ്പാടുകൾ നമുക്കു വേണ്ടിയിരിക്കുന്നു. വെളിപ്പാടില്ലാത്തിടത്തു ജനം നശിക്കുന്നു. (സദൃ.29:18). ടി.വി., സി.ഡി., ഇന്റർനെറ്റ്, പുസ്തകങ്ങൾ മുതലായ മാധ്യമങ്ങളിലൂടെയും അല്ലാതെ സഭയിലും കൺവൻഷനിലും കൂടെയും ഒക്കെ നാം കേൾക്കുകയും വായിക്കുകയും ചെയ്യുന്ന പ്രസംഗങ്ങളും ഉപദേശങ്ങളും വിവേചിച്ചറിയാനും ദൈവികമായതു മാത്രം സ്വീകരിപ്പാനും അല്ലാത്തത് തള്ളിക്കളയാനും വെളിപ്പാട് നമുക്ക് ആവശ്യംതന്നെ. അവിടുന്ന് നമ്മോട് സംസാരിക്കുന്ന നമ്മെ അറിയുന്ന, കരുതുന്ന, സ്നേഹിക്കുന്ന, ജീവനുള്ള ദൈവംതന്നെ എന്നറിഞ്ഞ് അവിടുത്തെ മുഖം അന്വേഷിക്കുവാൻ നമുക്കു വാഞ്ഛയുണ്ടോ?

നമുക്ക് നമ്മെ ശോധന ചെയ്യാം. ഒരു താലന്ത് ലഭിച്ച ദാസന്റെ മനോഭാവമാണോ നമുക്ക്? അവനോ ആ താലന്തിനെ തുച്ഛീകരിച്ചു. വിതറാനും വിതയ്ക്കാനും തക്കവണ്ണം ലഭിച്ചില്ല. ലഭിച്ചത് വെറും ഒരേ ഒരു താലന്ത്. ശുഷ്കമായി നൽകിയിട്ട് ധാരാളമായി ഫലം പ്രതീക്ഷിക്കുന്ന അനീതിയുള്ള കഠിനനാണ് ദൈവമെന്ന് ദൈവത്തെ വികലമായി അറിഞ്ഞ് അവൻ ഭയപ്പെട്ടു. ദൈവസ്നേഹത്തിൽ വേരൂന്നിയ സ്വാതന്ത്ര്യത്തിലേക്ക് വരുവാൻ അവന് കഴിഞ്ഞില്ല. ലഭിച്ച താലന്ത് ഉപയോഗിക്കാൻ തക്ക 'അപകടസാധ്യത' എടുക്കാൻ തക്ക സുരക്ഷിതത്വം ദൈവത്തിൽ അവൻ കണ്ടില്ല. ലഭിച്ച താലന്ത് കുഴിച്ചിട്ടു. "എനിക്ക് ഒരു കഴിവുമില്ല സാക്ഷിക്കാൻ എനിക്കറിയില്ല" എന്ന് എത്രവട്ടം നാം പറഞ്ഞിട്ടുണ്ട്? മറ്റുള്ളവർ എന്തുപറയും? മേൽവിചാരകന്മാർ കോപിക്കുമോ? ദൈവം കോപിക്കുമോ? ശിക്ഷിക്കപ്പെടുമോ? എന്തെല്ലാം ആശങ്കകൾക്ക് നാം വിധേയരായിപ്പോകുന്നു. സ്ത്രീകളായി സൃഷ്ടിക്കപ്പെട്ടതുകൊണ്ട് ഇതൊന്നും നമുക്കുള്ളതല്ല, നിസ്സംഗതയോടെ ഇരിക്കുന്നത് ഏറ്റവും ഉചിതം എന്നാണോ മനോഭാവം? തലയുയർത്തി നമ്മുടെ കർത്താവിനെ നോക്കുക. ഉയർത്തെഴുന്നേറ്റ് നമ്മുടെ കർത്താവ് ആദ്യമായി പ്രത്യക്ഷപ്പെട്ടത് ഒരു സ്ത്രീയായ മഗ്ദലമറിയയ്ക്കായിരുന്നു. അവിടുന്ന് അവളോട് പറഞ്ഞു 'പോയി പറയുക' ആരോട്? എന്ത്? എന്ന് യോഹന്നാൻ 20:17 ൽ വായിക്കുന്നു. അവിടുന്ന് അവളെ അപ്പോസ്തലന്മാരുടെ അപ്പോസ്തലയാക്കി. ആദ്യത്തെ 'സുവിശേഷക' ആരായിരുന്നു? ശമര്യക്കാരിത്തി ഒരു സ്ത്രീ, മുപ്പത്തിമൂന്നര വർഷത്തെ ഭൗതികജീവിതത്തിൽ യേശു താൻ 'മശിഹ' ആണെന്ന് സ്വയം വെളിപ്പെടുത്തിയത് അവളോട് മാത്രം. ശമര്യപ്പട്ടണത്തിലെ സ്ത്രീ പുരുഷന്മാർക്ക് സുവിശേഷകയായത് ഈ ശമര്യക്കാരിത്തിയായ സ്ത്രീയായിരുന്നു. (യോഹ. 4:20). സുവിശേഷം പ്രസംഗിക്കപ്പെടുന്നിടത്തൊക്കെയും സ്മരിക്കപ്പെടും എന്ന് കർത്താവ് ആരെക്കുറിച്ചു പറഞ്ഞു? ഒരു സ്ത്രീയെക്കുറിച്ച് (മർക്കോ. 14:9, മത്തായി 26:13). കർത്താവിനോടുള്ള സ്നേഹത്തിന്റെ ശുശ്രൂഷയിൽ (സുവിശേഷഘോഷണത്തിൽ) ഓർമ്മിക്കേണ്ടതും, ശോധന ചെയ്യപ്പെടേണ്ടതും അവൾ ചെയ്ത പ്രവൃത്തിതന്നെ. എതിർപ്പിന്റെ, നിരുൽസാഹത്തിന്റെ, അസഹ്യപ്പെടുത്തലിന്റെ മധ്യത്തിലും മുന്നോട്ടു നയിക്കുന്ന സ്നേഹത്തിന്റെ ശക്തി. കർത്താവിന്റെ ഒഴികെ, മറ്റുള്ള എല്ലാവരുടേയും കാഴ്ചപ്പാടിൽ ഇവർ എല്ലാവരും മാന്യതയില്ലാത്തവരും, പാപി

കളും ആയിരുന്നു എന്നത് ആശ്ചര്യകരം തന്നെ. അതെ. കർത്താവിന് ഇന്നും ഇതുപോലെയുള്ളവരെയാണ് ആവശ്യം. തങ്ങളുടെ മാന്യത, കുലീനതയൊക്കെ ത്യജിച്ചുകളയുവാൻ തക്കവണ്ണമുള്ള, അവയെല്ലാത്തെക്കാളും അധികം അവിടുത്തെ സ്നേഹിക്കുന്നവരെത്തന്നെ. കർത്താവിന് എങ്ങനെയും ഉപയോഗിക്കാൻ തക്കവണ്ണം 'ലഭ്യത' ഉള്ളവരായിരിക്കുന്നവരെത്തന്നെ. അവിടുന്ന് അനുനിമിഷം നമ്മുടെ ജീവിതത്തിൽ വർദ്ധിപ്പിക്കുന്ന അനുഗ്രഹങ്ങൾ, കൃപകൾ നാം ഗൗനിക്കുന്നില്ല എന്നോ? അവിടുത്തെ സദ്ഗുണങ്ങൾ ഘോഷിപ്പാൻ കഴിയാത്തതെന്തുകൊണ്ട്? മറ്റു പലതിനും നാം നാവു വളരെ ഉപയോഗിക്കുന്നില്ലേ? എത്ര നാളായി അവന്റെ കൃപകളെ ഓർത്ത് അവനെ സാക്ഷിച്ചിട്ട്? കർത്താവിനെ ഉയർത്തുന്ന കാര്യം വരുമ്പോൾ വ്യാജതാഴ്മ നമ്മെ ഭരിക്കുന്നു. കർത്താവു പറയുന്നു 'മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനേയും...ഏറ്റുപറയും' (ലൂക്കോ. 12:8, വെളി.12:11). 'നിന്റെ വായ് വിസ്താരത്തിൽ തുറക്ക ഞാൻ അതിനെ നിറയ്ക്കും' (സങ്കീ. 81:10).

ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നാം എല്ലാം ഒരുനാൾ നിൽക്കേണ്ടി വരും. അന്ന് യജമാനൻ വന്ന് ഏവരുമായി കണക്ക് തീർക്കും (മത്തായി 29:19). 'ഞാൻ നിന്നെ ഭരമേൽപ്പിച്ച താലന്തുകൊണ്ട് നീ എന്തു നേടി?' ഉത്തരം നാം തന്നെ പറയേണ്ടി വരും. നമ്മെ പിന്താങ്ങുവാനോ, നീതീകരിപ്പാനോ ആരും തന്നെ ഉണ്ടാവുകയില്ല. അവിടുത്തെ മഹാപ്രഭാവത്തിനു മുമ്പിൽ ആരു ന്യായം പറയും ! 'നല്ലവനും വിശ്വസ്തനുമായ ദാസനെ, നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക'. എന്നതായിരിക്കുമോ നാം കേൾക്കുന്ന ശബ്ദം? അതോ 'ആ ദുഷ്ടനും (അവിശ്വാസി) മടിയനുമായ അപ്രയോജന ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളെയുവിൻ' എന്ന കഠിനശബ്ദം കേൾക്കേണ്ടി വരുമോ?

'ഉള്ളവന് ഏവനും ലഭിക്കും. ഇല്ലാത്തവനോടോ ഉള്ളതും കൂടി എടുത്തുകളയും' (മത്തായി 25:19)

## എഡിറ്റോറിയൽ തുടർച്ച

തന്റെ അവയവങ്ങളിലുള്ള 'വേറൊരു പ്രമാണ'ത്തെ അത് തിരിച്ചറിയുന്നില്ല. ഫലം അത് ഒരു നിലവിളിയിലേക്കും താഴ്മയിലേക്കും നയിക്കപ്പെടുന്നില്ല. താഴ്മയുള്ളിടത്ത് ലഭ്യമാകുന്ന കൃപയും വിജയവും അതിന് അന്യമാവുകയും ചെയ്യുന്നു. ഈ വ്യാജകൃപ ഒരുവനെ താഴ്മയിലേക്ക് നടത്തുന്നില്ലെന്നു മാത്രമല്ല മറുവശത്ത് അവനെ നിഗളിയാക്കുകയും ചെയ്യുന്നു. 'ദൈവം നിഗളികളോട് എതിർത്ത് നിൽക്കുന്നു' എന്നതിനാൽ (1 പത്രോ.5:5) ഫലത്തിൽ വ്യജകൃപ ഒരുവനെ ദൈവത്തിന്റെ എതിർചേരിയിൽ കൊണ്ടുചെന്ന് നിർത്തുകയാണ് ചെയ്യുന്നത്! -വ്യാജകൃപയുടെ പ്രവർത്തനവിധം ഈ നിലയിലാണ്.

നാം ഇതിൽ ഏത് കൃപയാണ് കൈയാളുന്നത്? ഒന്നാം നൂറ്റാണ്ടിൽ താൻ ആർക്ക് ലേഖനം എഴുതിയോ അവർ സത്യകൃപയിലാണ് നിൽക്കുന്നതെന്ന് പത്രോസിന് ഉറപ്പുണ്ടായിരുന്നു. നമ്മെക്കുറിച്ച് ഈ സാക്ഷ്യം ഉണ്ടോ? ഇന്ന് നാം സത്യകൃപയിൽ നിൽക്കാൻ മനസ്സുവച്ചാൽ 'സർവ്വകൃപാലുവായ ദൈവം തന്നെ അവിടെ നമ്മെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ച് ശക്തീകരിക്കും'. (1 പത്രോ. 5:10). ഈ ഉറപ്പ് സത്യകൃപയുടെ വക്താക്കളായി ഈ കാലഘട്ടത്തിൽ ഒത്തുതീർപ്പില്ലാതെ നിൽക്കാൻ നമുക്ക് പ്രചോദനമാകട്ടെ!.








# Conviction of the Holy Spirit or Condemnation of the devil

Sandeep Poonen

***Question:***

As I listen to so many messages from CFC, I find that there is a big focus on our sins. When I listen to these messages, I am really torn up emotionally about how sinful I am. Is that what I should be feeling? Because these feelings usually end up with my being discouraged and depressed for weeks. What should I do?

***Answer:***

Thank you for your question. I am glad that you were able to be honest with me.

This is a very important question that we ALL encounter and deal with. How we choose to approach this problem and deal with it will make a HUGE difference in our Christian lives.

Let me explain what I mean by that.

**SIN IS A VERY BIG DEAL TO GOD - SO IT MUST BE A VERY BIG DEAL TO ME AS WELL**

All of us know that God is perfect and absolutely holy. So we know that God has absolutely no sin in Him. We also know that Jesus died for our sins and came to save us from our sins. From just this, we should be able to deduce that our sins are a VERY BIG DEAL to God.

Let's also think about heaven. I don't spend too much time imagining what heaven will be like. But I do know two things about heaven. One is that Jesus will be there. So I want to prepare my life now for an eternity with the Person of Jesus, by making Him the ONLY THING that matters in my life. The other thing

is that there is NO SIN in heaven. We may not realize this, but the first sin occurred in heaven! The devil sinned when he was in the presence of God. But the *moment* he sinned, he was kicked out of heaven. So this also teaches me that sin is a very big deal to God. So, sin must also be a very big deal to me!

### JESUS CHRIST CAME TO SAVE ME FROM MY SINS

Jesus Christ did not come to simply forgive me from my sins. He also came to completely save me from my sins. The salvation from my sins is not a one-time act. It's a life-long process. Salvation means total freedom. So there may be some sins that we are immediately saved from - and we don't really struggle with them anymore. But there are many other sins that are much more deep-rooted in our lives and that take so much longer (months and years) to be saved from. The sins of lust, anger, judgmental attitudes, critical spirits, bitterness, etc - can be examples of things that take years and years.

But the good news remains the same - Jesus has come to SAVE us from ALL our sins. So we continue to hold fast to this good news - even if it might take years.

### THE HOLY SPIRIT CONVICTS US OF THE VARIOUS SINS IN OUR LIVES

There are several areas in which we do not realize we are sinning, or where we have not realized that a particular attitude or a particular mindset is an area of sin. This is where God's Word and the Holy Spirit are critical in bringing them to light. So when we read God's Word and pray, God can reveal areas of sin in our lives. So also, going to church and listening to a preacher who is submitted to the Holy Spirit can do the same.

Jesus specifically tells me that when the Holy Spirit comes, He will convict us of our sins and seek to guide us into all the truth (John 16:8-15). So to think that we shouldn't be deeply convicted by sermons in church is to frustrate what the Holy Spirit seeks to do. This is a key function of the Holy Spirit. For myself, I welcome the convicting work of the Holy Spirit in my life now - because I want to be freed from the power of all sin while still on this earth.

### THE DIFFERENCE BETWEEN CONVICTION AND CONDMENATION

Now this point is very important. This is where I find we so often lose our way. I find that twisting the conviction of the Holy Spirit into condemnation is one of the devil's favorite tricks to derail Christians in their pursuit of Jesus.





Now the reason that the devil can work here is that the FEELINGS that accompany the conviction of the Holy Spirit are very similar to the FEELINGS of condemnation. There is a deep sorrow associated with both. There are also feelings of shame and guilt associated with both - of having done something wrong and being found out.

As Christians, God teaches us that we must NOT live by our feelings. A life that is driven by our feelings is bound to be constantly tossed about. The life of the spiritual Christian is one who places a low importance to feelings, and a high value on what God's Word says instead.

So, how do we recognize the difference between the conviction of the Holy Spirit and the condemnation of the devil? If the feelings are hard to differentiate between, how do I know whether I am under the conviction of the Holy Spirit or the condemnation of the devil?

This is how I have learned to know the difference:
The conviction of the Holy Spirit will ALWAYS lead you back to Jesus.
The condemnation of the devil will ALWAYS keep you away from Jesus.

I have found that the devil will always try to take the conviction of the Holy Spirit and twist it for me and make me feel condemned. Now to be clear, some preachers partner with the devil by preaching condemning and legalistic words. But the devil tries to mess with us even when we listen to preachers who are submitted to the Holy Spirit and who preach convicting words. We can choose to listen to the devil who tries to use the feelings that accompany the conviction of the Holy Spirit and make us feel condemned.

So what must we do?
First, we must acknowledge the feelings of sorrow and remorse that can overwhelm us. We must run away from them. But most importantly, we must be especially on our guard at such times to make sure that we return to Jesus, and remain close to Jesus.

I have found that the big problem in my sins is often not the sin itself, but that I then allow the condemnation and guilt from that sin to keep me separated from Jesus and not talking to Him for a while. That's the big problem. I allow the devil to twist the conviction of the Holy Spirit and make me feel condemned.

Now as I choose to listen to the voice of the Holy Spirit and return to Jesus, I find that He does not condemn me. Rather, when I return to Him, no matter in what condition, He ALWAYS tells me first of all that He loves me. He then tells me that He is my friend and cares for me more than I can imagine. Only then does He talk to me about my present condition.

So this is one foundational truth about being with Jesus Christ: There is NO condemnation for those who are in Christ Jesus (Romans 8:1). Now as far as I'm concerned, the English word "NO" is very plain. Jesus NEVER condemns you. That's simply not who He is. So if you're sitting ever feeling condemned, I can definitely tell you that you are NOT hanging out with Jesus. You may have thought all this while that it was a spiritual act to feel condemned, but that is not who Jesus is. That is the sly devil, masquerading as an angel of light.

So let us always be alert to differentiate between conviction and condemnation. I am not exaggerating when I say that discovering how to differentiate this has made a HUGE difference in my life. One the one hand, it has allowed me to stay open to the convicting words of the Holy Spirit. So this has allowed me to see so many new sins that I never knew had a deep hold of me. But even as I see the horror of these sins, I nonetheless choose to turn to Jesus even at such times. Even though I know I have disappointed Him, I choose to listen to the voice of the Holy Spirit that tells me that Jesus is still my Advocate (1 John 2:1), and He still sympathizes with my weaknesses (Hebrews 4:15). So I run boldly to the throne of grace even for mercy (Hebrews 4:16). And as I have done this, I have found that the Holy Spirit has been completely truthful to me. Jesus does sympathize with my weakness, He is my Advocate against the devil, and He freely offers me mercy when I return to Him with a genuine remorse.

So in conclusion, don't shy away from strong convicting words against sin. Don't quench the **convicting** actions of the Holy Spirit just because you experience the feelings similar to being condemned. The devil is behind all condemnation, so hold fast to the truth that there is absolutely no condemnation when you choose to be with Christ. So when you are convicted of sin, run immediately to Jesus at such times - and you'll discover that He never condemns, but eagerly desires to restore you back into a personal close relationship with Him.

(please mail your genuine doubts to: **sandeep@poonen.org**)

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)



**എഡിറ്റോറിയൽ ബോർഡ്**

ജോജി ടി. സാമുവൽ
ജോസ് മാത്യു
മാത്യു ജോർജ്
ജോബി ചെറിയാൻ
സാജു ജോസഫ്
മാനേജർ
ജെയ്സ് മാത്യു



**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :

**ജീവമൊഴികൾ**



കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള- 686 016,
ഫോൺ 0481 - 2392753,
9495234087, 9349518334

**വിദേശപ്രതിനിധികൾ**

U.S.A - Binoy James
Phone 512990-2808(R)/5128265028(O)
Email: benoyjames@hotmail.com
DUBAI - Shabu Kuruvilla
Phone: 050-7870839
E-mail: skuruvi@gmail.com


മൊഴിമുത്ത്

## നമ്മുടെ നാഥനെപ്പോലെ നാമും ...



ആദിമ ക്രിസ്ത്യാനികളുടെ വിശ്വാസത്തിലേക്കും ജീവിതത്തിലേക്കും മടങ്ങി വരുവാനാണ് ഇന്നു കർത്താവു നമ്മെ വിളിക്കുന്നത്. അന്യരുടെ ഭാരങ്ങൾക്ക് നമ്മുടെ നാഥനെപ്പോലെ നാമും ചുമൽ കാണിച്ചുകൊടുക്കണം. അവരുടെ മുറിവുകളെ കെട്ടി അവരുടെ വേദനകളെ ശമിപ്പിക്കാൻ ശ്രമിക്കണം. നാം പ്രതിഫലവും ദാനവും ആഗ്രഹിക്കരുത്. നാം ശുശ്രൂഷിപ്പാൻ ചെല്ലുമ്പോൾ അവർ നമ്മെ തൊഴിച്ചാൽ നാം നിശ്ശബ്ദം മടങ്ങിപ്പോയി അവരെ സേവിപ്പാൻ മറ്റൊരവസരത്തിനായി കാത്തിരിക്കും. അവർ ശപിച്ചാൽ നമ്മൾ അനുഗ്രഹിക്കും. കാരണം നമ്മുടെ രാജ്യം ഐഹികമല്ല.

സിസ്റ്റർ ഇവാ ഫ്രൈഡൻഷോട്ട്

## തക്കസമയത്തെ സഹായം




ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും... വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന്... (വെളിപ്പാ. 3:20)

# UNPREACHED MESSAGE

His name is Bill. He has wild hair, wear a T-Shirt with holes in it, jeans and no shoes. This was literally his wardrobe for his entire four years of college. He is brilliant. Kinda esoteric and very, very bright. He became a Christian While attending college.

Across the street from the campus is well-dressed, conservative church. They want to develop a ministry to the students, but are not sure how to go about it. One day Bill decides to go there. He walks in with no shoes, jeans, his T-Shirt, and wild hair. The service has already started and so Bill starts down the aisle looking for a seat.

The church is completely packed and he can't find a seat. by now people are looking a bit uncomfortable, but no one says anything. Bill gets closer, closer, and closer to the pulpit and when he realizes there are no seats, he just squats down right on the carpet. (Althought perfectly acceptable behavior at a collge fellowship, trust me, this had never happened in this church!) By now the people are really uptight, and the tension in the air is thick.

About this time, the minister realizes that from way at the back of the church, a deacon is slowly making his way toward Bill. Now the deacon is in eighties, has silver- gray hair, a three- piece suit, and a pocket watch. The deacon is a godly man, very elegant, very dignified, very courtly. He walks with a cane and as he starts walking toward this boy, everyone is saying to themselves, you can't blame him for what he's going to do. How can you expect a man of his age and of his background to understand some college kid on the floor?

It takes a long time for the man to reach the boy. The church is very silent except for the clicking of the man's cane. All eyes are focused on him. You can't even hear anyone breathing. The people are thinking, the minister can't even preach the sermon until the deacon does what he has to do. Then they watch, as this elderly deacon drops his cane on the floor. With great difficulty he lowers himself and sits down next to Bill to worship with him so he won't be alone. Everyone chokes up with emotion. The minister gains control and says: "What I'm about to preach, you won't remember. What you just saw, you will never forget."

## *Just a minute*

മാനസാന്തരപ്പെടുന്ന ഒരു പാപിയെ ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും. *(ലൂക്കോ. 15:7)*

*Pheba Cleetus*

